കേരള സർക്കാർ

സംസ്ഥാന ഓഡിറ്റ് വകുപ്പ്
www.lfa.kerala.gov.in

# എറണാകുളം ജില്ലാ പഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട് 2017-18

സംസ്ഥാനഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് ഓഫീസ്, എറണാകുളം
e-mail:lfadekm@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെഎസ്എ-ഇകെഎം(ഡി.പി))351/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട്-68203
ഫോൺ : 0484 2422271
ഇ മെയിൽ : doekm.ksad@kerala.gov.in

**തീയതി : 29.03.2019**

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ്,
എറണാകുളം ജില്ലാപഞ്ചായത്ത്(സെക്രട്ടറി മുഖാന്തിരം)

സർ,

വിഷയം :- എറണാകുളം ജില്ലാ പഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എറണാകുളം ജില്ലാ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ജില്ലാ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ജില്ലാ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, കാണുക)

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ് :
1)ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് , തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)സെക്രട്ടറി,തദ്ദേശ സ്വയം ഭരണ വകുപ്പ്,തിരുവനന്തപുരം(ഉപരിപത്രം സഹിതം)
3)ഓഫീസ് കോപ്പി.

നം.കെഎസ്എ-ഇകെഎം(ഡി.പി))351/2019 **തീയതി : 29.03.2019**

## എറണാകുളം ജില്ലാ പഞ്ചായത്തിന്റെ2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

എറണാകുളം ജില്ലാ പഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി 01.04.2017 മുതൽ 31.03.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ പരിശോധിച്ചിട്ടുണ്ട്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റ് സമയത്ത് 61 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്ക് നൽകിയ മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ എറണാകുളം ജില്ലാ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | മിനിമോൾ കെ.ജി., ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 15.02.2019മുതൽ 8.03.2019 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

| പേര് | ഉദ്യോഗപ്പേര് |
|---|---|
| ശ്രീ.ടി.ഐ.അബ്ദുൾ സലാം | ഓഡിറ്റ് ഓഫീസർ ( ഹയർ ഗ്രേഡ് ) |
| ശ്രീ.മൈക്കിൾ.കെ.എ | ഓഡിറ്റ് ഓഫീസർ ( ഹയർ ഗ്രേഡ് ) |
| ശ്രീ.സുരേഷ്.എസ് | ഓഡിറ്റ് ഓഫീസർ |
| ശ്രീ.ജിനിൽ റോയ്.ഡി | ഓഡിറ്റ് ഓഫീസർ |
| ശ്രീ.പോളി ടി.ഒ | ഓഡിറ്റ് ഓഫീസർ |
| ശ്രീ രതീഷ്.സി.ആർ | ഓഡിറ്റ് ഓഫീസർ |
| ശ്രീ വിനീത്.ആർ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ അജിമോൻ.പി.പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി ജോമോൾ.എം.ജോണി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ എം.എസ് ഗോപകുമാർ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ ശ്രീജിത്ത്.സി.ഡി | സീനിയർ ഗ്രേഡ് ഓഡിറ്റർ |

### (ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി ആശ സനിൽ | 01.04.2017 മുതൽ 31.03.2018 വരെ |
| വൈസ് പ്രസിഡന്റ് | അഡ്വ ബി എ അബ്ദുൽ മുത്തലിബ് | 01.04.2017 മുതൽ 31.03.2018 വരെ |
| സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർ പേഴ്സൺസ് | | |

| | | |
|---|---|---|
| വികസന കാര്യം | ശ്രീമതി ഡോളി കുര്യാക്കോസ് | 01.04.2017 മുതൽ 31.03.18 വരെ |
| ക്ഷേമകാര്യം | ശ്രീമതി ഷൈല പി എസ് | 01.04.2017 മുതൽ 31.03.2018 വരെ |
| വിദ്യാഭ്യാസം & ആരോഗ്യകാര്യം | ശ്രീമതി ജാൻസി ജെയിംസ് | 01.04.2017 മുതൽ 31.03.2018 വരെ |
| പൊതുമരാമത്ത് | ശ്രീ സി കെ അയ്യപ്പൻ കുട്ടി | 01.04.2017 മുതൽ 31.03.2018 വരെ |

**നിർവ്വഹണ ഉദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീ കെ കെ അബ്ദുൽ റഷീദ് | 01.04.2017 മുതൽ 31.03.2018 വരെ |
| എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീമതി വി ഡി ജലജാമണി | 01.04.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീമതി ആബിദ ബീഗം | 01.04.2017 മുതൽ 31.03.2018 വരെ |
| ഡെപ്യൂട്ടി ഡയറക്ടർ (കൃഷി) | ശ്രീ ജോൺസൺ ജോസഫ് | 01.04.2017 മുതൽ 02.01.2018 വരെ |
| | ശ്രീമതി മറിയം ജേക്കബ്ബ് | 03.01.2018 മുതൽ 31.03.2018 വരെ |
| ഡെപ്യൂട്ടി ഡയറക്ടർ(മൃഗസംരക്ഷണം) | ഡോ.ജി.ജയചന്ദ്ര കമ്മത്ത് | 01.04.2017 മുതൽ 30.10.2017 വരെ |
| | ഡോ.ഉമ്മുക്കുൽസു | 31.10.2017 മുതൽ 31.03.2018 വരെ |
| ഡെപ്യൂട്ടി ഡയറക്ടർ (പൊതുവിദ്യാഭ്യാസം) | ശ്രീ സി എ സന്തോഷ് | 01.04.2017 മുതൽ 31.03.2018 വരെ |
| പ്രോഗ്രാം ഓഫീസർ,സാമൂഹ്യ വെൽഫെയർ | ശ്രീമതി ജെ മഹാലക്ഷ്മി | 01.04.2017 മുതൽ 31.03.2018 വരെ |
| ഖാദി വില്ലേജ് ആൻഡ് ഇൻഡസ്ട്രീസ് | ശ്രീമതി കെ കെ ചാന്ദ്നി | 01.04.2017 മുതൽ 31.03.2018 വരെ |
| ഡെപ്യൂട്ടി ഡയറക്ടർ ( മത്സ്യ ബന്ധനം ) | എസ് മഹേഷ് | 01.04.2017 മുതൽ 31.03.2018 വരെ |
| ഡെപ്യൂട്ടി ഡയറക്ടർ(ക്ഷീരവികസനം) | ശ്രീ ജോസ് ജേക്കബ് | 01.04.2017 മുതൽ 31.03.2018 വരെ |
| ജില്ലാ സാമൂഹ്യ നീതി ഓഫീസർ | ശ്രീമതി പ്രീതി വിൽസൺ | 01.04.2017 മുതൽ 31.03.2018 വരെ |
| ജില്ലാ പട്ടികവർഗ്ഗ വികസന ഓഫീസർ | ശ്രീമതി ശോഭന കുമാരി | 01.04.2017മുതൽ 30.06.2017 വരെ |
| | ശ്രീ ജി അനിൽ കുമാർ | 01.07.2017മുതൽ 31.03.2018വരെ |
| ജില്ലാ പട്ടികജാതി വികസന ഓഫീസർ | ശ്രീ അബ്ദുൾ സത്താർ | 01.04.2017 മുതൽ 29.07.2017 വരെ |
| | ശ്രീ ജോസഫ് ജോൺ | 30.07.2017 മുതൽ 31.03.2018 വരെ |
| സൂപ്രണ്ട്,ജില്ലാ ആശുപത്രി (അലോപ്പതി) | ഡോ അനിൽ കുമാർ | 01.04.2017 മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| സൂപ്രണ്ട്, ജില്ലാ ആശുപത്രി(ആയുർവേദം) | ഡോ സജീവ് കുമാർ | 01.04.2017 മുതൽ 31.03.2018 വരെ |
| സൂപ്രണ്ട്, ജില്ലാ ആശുപത്രി(ഹോമിയോ) | ഡോ ടി വി സോമസുന്ദരി | 01.04.2017മുതൽ 11.07.2017വരെ |
| | ഡോ ബോബൻ | 12.07.2017മുതൽ 31.03.2018വരെ |
| പ്രോജക്ട് ഓഫീസർ, ദാരിദ്ര ലഘൂകരണ യൂണിറ്റ് | ശ്രീ ബിനു പി തോമസ് | 01.04.2017മുതൽ 24.07.2017വരെ |
| | ശ്രീ കെ ജി തിലകൻ | 25.07.2017മുതൽ 31.03.2018വരെ |
| സൂപ്രണ്ട്,ജില്ലാകൃഷി തോട്ടം,നേര്യമംഗലം | ശ്രീ സജി | 01.04.2017മുതൽ 31.10.2017 വരെ |
| | ശ്രീ തോമസ് സാമുവൽ | 01.11.2017മുതൽ 31.03.2018 വരെ |
| സൂപ്രണ്ട്,വിത്തുൽപ്പാദന കേന്ദ്രം, ഒക്കൽ | ശ്രീ സജി ആന്റണി | 01.11.2017മുതൽ 31.03.2018 വരെ |
| സൂപ്രണ്ട്,വിത്തുൽപ്പാദന കേന്ദ്രം, ആലുവ | ശ്രീ അജി ജോൺ | 01.04.2017മുതൽ 31.08.2017 വരെ |
| | ശ്രീ ജോണി ജോസ് | 01.09.2017മുതൽ 30.11.2017 വരെ |
| | ശ്രീമതി ലിസ്സി മോൾ | 01.12.2017മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) | ശ്രീമതി എൽ ഷൈലജ | 01.04.2017മുതൽ 31.03.2018വരെ |

**ഉള്ളടക്കം**


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം(R&P പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം 2 | |

| | | |
|---|---|---|
| 13 | ക്ഷേമനിധി വിഹിതം- കളക്ഷൻ ചാർജ്ജ് ഈടാക്കുന്നില്ല. | 2-1 |
| 14 | നേര്യമംഗലം ജില്ലാ കൃഷി തോട്ടം - ക്യാഷ് ബുക്ക് പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ | 2-2 |
| 15 | റോഡ് കട്ടിംഗ് ചാർജ് ഈടാക്കിയതിൽ 1581840/-രൂപയുടെ കുറവ്. | 2-3 |
| | ഭാഗം 3 | |
| 16 | കാർഷിക യന്ത്രവൽക്കരണം - നിർവ്വഹണത്തിലെ അപാകതകൾ | 3-1 |
| 17 | ആദായനികുതി ഈടാക്കിയതിൽ കുറവ്. | 3-2 |
| 18 | സ്റ്റേഡിയത്തിന് സ്ഥലം വാങ്ങൽ- മുളന്തുരുത്തി സംയുക്തം (എസ്0637/18)-പ്രോജക്ട് നടത്തിപ്പിലെ അപാകതൾ | 3-3 |
| 19 | ദിവസക്കൂലി അധികതുക നൽകി | 3-4 |
| 20 | 'കില' പഠനയാത്ര - അധികച്ചെലവ് | 3-5 |
| 21 | നൂൽ നൂൽപ്പ് കേന്ദ്രങ്ങളിൽ തൊഴിൽ ദായക പദ്ധതി - അംഗീകൃത ഗുണഭോക്തൃലിസ്റ്റിന്റെ അഭാവവും മറ്റ് അപാകതകളും | 3-6 |
| 22 | ലൈഫ് ഭവനപദ്ധതി - വിനിയോഗ വിവരം ലഭ്യമല്ല | 3-7 |
| 23 | അങ്കണവാടികൾക്ക് സ്ഥലം വാങ്ങൽ- അപാകതകൾ | 3-8 |
| 24 | എസ്.സി.കുട്ടികൾക്ക് വിദേശത്ത് ഉപരിപഠനം-അപാകതകൾ | 3-9 |
| 25 | പി.എം.എ.വൈ.ഭവനപദ്ധതി - വിനിയോഗ വിവരം ലഭ്യമല്ല | 3-10 |
| 26 | ചെലവുരേഖകൾ ലഭ്യമാക്കിയില്ല-തുക തടസ്സപ്പെടുത്തുന്നു | 3-11 |
| 27 | സബ്സിഡി മാർഗ്ഗരേഖ ലംഘിച്ച് മെഡിക്കൽ ക്യാമ്പുകൾ നടത്തി ഔഷധകിറ്റുകൾ വിതരണം ചെയ്തു - ഔഷധകിറ്റിൽ രോഗപ്രതിരോധ മരുന്നു വിഭാഗത്തിൽ ഉൾപ്പെടാത്ത ഇനവും നൽകി | 3-12 |
| 28 | സ്മാർട്ട് ക്ലാസ് റൂം പദ്ധതി - 11 ക്ലാസ് മുറികൾ പൂർത്തിയാക്കിയിട്ടില്ല. | 3-13 |
| 29 | ഹൈഡ്രോളിക് എക്സ്കവേറ്റർ വാങ്ങൽ - നിർവ്വഹണത്തിലെ അപാകതകൾ | 3-14 |
| 30 | ഗ്രാമപഞ്ചായത്തുകളിലെ ആധുനിക ശ്മശാന നിർമ്മാണം-സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല | 3-15 |

| | | |
|---|---|---|
| 31 | രേഖകൾ ഹാജരാക്കിയില്ല – ചെലവ് തടസ്സപ്പെടുത്തുന്നു | 3-16 |
| 32 | സിന്തറ്റിക് ടെന്നീസ് കോർട്ട് -തുക നൽകിയിട്ടും പദ്ധതി നടപ്പിലായില്ല | 3-17 |
| 33 | ആലുവ ജില്ലാ ആശുപത്രി - ഏക വർഷ പ്രൊജക്ടുകൾ അനാവശ്യമായി സ്പിൽ ഓവറാകുന്നു | 3-18 |
| 34 | സംയുക്ത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാകുന്നില്ല-സർക്കാർ ഫണ്ട് നിഷ്ക്രിയ ഡെപ്പോസിറ്റായി തുടരുന്നു. | 3-19 |
| 35 | സംയുക്ത പ്രൊജക്ടുകൾക്കായി ലഭിച്ച തുക നിഷ്ക്രിയ നിക്ഷേപമായി തുടരുന്നു | 3-20 |
| 36 | കുഴൽ കിണർ നിർമ്മാണം-പ്രോജക്ട് ലക്ഷ്യം കണ്ടില്ല. | 3-21 |
| 37 | 80 ശതമാനം അഡ്വാൻസ് നൽകിയിട്ടും ഫർണ്ണിച്ചർ ലഭ്യമായില്ല. | 3-22 |
| 38 | നേര്യമംഗലം ഫാമിൽ ചെക്ക് ഡാം നിർമ്മാണം - പഠനറിപ്പോർട്ട് ഉപയോഗപ്രദമല്ല | 3-23 |
| 39 | എച്ച്.ഐ.വി.ബാധിധർക്ക് പോഷകാഹാരവിതരണം - സ്റ്റോക്ക് രേഖപ്പെടുത്തുന്നില്ല | 3-24 |
| 40 | നേര്യമംഗലം ജില്ലാ കൃഷിത്തോട്ടത്തിലെ അടിസ്ഥാന സൗകര്യ വികസനം- പദ്ധതി ആസൂത്രണത്തിലെയും, മോണിറ്ററിങ്ങിലെയും അപാകതകൾ | 3-25 |
| 41 | സൈഡ് വീലോട്ടുകൂടിയ സ്കൂട്ടർ വിതരണം - രേഖകൾ ലഭ്യമല്ല. | 3-26 |
| 42 | മരാമത്ത് പ്രവൃത്തി - പൊളിച്ചുനീക്കിയ ഉപയോഗയോഗ്യമായ വസ്തുക്കളുടെ പുനരുപയോഗം ഉറപ്പാക്കുന്നില്ല | 3-27 |
| 43 | എസ്റ്റിമേറ്റ് തുകയേക്കാളും 9.95%കൂടിയ നിരക്ക് - 0.5% കുറവ് എന്ന് രേഖപ്പെടുത്തി ടെണ്ടർ അംഗീകരിച്ചു | 3-28 |
| 44 | മണീട് സ്കൂളിന് സ്പോർട്സ് ഉപകരണം വാങ്ങൽ | 3-29 |
| 45 | മാമലശ്ശേരി സ്കൂൾ ആഡിറ്റോറിയം (രാമമംഗലം ഗ്രാമ പഞ്ചായത്ത് ) -നിർമ്മാണം - അപാകതകൾ | 3-30 |
| 46 | കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012 സെക്ഷൻ 2112 ലംഘിച്ച് | 3-31 |

| | | |
|---|---|---|
| | പൂർത്തീകരണ കാലാവധി 100% ദീർഘിപ്പിച്ച നൽകി. | |
| 47 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് - ധനവിനിയോഗ രേഖകൾ ലഭ്യമല്ല | 3-32 |
| 48 | കാന നിർമ്മാണം -തെറ്റായി അളവ് രേഖപ്പെടുത്തിയത് മൂലം അധികം തുക നൽകി | 3-33 |
| 49 | അധിക അളവ് പ്രവൃത്തിക്ക് ടെണ്ടർ നിരക്കിനേക്കാൾ ഉയർന്ന നിരക്ക് അനുവദിച്ചു | 3-34 |
| 50 | ആധുനിക ശ്മശാനം അപാകതകൾ | 3-35 |
| 51 | ജി.എച്ച്.എസ്.എസ്. പഴന്തോട്ടം - സെറാമിക് ടൈൽ പാകിയതിന് അധിക നിരക്ക് നൽകി | 3-36 |
| 52 | കരാർ പ്രകാരം അംഗീകരിച്ചതിലും അധികം അളവ് പ്രവൃത്തിക്ക് തുക നല്കി- 6898/- രൂപ തിരികെ ഈടാക്കണം | 3-37 |
| 53 | എസ്റ്റിമേറ്റ് റിപ്പോർട്ടിൽ നിന്നും വ്യതിചലിച്ച് എസ്റ്റിമേറ്റിൽ മറ്റൊരു ഇനം ഉൾപ്പെടുത്തിയത് അധികച്ചെലവിനിടയാക്കി | 3-38 |
| 54 | അങ്കണവാടി ശീതീകരണം -പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-39 |
| 55 | ഒലിയൻകുന്ന -SC കോളനി റോഡ് മെയിന്റനൻസ് -അപാകതകൾ | 3-40 |
| 56 | കാലിബാരലിന്റെ വില ബില്ലിൽ കുറച്ചിട്ടില്ല - 38,556/-രൂപ തിരികെ ഈടാക്കേണ്ടതാണ്. | 3-41 |
| 57 | എല്ലുവിച്ചിറ കോളനി സൈഡ് ഭിത്തി സംരക്ഷണം-ആവോലി ഗ്രാമപഞ്ചായത്ത്-അപാകതകൾ | 3-42 |
| 58 | ഉടുമ്പൻ തണ്ട് കുടിവെള്ള പദ്ധതി പൂർത്തീകരണം - അപാകതകൾ | 3-43 |
| 59 | റോഡ് സംരക്ഷണത്തിനായുള്ള പ്രോജക്ടിന് വകയിരുത്തിയ തുക വിവിധ എസ്.സി കുടുംബങ്ങൾക്ക് പ്രത്യേകം ചുറ്റമതിൽ കെട്ടി നൽകുന്നതിന് ചെലവഴിച്ചു. | 3-44 |
| 60 | സോളിഡ് ബ്ളോക്ക് ഉപയോഗിച്ചുള്ള ഭിത്തി നിർമ്മാണം- ഭിത്തിയുടെ ഭാഗമായി വരുന്ന കോളത്തിന്റെ അളവ് കുറവു ചെയ്യാതെ തുക അനുവദിച്ചു | 3-45 |
| 61 | ടാറിംഗ് പ്രവൃത്തി - സ്പെസിഫിക്കേഷൻ അനുവദിക്കുന്നത് അപാകത | 3-46 |

| | | |
|---|---|---|
| 62 | കരിങ്കല്ല് ഉപയോഗിച്ച് സംരക്ഷണഭിത്തി നിർമ്മിച്ചത് അധിക നിരക്ക് നൽകി | 3-47 |
| 63 | ഭിത്തി നിർമാണം - 30x20x15 വലുപ്പത്തിലുള്ള സോളിഡ് ബ്രിക്സ് ഉപയോഗിച്ച് 20 സെ.മി കനത്തിൽ ഭിത്തി നിർമിക്കുന്നത് – അപാകത | 3-48 |
| 64 | ഒരേ ഇനത്തിലുള്ള ടൈൽ വിരിക്കുന്നതിന് വ്യത്യസ്ത നിരക്കുകൾ നൽകി | 3-49 |
| 65 | എസ്റ്റിമേറ്റിനേക്കാൾ വളരെ അധികം അളവിൽ കമ്പി ഉപയോഗിച്ചത് - എം ബുക്ക് ഹാജരാക്കിയില്ല | 3-50 |
| 66 | ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി - എസ്റ്റിമേറ്റ് റിവൈസ് ചെയ്ത കാരണം വ്യക്തമല്ല | 3-51 |
| 67 | വലിയ കുളം വാട്ടർ റീച്ച് പ്രൊജക്ട് - അപാകതകൾ | 3-52 |
| 68 | മൾട്ടി സ്പെഷ്യാലിറ്റി വെറ്ററിനറി ആശുപത്രി-1.98 കോടി രൂപ അക്കൗണ്ടിൽ ഉണ്ടായിട്ടും പദ്ധതി പ്രവർത്തനം ആരംഭിച്ചിട്ടില്ല. | 3-53 |
| 69 | അങ്കണവാടികൾക്ക് സ്ഥലം വാങ്ങൽ-പദ്ധതി ആസൂത്രണത്തിലെ അപാകതകൾ മൂലം ലക്ഷ്യം കൈവരിക്കാനായില്ല | 3-54 |
| | ഭാഗം 4 | |
| 70 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 71 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 72 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 73 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 74 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 75 | ഓഡിറ്റ് റിക്കവറി | 4-6 |
| 76 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 77 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 78 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 79 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| 80 | ഓഡിറ്റ് സർട്ടിഫിക്കറ്റ് (2017-18) | അനുബന്ധം1 |
| 81 | ബാലൻസ് ഷീറ്റ് (2017-18) | അനുബന്ധം2 |
| 82 | റസീപ്റ്റ് ആൻഡ് പേയ്മെന്റ് (2017-18) | അനുബന്ധം3 |

| | | |
|---|---|---|
| 83 | ഇൻകം ആൻഡ് എക്സ് പെന്റിച്ചർ (2017-18) | അനുബന്ധം4 |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ജില്ലാ പഞ്ചായത്തിന്റെ ബജറ്റ് 17.03.2017 തീയതിയിലെ 1/1 നം.തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 21.03.2018 തീയതിയിലെ 1(1) നം.തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യ പത്രിക

| അക്കൌണ്ട്സ് ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2018 | 23.06.2018 |

## 1-3 വാർഷിക കണക്കുകൾ പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരങ്ങൾ

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2017-18 | 30.08.2018 | KSA-EKM(P.G)1864/18/04.10.18 |

(ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ്, ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | രൂ. 17,91,18,213 |
| വരവ് | രൂ. 105,66,15,776 |
| ആകെ | രൂ. 123,57,33,989 |
| ചെലവ് | രൂ. 101,03,20,593 |
| നീക്കിയിരിപ്പ് | രൂ. 22,54,13,396 |

## 1-5 ഫണ്ട് വിനിയോഗം

ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻ | ACR | ആകെ | ചെലവ് | നീക്കി | ചെലവഴി |
|---|---|---|---|---|---|---|

| | ബാക്കി | പ്രകാരം വരവ് തുക | | തുക | ബാക്കി (RP40B) | ക്കാതെ പോയ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 422752190 | 422752190 | 354281,741 | 0 | 68470449 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 161371999 | 161371999 | 116907975 | 0 | 44464024 |
| വികസന ഫണ്ട് (ടി.എസ്. പി) | 0 | 7125000 | 7125000 | 7125000 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 511860950 | 511860950 | 334764419 | 0 | 177096531 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 82000664 | 82000664 | 75382340 | 0 | 6618324 |
| എസ്.ബി.ടി, തനത് ഫണ്ട് | 722848 | 8719558 | 9442406 | 8034726 | 1407680 | 0 |
| യു.ബി.ഐ (എസ്.എസ്.എ) | 830061 | 32146 | 862207 | 0 | 862207 | 0 |
| ഐ.ഡി. ബി.ഐ (ഹഡ്കോ ബാലൻസ് ) | 245168 | 9321 | 254489 | 0 | 254489 | 0 |
| ഇ.ഡി.സി.ബി, തൃക്കാക്കര | 23518 | 0 | 23518 | 0 | 23518 | 0 |
| ട്രഷറി, സ്പെഷ്യൽ ടി.എസ്. ബി.ജോയിന്റ് വെഞ്ചർ | 3750000 | 0 | 3750000 | 3375000 | 375000 | 0 |
| ട്രഷറി, ടി.എസ്.ബി | 173546618 | 90024803 | 263571421 | 41297233 | 222274188 | 0 |
| ആർ എം എസ് എ | 26379819 | 16778000 | 43157819 | 10356443 | 32807376 | |

ട്രഷറി,ടി.എസ്.ബി അക്കൌണ്ടിൽ ജനറൽ പർപ്പസ് ഫണ്ട് കൂടാതെ കൂടാതെ ചുവടെ ചേർത്തിരിക്കുന്ന ഇനങ്ങൾ കൂടി ഉൾപ്പെടുന്നു.

1. രാഷ്ട്രീയ മാദ്ധ്യമിക് ശിക്ഷ അഭിയാൻ- 3,28,01,376
2. കരാറുകാർക്കുള്ള റിടെൻഷൻ തുക- 4,61,19,863
3. തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്ന് ലഭ്യമായ തുക- 3,39,28,425
4. ജില്ലാ കൃഷി തോട്ടം,നേര്യമംഗലം ( വരവ് ) – 7,59,24,495
5. മറ്റ് ഡെപ്പോസിറ്റുകൾ,ലയബിലിറ്റികൾ – 33,07,457

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 1,167 | 163,42,05,588 | 721 | 93,52,45,630 | 7 | 439 | 62.38 |

# 1-7 തൊഴിലുറപ്പ് പദ്ധതി

ഇല്ല

# 1-8 ക്ഷേമ പദ്ധതികൾ

ഇല്ല

# 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06/03/2019, 3 pm ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 8900/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണവുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ഈ കാര്യാലയത്തിൽ നിന്നും 17.04.2018 ലെ കെ.എസ്.എ-ഇ.കെ.എം ( ഡി.പി ) 634/18 പ്രകാരം പുറത്തിറക്കിയ ജില്ലാ പഞ്ചായത്തിന്റെ 2017-18 ഇടക്കാല ഓഡിറ്റ് റിപ്പോർട്ടിന്റെ ഭാഗമായി ( ഖ-1-1 മുതൽ ഖ-1-10 വരെ ) ചേർത്തിട്ടുണ്ട്.ആയത് ചുവടെ ചേർക്കുന്നു.

**1.ആസൂത്രണ സമിതി രൂപീകരണവും പ്രവർത്തനങ്ങളും.**

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അധ്യക്ഷനായും ജില്ലാ പഞ്ചായത്ത് സെക്രട്ടറി കൺവീനറായും 03.02.2017 ൽ ആസൂത്രണ സമിതി രൂപീകരിച്ചിട്ടുണ്ട്. ആസൂത്രണ സമിതിയിൽ 12 അംഗങ്ങളാകാം എന്നുണ്ടെങ്കിലും 7 അംഗങ്ങളുടെ ലിസ്റ്റ് ആണ് ജില്ലാപഞ്ചായത്ത് ഫയലിൽ ഉള്ളത്. ആസൂത്രണ സമിതി അംഗങ്ങളുടെ ഫോറം-1 ലുള്ള ലിസ്റ്റും നടപടി ഉത്തരവും ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറി-2 മുഖാന്തിരം ആവശ്യപ്പെട്ടെങ്കിലും ആയത് ഹാജരാക്കിയില്ല. ലഭ്യമാക്കിയ ഫയലിൽ നിന്നും ആസൂത്രണസമിതിയുടെ ഒരു യോഗത്തിന്റെ മിനിറ്റ്സ് മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. പ്രദേശത്തിന്റെ വികസനം സംബന്ധിച്ച് ആരോഗ്യകരമായ സംവാദങ്ങൾ പ്രോത്സാഹിപ്പിക്കുക, ഭരണസമിതി, വർക്കിംഗ് ഗ്രൂപ്പ് എന്നിവരെ സഹായിക്കുക, അധിക വിഭവസമാഹരണ സാധ്യതകൾ കണ്ടെത്തുക, പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നതിൽ ഏകോപനം ഉറപ്പുവരുത്തുക, പദ്ധതി ആസൂത്രണത്തിന് അനുയോജ്യമായ പഠനം നടത്തുക തുടങ്ങിയവയാണ് ആസൂത്രണ സമിതിയുടെ പ്രധാന ചുമതലകൾ. മേൽ ചുമതലകളൊന്നും പഞ്ചവത്സരപദ്ധതികളുടെ ആദ്യവർഷത്തിൽ ആസൂത്രണസമിതി നിർവ്വഹിച്ചതായി യാതൊരു രേഖകളിലും കാണുന്നില്ല. ഇത്തരത്തിൽ ആസൂത്രണ സമിതി നടത്തിയ പ്രവർത്തനങ്ങളുടെ രേഖകൾ ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറി നം.2, തീയതി 12.02.2018 പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയില്ല. സർക്കാർ നിർദ്ദേശം സാങ്കേതികമായി നടപ്പിലാക്കുക മാത്രമാണ് ജില്ലാ പഞ്ചായത്ത് ചെയ്തത്.

**2. വർക്കിംഗ് ഗ്രൂപ്പിന്റെ രൂപീകരണവും പ്രവർത്തനങ്ങളും**

എറണാകുളം ജില്ലാപഞ്ചായത്തിൽ 14 വർക്കിംഗ് ഗ്രൂപ്പുകളാണ് ഉള്ളത്. ഓരോ വർക്കിംഗ് ഗ്രൂപ്പിലും ഉള്ള അംഗങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു.

1) ദാരിദ്ര്യലഘൂകരണം - 21

2) സാമൂഹ്യനീതി - 19

3) മൃഗസംരക്ഷണം, ക്ഷീരവികസനം - 17

4) പട്ടികവർഗ്ഗവികസനം - 12

5) മത്സ്യബന്ധനം, കൃഷി - 13

6) പൊതുഭരണം, ധനകാര്യം - 20

7) പ്രാദേശിക സാമ്പത്തിക വികസനം - 21

8) കുടിവെള്ളം, ശുചിത്വം - 12.

9) വനിതാ വികസനം - 19

10) ആരോഗ്യം - 21

11) വിദ്യാഭ്യാസം, കല, സംസ്കാരം, യുവജനകാര്യം - 18

12) പൊതുമരാമത്ത് - 21

13) പാർപ്പിടം - 16

14) പട്ടികജാതി വികസനം - 22

മേൽ ഉത്തരവിലെ നിർദ്ദേശപ്രകാരം ഫോറം - 2 ൽ ഭരണസമിതി അംഗീകരിച്ച വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടെ വിവരങ്ങൾ ജില്ലാപഞ്ചായത്ത് ഉത്തരവായി പുറപ്പെടുവിക്കേണ്ടതായിരുന്നു. എന്നാൽ ഇത്തരത്തിലുള്ള ഒരു ഉത്തരവോ ഫോറം-2 ലെ വിവരങ്ങളോ ഓഡിറ്റ് എൻക്വയറി നം.2 പ്രകാരം നൽകാൻ ആവശ്യപ്പെട്ടിട്ടും ലഭ്യമാക്കിയില്ല. ജില്ലാ പഞ്ചായത്തിന്റെ ഫയലിൽ രേഖപ്പെടുത്തിയ വിവരങ്ങളാണ് മുകളിൽ സൂചിപ്പിച്ചത്. സർക്കാർ ഉത്തരവനുസരിച്ച് ബന്ധപ്പെട്ട വിഷയമേഖലയിലെ ഒരു വിദഗ്ധൻ വർക്കിംഗ് ഗ്രൂപ്പ് ഉപാദ്ധ്യക്ഷൻ ആയിരിക്കേണ്ടതാണ്. ലഭ്യമായ വിവരത്തിൽ ഉപാദ്ധ്യക്ഷൻ ആരാണെന്ന് രേഖപ്പെടുത്തിയിട്ടില്ല. മേൽ ലിസ്റ്റ് അനുസരിച്ച് 252 വ്യക്തികളാണ് വർക്കിംഗ് ഗ്രൂപ്പുകളിൽ ഉള്ളത്. എന്നാൽ വിദ്യാഭ്യാസ യോഗ്യത, വൈദഗ്ധ്യമുള്ള മേഖല എന്നിവയെ സംബന്ധിച്ച് 100 ൽ താഴെ വ്യക്തികളുടെ വിവരങ്ങൾ മാത്രമേ ഉള്ളൂ. മറ്റുള്ളവരുടെ പേരും വിലാസവും മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ.

വർക്കിംഗ് ഗ്രൂപ്പുകളാണ് തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതി പ്രവർത്തനങ്ങളുടെ ആസൂത്രണ കാലം മുതൽ മോണിട്ടറിംഗ് വരെയുള്ള കാലഘട്ടത്തിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. ആ അർത്ഥത്തിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തന മികവ്/പരാജയം തദ്ദേശഭരണ സ്ഥാപനത്തിനെ നേരിട്ട് ബാധിക്കുന്ന ഒന്നാണ്. പൊതുജന പങ്കാളിത്തം ഉറപ്പ് വരുത്തുക, നവമാദ്ധ്യമങ്ങളുടെ സാധ്യത ഉറപ്പ് വരുത്തുക എന്നിവയിൽ തുടങ്ങി സ്റ്റേക് ഹോൾഡർമാർ, ബാങ്കുകൾ എന്നിവരുമായി കൂടിയാലോചനകൾ നടത്തൽ, ഗ്രാമസഭ, വികസന സെമിനാർ എന്നിവക്ക് നേതൃത്വം നൽകൽ, നിർവ്വഹണ കാലത്ത് കൃത്യമായ ഇടവേളകളിൽ മോണിട്ടറിംഗ് നടത്തൽ തുടങ്ങിയ പ്രത്യക്ഷ ഇടപെടലുകളോടൊപ്പം ആസൂത്രണത്തെ സഹായിക്കുന്ന വിവരാടിത്തറ ഒരുക്കൽ, ഡാറ്റാ ക്രോഡീകരണം, അപഗ്രഥനം, കഴിഞ്ഞ 20 വർഷത്തെയെങ്കിലും പദ്ധതി വിലയിരുത്തി നേട്ടങ്ങൾ, കോട്ടങ്ങൾ എന്നിവ കണ്ടെത്തൽ, പ്രശ്നപരിഹാര നിർദ്ദേശങ്ങൾ നൽകൽ തുടങ്ങി അതിവിപുലമായ ചുമതലകളാണ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് ജനകീയാസൂത്രണത്തിൽ ഉള്ളത്. ആയതിനാൽ തന്നെ അതിന് വേണ്ടുന്ന സമയവും സാഹചര്യവും മനസ്സും ഉള്ള വ്യക്തികളാവണം വർക്കിംഗ് ഗ്രൂപ്പുകളിൽ വരേണ്ടതെന്ന് സുവ്യക്തമാണ്. ഈ സാഹചര്യത്തിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം ഏറ്റവും ശ്രദ്ധയോടെ

പരിശോധിക്കേണ്ട വിഷയമായി ഓഡിറ്റ് കരുതുന്നു. ഓഡിറ്റ് എൻക്വയറി നം. 2 പ്രകാരം വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗങ്ങളുടെ മിനിട്സ്, വർക്കിംഗ് ഗ്രൂപ്പുകളുടെ കീഴിൽ ഉപസമിതികൾ രൂപീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം തുടങ്ങി അടിസ്ഥാനപരമായ രേഖകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടെങ്കിലും പദ്ധതി ആസൂത്രണ ജനറൽ ഫയൽ അല്ലാതെ മറ്റൊന്നും ഹാജരാക്കിയില്ല. പ്രസ്തുത ഫയൽ അനുസരിച്ച് വർക്കിംഗ് ഗ്രൂപ്പുകളുടെ ഒരേ ഒരു യോഗമാണ് ചേർന്നത്. വർക്കിംഗ് ഗ്രൂപ്പുകളിൽ നിന്നും ഉയർന്ന ബഹുഭൂരിപക്ഷം നിർദ്ദേശങ്ങളിലും കൃത്യതക്ക് പകരം പൊതു സ്വഭാവമാണ് ഉണ്ടായിരുന്നത്. ഉദാഹരണമായി പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിൽ നിന്നുയർന്ന നിർദ്ദേശങ്ങൾ - "റോഡുകളുടെ ശോചനീയ അവസ്ഥ പരിഹരിക്കണം, ഗുണമേൻമയുള്ള റോഡ് നിർമ്മാണം, ടൈൽ പാകുന്നത് പ്രോത്സാഹിപ്പിക്കണം" തുടങ്ങിയവയാണ്. കുടിവെള്ള വർക്കിംഗ് ഗ്രൂപ്പിലെ നിർദ്ദേശം - "കുടിവെള്ള വിതരണ സംവിധാനം മെച്ചപ്പെടുത്തുക" എന്നതാണ്. ആരോഗ്യം, മൃഗസംരക്ഷണം, വനിതാ വികസനം തുടങ്ങിയ വർക്കിംഗ് ഗ്രൂപ്പുകളിൽ സാമാന്യം കൃത്യതയുള്ള നിർദ്ദേശങ്ങൾ ഉണ്ടായിരുന്നു.

### 3. സ്റ്റാറ്റസ് റിപ്പോർട്ട്

സർക്കാർ ഉത്തരവ് പ്രകാരം സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കേണ്ടത് വർക്കിംഗ് ഗ്രൂപ്പാണ്. വർക്കിംഗ് ഗ്രൂപ്പുകൾ ചേർന്നാണ് സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത് എന്ന് തെളിയിക്കുന്ന യാതൊരു രേഖയും ജില്ലാപഞ്ചായത്തിൽ ലഭ്യമല്ലായിരുന്നു. ഓരോ മേഖലയിലും കഴിഞ്ഞ 20 വർഷങ്ങൾക്കുള്ളിൽ ഉണ്ടായിട്ടുള്ള നേട്ടങ്ങൾ, കോട്ടങ്ങൾ ഇവയുടെ വിശകലനം, ഓരോ മേഖലയും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ, ആയതിന്റെ പ്രശ്നപരിഹാര നിർദ്ദേശങ്ങൾ, സ്ഥാപനത്തിന്റെ ദീർഘകാല ലക്ഷ്യങ്ങളും (2030 ൽ കൈവരിക്കേണ്ട നേട്ടങ്ങൾ) ഹ്രസ്വകാല ലക്ഷ്യങ്ങളും (അടുത്ത 5 വർഷം കൊണ്ട് ലക്ഷ്യമിടുന്ന നേട്ടങ്ങൾ) എന്നിവയാണ് സ്റ്റാറ്റസ് റിപ്പോർട്ടിൽ വരേണ്ടത്. എന്നാൽ ഓരോ പദ്ധതിക്കും ചെലവഴിച്ച തുക രേഖപ്പെടുത്തുകയാണ് പ്രധാനമായും സ്റ്റാറ്റസ് റിപ്പോർട്ടിൽ ചെയ്തിരിക്കുന്നത്. ഓരോ മേഖലയിലും കൈവരിക്കേണ്ട ലക്ഷ്യങ്ങളും പൊതുവായി രേഖപ്പെടുത്തിയിട്ടുണ്ട്. 13-ാം പദ്ധതിക്കാലത്തെ ലക്ഷ്യങ്ങൾ കൃത്യതയോടെ നിർവ്വചിക്കുക എന്ന പ്രഖ്യാപിത ലക്ഷ്യം നടപ്പാക്കാനായിട്ടില്ല എന്നതിനാൽ ജില്ലാപഞ്ചായത്ത് തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ട് സമഗ്രമല്ലെന്നും ഒരു പരിധിയിൽ കൂടുതൽ ഗുണം ഇതുമൂലം ജില്ലാപഞ്ചായത്തിനുണ്ടാകില്ലെന്നും ഓഡിറ്റ് വിലയിരുത്തുന്നു.

സ്റ്റാറ്റസ് റിപ്പോർട്ടിൽ സൂചിപ്പിച്ച പോരായ്മകൾക്കനുസരിച്ച് പദ്ധതികൾ ആവിഷ്ക്കരിക്കാനും ജില്ലാപഞ്ചായത്തിന് സാധിച്ചിട്ടില്ല. ഉദാഹരണമായി സ്റ്റാറ്റസ് റിപ്പോർട്ടിൽ കാർഷിക മേഖലയുടെ ലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്.

(എ) ചെറുകിട ജലസേചനപദ്ധതികൾ പ്രോത്സാഹിപ്പിക്കുക

(ബി) ഉത്പാദനച്ചെലവ് കുറയ്ക്കുക

(സി) തടയണകൾ നിർമ്മിക്കുക

(ഡി) തൊഴിലാളി ദൗർലഭ്യം പരിഹരിക്കുക

(ഇ) പരിശീലനങ്ങൾ നൽകുക

(എഫ്) ഉപകരണങ്ങൾ നൽകുക

(ജി) നെൽവയൽ നികത്തൽ തടയുക

(എച്ച്) മാർക്കറ്റിംഗ് സംവിധാനം ആവിഷ്ക്കരിക്കുക

മേൽ സൂചിപ്പിച്ചവയിൽ തടയണ നിർമ്മാണം മാത്രമാണ് അന്തിമ പ്രോജക്ട് റിപ്പോർട്ട് പ്രകാരം ഈ മേഖലയിൽ നിന്നുള്ളത്. 2018 ജനവരി മാസം പ്രോജക്ടുകൾ വീണ്ടും പുന: സംഘടിപ്പിച്ചപ്പോൾ യന്ത്രവത്ക്കരണം (machanisation) എന്ന പ്രോജക്ട് ചേർത്തതിനാൽ ഉപകരണങ്ങൾ നൽകുക എന്ന ലക്ഷ്യവും തന്മൂലം ഉത്പാദന ചെലവ് കുറക്കുക എന്ന ലക്ഷ്യവും നിറവേറ്റാൻ പ്രോജക്ടുകൾ നിർമ്മിച്ചു എന്ന് പറയാം. മറ്റ് ലക്ഷ്യങ്ങൾ കൈവരിക്കാൻ തക്ക യാതൊരു പ്രോജക്ടുകളും തയ്യാറാക്കിയിട്ടില്ല. മേൽ സൂചിപ്പിച്ച പ്രോജക്ടുകളൊന്നും ഈ സാമ്പത്തിക വർഷം പൂർത്തിയാവുകയുമില്ല. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പരിപാലനത്തിനാണ് കൂടുതൽ ശ്രദ്ധ നൽകിയിരിക്കുന്നത്. എങ്കിലും കാർഷിക മേഖലയുടെ ലക്ഷ്യങ്ങളും പ്രൊജക്ട് രൂപീകരണവും സാമാന്യം ഭേദപ്പെട്ടതാണെന്ന് പറയാം. മറ്റ് ചില മേഖലകളുടെ കാര്യം തീർത്തും നിരാശാജനകമാണ്. ഉദാഹരണമായി മത്സ്യബന്ധന മേഖലയിലെ ലക്ഷ്യങ്ങൾ താഴെ ചേർക്കുന്നു.

(a) മത്സ്യഉത്പാദനം പ്രോത്സാഹിപ്പിക്കുക

(b) കൃത്രിമക്കൂട് സ്ഥാപിച്ച് ഉത്പാദനം വർദ്ധിപ്പിക്കുക

(c) മത്സ്യ സാങ്ച്വറി സ്ഥാപിക്കൽ

(d) കായൽ ഡ്രഡ്ജിംഗ് (പൊതു ജലാശയസംരക്ഷണം, ആവാസ വ്യവസ്ഥാസംരക്ഷണം എന്നിവക്ക് വേണ്ടി)

(e) ഫിഷ് അഗ്രിഗേറ്റിംഗ് സംവിധാനം

(f) കണ്ടൽ സംരക്ഷണം

(g) കക്ക സംരക്ഷണം

(h) പോളപ്പായൽ നീക്കം ചെയ്യൽ

(i) കടൽ ഭിത്തി നിർമ്മാണം

(j) കടൽ മാലിന്യ സംസ്കരണം.

(k) ലാൻഡിംഗ് സെന്ററുകളുടെ നവീകരണ പദ്ധതി

(l) കടൽത്തീര കളിസ്ഥല വികസനം

(m) വള്ളം, വല, ബോട്ട് നൽകൽ

(n) മത്സ്യ തൊഴിലാളി സഹകരണ സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട്

(o) അലങ്കാര മത്സ്യകൃഷി

(p) അക്വാപോണിക്സ് പദ്ധതി

(q) മത്സ്യവിത്തുൽപ്പാദന കേന്ദ്രം തുടങ്ങുന്നതിനുള്ള പദ്ധതി

എന്നാൽ ഈ മേഖലയിൽ കൂട് കൃഷി (SO 710/17), മത്സ്യ തൊഴിലാളി ഗ്രൂപ്പുകൾക്ക് മത്സ്യബന്ധന വല നൽകൽ (SO 1101/17) എന്നീ രണ്ട് പ്രൊജക്ടുകൾ മാത്രമാണ് രൂപീകരിച്ചത്. നിലവിൽ ഈ രണ്ട് പ്രൊജക്ടുകൾക്കും ഒരു രൂപ പോലും ചെലവഴിച്ചിട്ടില്ല.

**4. വികസനരേഖ**

ഗ്രാമസഭ/ഊരുകൂട്ട യോഗങ്ങളുടേയും വികസന സെമിനാറിന്റേയും മുന്നോടിയായി വികസന രേഖ തയ്യാറാക്കേണ്ടതുണ്ട്. ആസൂത്രണ സമിതി, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയിലെ അംഗങ്ങൾ,

ഉദ്യോഗസ്ഥർ, വിദഗ്ധർ എന്നിവരാണ് വികസനരേഖ തയ്യാറാക്കേണ്ടത്. സർക്കാർ നിർദ്ദേശമനുസരിച്ച് ആമുഖം, വികസനതന്ത്രം, വിഭവ സമാഹരണം, വികസന മേഖലകൾ എന്നീ രീതിയിലാണ് വികസന രേഖ തയ്യാറാക്കിയിട്ടുള്ളത്. സ്റ്റാറ്റസ് റിപ്പോർട്ടിലെ സ്ഥിതിവിവരക്കണക്കു കളൊക്കെത്തന്നെയാണ് വികസന രേഖയായി അവതരിപ്പിച്ചിരിക്കുന്നത്. കരട് വികസന രേഖ മാത്രമാണ് പരിശോധിക്കാൻ സാധിച്ചത്. അന്തിമ വികസന രേഖ ജില്ലാ പഞ്ചായത്ത് ഹാജരാക്കിയില്ല.

മുൻ വർഷങ്ങളിലെ പദ്ധതികളിലെ പ്രധാന ന്യൂനതകൾ ഏറെക്കുറെ കൃത്യമായി കണ്ടെത്തിയതായി കണക്കാക്കാവുന്നതാണ്. ആയവയിൽ ചിലത് ചുവടെ ചേർക്കുന്നു.

(എ) വിദഗ്ധരുടെ സജീവ പങ്കാളിത്തം ആസൂത്രണത്തിൽ ഉണ്ടാകുന്നില്ല.

(ബി) ഡിവിഷൻ അടിസ്ഥാനത്തിൽ വിഭജിക്കുന്നതിനാൽ വലിയ പ്രൊജക്ട് ഏറ്റെടുക്കാൻ കഴിയുന്നില്ല.

(സി) നിർവ്വഹണത്തിൽ കാലതാമസം വരുന്നു.

(ഡി) മാലിന്യസംസ്കരണം, തണ്ണീർത്തടങ്ങളുടെ സംരക്ഷണം - കാര്യമായ പുരോഗതി ഇല്ല.

(ഇ) ഗ്രാമങ്ങളുടെ നഗരവത്കരണം സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ വേണ്ടുംവിധം ശ്രദ്ധിക്കപ്പെടുന്നില്ല.

(എഫ്) ഗുണഭോക്തൃസമിതി സംവിധാനം പ്രായോഗിക പ്രവർത്തനക്ഷമത പുലർത്തുന്നില്ല.

(ജി) പട്ടികജാതി, മത്സ്യബന്ധന മേഖല ഇനിയും പുരോഗമിക്കാനുണ്ട്.

വളരെ കൃത്യമായ ന്യൂനതകളാണ് മുകളിൽ കണ്ടെത്തിയത് എന്നത് വ്യക്തമാണ്. എന്നാൽ ഇത് പരിഹരിക്കാൻ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ചാണ് വ്യക്തതയില്ലാത്തത്. ഉദാഹരണമായി വിദഗ്ധരുടെ സജീവപങ്കാളിത്തം ആസൂത്രണത്തിൽ ഉണ്ടാകുന്നില്ല എന്ന ന്യൂനത പരിഹരിക്കുന്നതിന് ജില്ലാപഞ്ചായത്ത് എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ എന്നത് വ്യക്തമല്ല. 30 ലക്ഷത്തിലധികം ജനസംഖ്യയുള്ള എറണാകുളം ജില്ലയിലെ 25 ലക്ഷത്തിലധികം ജനങ്ങളും ജില്ലാ പഞ്ചായത്തിന്റെ അധികാരപരിധിയിലാണ് ഉള്ളത്. ഇതിൽ നിന്നും ആസൂത്രണ സമിതി, ഉപസമിതി, വർക്കിംഗ് ഗ്രൂപ്പ് എന്നിവയിലേക്ക് മുന്നൂറോ നാനൂറോ വ്യക്തികളെ കിട്ടുന്നില്ല എന്നത് വികേന്ദ്രീകൃതാസൂത്രണ പ്രക്രിയയിലെ ജനകീയ പങ്കാളിത്തക്കുറവിനെയാണ് സൂചിപ്പിക്കുന്നത്. ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ നാലോ അഞ്ചോ ആളുകളെ കണ്ടെത്തിയിരുന്നെങ്കിൽ ആസൂത്രണ, നിർവ്വഹണ പ്രക്രിയകൾക്ക് മതിയായ വ്യക്തികളെ കിട്ടുമായിരുന്നു. ഏത് രീതിയിലാണ് ജില്ലാപഞ്ചായത്ത് ആസൂത്രണ സമിതി, വർക്കിംഗ് ഗ്രൂപ്പ് എന്നിവക്ക് ആളുകളെ കണ്ടെത്തിയത് എന്ന് പോലും വ്യക്തമല്ല. മറ്റൊരു പ്രശ്നമായ ഡിവിഷൻ അടിസ്ഥാനത്തിലുള്ള വീതം വെയ്പ്പ് ജനപ്രതിനിധികൾ ചർച്ച ചെയ്തതായി മിനുട്സുകളിൽ കാണുന്നില്ല. ഈ പ്രശ്നം എപ്രകാരം പരിഹരിച്ചു എന്നതും വ്യക്തമല്ല. മൊത്തം ചെലവിന്റെ ഒരു നിശ്ചിത ശതമാനമെങ്കിലും വലിയ പ്രൊജക്ടുകൾക്ക് ഉൾപ്പെടുത്തി ക്രിയാത്മകമായി പരിഹരിക്കാൻ കഴിയുന്ന ഒരു വിഷയമാണ് ഇത്. മോണിട്ടറിങ്ങിന്റെ നിലവാരക്കുറവാണ് പ്രധാനമായും നിർവ്വഹണ കാലതാമസത്തിന് കാരണം. മറ്റ് ന്യൂനതകളും പരിഹരിക്കപ്പെടേണ്ടവയാണ്. എന്നാൽ ആയതിനെ കുറിച്ച് ഒരു തലത്തിലും ചർച്ചകൾ നടക്കുന്നില്ല. ഈ സാഹചര്യത്തിൽ സ്റ്റാറ്റസ് റിപ്പോർട്ടും വികസന രേഖയും സാങ്കേതികമായി മാത്രം തയ്യാറാക്കപ്പെട്ടു എന്ന് കണക്കാക്കാനേ കഴിയൂ.

**5. ജില്ലാപഞ്ചായത്ത് ഗ്രാമസഭ**

പ്രാദേശിക ആസൂത്രണത്തിന്റെ വിജയം മുഖ്യമായും ആശ്രയിച്ചിരിക്കുന്നത് ജനപങ്കാളിത്തത്തിന്റെ അളവിലാണ്. ജില്ലാപഞ്ചായത്ത് പദ്ധതികൾക്ക് മാത്രമായി ഗ്രാമസഭകൾ ചേരുക പ്രായോഗികമല്ല. 29.03.2017 ൽ സംസ്ഥാന സർക്കാർ പുറത്തിറക്കിയ ജി.ഒ.(എം.എസ്)72/2017/ ത.സ്വ.ഭ.വ. ഉത്തരവിൽ ഗ്രാമസഭ ചേരുന്നതിനുള്ള വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ 3-3(2) പ്രകാരം ഗ്രാമസഭ/ഊരുകൂട്ട യോഗങ്ങളിലെ തീരുമാനങ്ങൾ ക്രോഡീകരിച്ച് ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് നൽകുന്ന ഉത്തരവാദിത്തം ഗ്രാമപഞ്ചായത്ത് തലത്തിലുള്ള ആസൂത്രണ സമിതിക്കാണ്. ജില്ലാപഞ്ചായത്തിന്റെ പദ്ധതി രൂപീകരണത്തിന്റെ ആദ്യത്തെ കാൽവെയ്പ്പ് ഇവിടെയാണ് നടക്കുന്നത്. എന്നാൽ ഒരൊറ്റ ഗ്രാമപഞ്ചായത്ത് ആസൂത്രണ സമിതി നിർദ്ദേശവും ജില്ലാ പഞ്ചായത്ത് ഹാജരാക്കിയ ഫയലിൽ കണ്ടില്ല. ജില്ലാ പഞ്ചായത്ത് പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്ന പ്രോജക്റ്റ് നിർദ്ദേശങ്ങൾ നിശ്ചിത ഫോറത്തിൽ തയ്യാറാക്കി ജില്ലാപഞ്ചായത്ത് ഗ്രാമസഭയിൽ ചർച്ചക്ക് നൽകേണ്ടതാണ് എന്ന നിർദ്ദേശം പാലിച്ചത് രായമംഗലം, വേങ്ങൂർ എന്നീ ഗ്രാമപഞ്ചായത്തുകൾ മാത്രമാണ്.

ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരാണ് മേൽ ഗ്രാമസഭയിൽ ഗ്രാമപഞ്ചായത്തിനെ പ്രതിനിധീകരിക്കേണ്ടത്. എന്നാൽ 14ബ്ലോക്കുകളിലെ ആകെയുള്ള 82 ഗ്രാമപഞ്ചായത്തുകളിൽ 50 ഗ്രാമപഞ്ചായത്തുകൾ മാത്രമാണ് ഗ്രാമസഭയിൽ പങ്കെടുത്തത്. ക്രിയാത്മകമായി നിർദ്ദേശങ്ങൾ അവതരിപ്പിച്ച രായമംഗലം ഗ്രാമപഞ്ചായത്ത് അഭിനന്ദനമർഹിക്കുന്നു. ഗ്രാമസഭയിലെ ഭൂരിപക്ഷം നിർദ്ദേശങ്ങളും മുൻപ് സൂചിപ്പിച്ചത് പോലെ കൃത്യതയ്ക്ക് പകരം പൊതുസ്വഭാവത്തിനാണ് ഊന്നൽ നൽകിയത്.

യഥാർത്ഥത്തിൽ സർക്കാർ നിർദ്ദേശം കൃത്യമായി പാലിക്കപ്പെട്ടിരുന്നെങ്കിൽ ഏതാണ്ട് പൂർണ്ണരൂപത്തിലുള്ള കരട് നിർദ്ദേശങ്ങൾ ഈ ഘട്ടത്തിൽ തന്നെ ലഭിക്കുമായിരുന്നു. എന്നാൽ എറണാകുളം ജില്ലാപഞ്ചായത്തിൽ ഈ അവസ്ഥയിലും കൃത്യമായ കരട് പ്രോജക്റ്റ് രൂപീകരിക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ ലഭിച്ചിരുന്നില്ല. കൈമാറ്റം ചെയ്ത് കിട്ടിയ സ്ഥാപനങ്ങളുടെ കാര്യത്തിൽ ഈ ഘട്ടത്തിൽ പുരോഗതി ഉണ്ടായിട്ടുണ്ട്. എന്നാൽ മരാമത്ത് വേലകളുടെ കാര്യത്തിൽ വേണ്ടത്ര പുരോഗതി കൈവരിച്ചിട്ടില്ല.

**6. വികസന സെമിനാർ**

നിർവ്വഹണത്തിലെ വളരെ പ്രധാനപ്പെട്ട സ്റ്റേജായ വികസന സെമിനാറിൽ എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ (82), ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ (14), ജില്ലാ പഞ്ചായത്ത് പ്രതിനിധികൾ (27), ജില്ലാ പഞ്ചായത്ത് ആസൂത്രണസമിതി അംഗങ്ങൾ (7), ബ്ലോക്ക് പഞ്ചായത്ത് ആസൂത്രണ സമിതി ഉപാധ്യക്ഷൻമാർ (14), വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ (252), നിർവ്വഹണ ഉദ്യോഗസ്ഥർ (18) എന്നീ അംഗങ്ങളും (ആകെ 414) കൂടാതെ സ്റ്റേക് ഹോൾഡർമാർ, പ്രൊഫഷണലുകൾ, വിദഗ്ധർ, സന്നദ്ധ പ്രവർത്തകർ മുതലായ എല്ലാ വിഭാഗങ്ങളെയും ക്ഷണിക്കേണ്ടതായിരുന്നു. ഇതനുസരിച്ച് ഏതാണ്ട് 500 ഓളം വ്യക്തികൾ പങ്കേടുക്കേണ്ടതായിരുന്നു. എന്നാൽ 122 പേർ മാത്രമാണ് പങ്കെടുത്തത് (25%). പദ്ധതി ആസൂത്രണത്തിലെ പാളിച്ച ഇവിടെ ആരംഭിക്കുന്നു. തദ്ദേശഭരണ സ്ഥാപനത്തെ ഒരു യൂണിറ്റായി കണക്കാക്കിയിട്ടുണ്ടോ, ദീർഘവീക്ഷണത്തോടെ രൂപീകരിച്ച പ്രോജക്ടുകളാണോ ഉള്ളത്, സമാനമായ മുൻ പ്രോജക്ടുകൾ പരാജയപ്പെട്ടിട്ടുണ്ടോ ആയതിലെ പാളിച്ചകൾ പരിഹരിച്ചുവോ, കൃത്യമായ അടങ്കൽ എത്ര, പരിസ്ഥിതി ആഘാതം, പദ്ധതിയുടെ ഫലപ്രാപ്തി, മേഖലാ വിഭജനം, സബ്സിഡി മാർഗരേഖാ പാലനം എന്നിത്യാദി കാര്യങ്ങൾ അവസാനമായി പരിശോധിക്കേണ്ടത്

വികസന സെമിനാറിലാണ്. ജില്ലാ പഞ്ചായത്തിൽ വികസന സെമിനാറിൽ പങ്കെടുത്ത വ്യക്തികളുടെ പേര് വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഏത് തരത്തിലുള്ള ച്രച്ചയാണ് നടന്നതെന്നോ വർക്കിംഗ് ഗ്രൂപ്പ്, ഗ്രാമസഭാ നിർദ്ദേശങ്ങളിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തിയെന്നോ വ്യക്തമല്ല. വികസന സെമിനാറിന്റെ മിനട്സ് പോലും തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. മേൽ അപാകതകൾ പദ്ധതി രൂപീകരണത്തെ സാരമായി ബാധിച്ചതായി ഓഡിറ്റ് വിലയിരുത്തുന്നു.

**7. വാർഷിക പദ്ധതിക്ക് അന്തിമരൂപം നൽകൽ, പ്രൊജക്ട് തയ്യാറാക്കൽ**

കൃത്യമായ ജനപങ്കാളിത്തം ഇല്ലാതെ മറ്റ് പല രീതികളിലും പ്രൊജക്ടുകൾ രൂപീകരിക്കപ്പെട്ടതായി ഈ വിഷയം പരിശോധിച്ചതിൽ നിന്ന് വ്യക്തമായി. ഉദാഹരണമായി വർക്കിംഗ് ഗ്രൂപ്പുകളിൽ നിന്ന് ഒട്ടാകെ 39 റോഡ് പ്രവൃത്തികളാണ് കൃത്യതയോടെ നിർദ്ദേശിക്കപ്പെട്ടിരുന്നത്. ജില്ലാ പഞ്ചായത്ത് ഗ്രാമസഭയിൽ നിന്ന് 55 റോഡ് പ്രവൃത്തികളും നിർദ്ദേശിക്കപ്പെട്ടു. ആകെ 94 റോഡ് പ്രവൃത്തികൾ. എന്നാൽ പൊതുമരാമത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി അംഗീകരിച്ചത് 400 ൽ അധികം റോഡ് പ്രവൃത്തികളാണ്. അധികമായി ചർച്ചക്ക് വന്നതും അംഗീകരിച്ചതുമായ റോഡ് പ്രവൃത്തികൾ ഏത് രീതിയിലാണ് സ്റ്റാൻഡിംഗ് കമ്മിറ്റി പരിഗണിക്കാൻ ഇടയായതെന്ന ഓഡിറ്റ് എൻക്വയറിക്ക് (നം.6 തീയതി 17.02.2018) മറുപടി ഹാജരാക്കിയില്ല. ഹാജരാക്കിയ 94 പദ്ധതികളിൽ ഏകദേശം പകുതി മാത്രമേ അന്തിമ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളൂ. പ്രാദേശികാസൂത്രണത്തിന്റെ ആത്യന്തിക ലക്ഷ്യത്തെ ചോദ്യം ചെയ്യുന്ന പ്രവൃത്തിയായി മാത്രമേ ഇതിനെ കണക്കാക്കാൻ കഴിയൂ. എറണാകുളം ജില്ലയിലെ 82 ഗ്രാമപഞ്ചായത്തുകളിലെ 1338 വാർഡുകളിൽ നിന്നും 94 റോഡ് പ്രവൃത്തികളുടെ നിർദ്ദേശങ്ങൾ മാത്രമാണ് ഉണ്ടായിരുന്നത് എന്നത് ജില്ലാ പഞ്ചായത്ത് പദ്ധതി ആസൂത്രണത്തിനായി അനുവർത്തിച്ച നയങ്ങളുടെ പോരായ്മയാണ് സൂചിപ്പിക്കുന്നത്. ജനങ്ങളുടെ ഇച്ഛയ്ക്കനുസരിച്ചല്ലാത്ത പ്രൊജക്ടുകളുടെ നിർവ്വഹണത്തിന് ഇത് കാരണമാകുന്നു. ഉദാഹരണമായി പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിലെ വെറ്ററിനറി ഹോസ്പിറ്റൽ - കളപ്പുറം റോഡ്, 1270 മീറ്റർ റീടാറിംഗ് നടത്തുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി. പരിസരവാസികളുടെ അഭ്യർത്ഥനപ്രകാരം റോഡ് മോശമല്ലാത്ത ഭാഗത്തെ റീ ടാറിംഗ് ഒഴിവാക്കി. അതിനുപകരം വെള്ളക്കെട്ട് ഉള്ള ഭാഗത്തും കയറ്റങ്ങളിലും ഐറിഷ് ഡ്രയിൻ ചെയ്യാൻ പുതുക്കിയ എസ്റ്റിമേറ്റ് എടുക്കാൻ തീരുമാനിച്ചു. (പൊതുമരാമത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി തീരുമാനം - 8, 05.12.2017). കുന്നത്തുനാട് ഗ്രാമപഞ്ചായത്തിലെ വെമ്പിള്ളി - കാണിനാട് ക്രോസ്സ് റോഡ് 1000 മീറ്റർ നീളം റീ ടാറിംഗ് നടത്തുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. എന്നാൽ പുത്തൻകുരിശ് പഞ്ചായത്തിന്റെ ഭാഗത്ത് റോഡ് പഞ്ചായത്ത് നേരത്തേ ടാർ ചെയ്തതായി കണ്ടു. ആയതിനാൽ ആ ഭാഗം ഒഴിവാക്കി ബാക്കി തുക ഉപയോഗിച്ച് ഐറിഷ് ഡ്രയിൻ ചെയ്യാൻ പുതുക്കിയ എസ്റ്റിമേറ്റ് എടുക്കാൻ തീരുമാനിച്ചു. (പൊതുമരാമത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി, തീരുമാനം-9, 05.12.2017). ജനങ്ങളുടെയും കീഴ്ഘടകം തദ്ദേശഭരണ സ്ഥാപനങ്ങളുടെയും അറിവോടെയാണ് മേൽ പ്രൊജക്ടുകൾ രൂപീകരിച്ചിരുന്നതെങ്കിൽ ഇപ്രകാരമുള്ള പുനർ നടപടികൾ ഒഴിവാക്കാമായിരുന്നു.

**8. വാർഷിക പദ്ധതി നിർവ്വഹണവും മോണിട്ടറിംഗും.**

പദ്ധതിയുടെ സമയബന്ധിതമായ നിർവ്വഹണത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഇനം കൃത്യമായ സമയപട്ടിക/നിർവ്വഹണ കലണ്ടർ തയ്യാറാക്കുക എന്നതായിരുന്നു. 29.03.2017ലെ സർക്കാർ ഉത്തരവിലെ 14-7 ൽ നിർവ്വഹണപ്രക്രിയക്ക് ഒരു സമയപ്പട്ടിക നിശ്ചയിക്കണം എന്നും,

നിർവ്വഹണത്തിലെ ഓരോ ഘട്ടത്തിലെയും പ്രവർത്തനങ്ങൾ നിശ്ചിത സമയത്തിനുള്ളിൽ പൂർത്തിയാക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണെന്നും നിർദ്ദേശമുണ്ടായിരുന്നു. ജില്ലാപഞ്ചായത്തിൽ ഇത്തരത്തിലുള്ള നിർവ്വഹണ സമയപ്പട്ടിക തയ്യാറാക്കിയിട്ടുണ്ടായിരുന്നില്ല. പദ്ധതിയുടെ നിർവ്വഹണത്തിന്റെ മോണിട്ടറിംഗ് നടത്തേണ്ടത് അതാത് വർക്കിംഗ് ഗ്രൂപ്പുകളാണ്. പൊതുഭരണം- ധനകാര്യം എന്ന വർക്കിംഗ് ഗ്രൂപ്പ് ചർച്ചക്കിടെ മോണിട്ടറിംഗ് കാര്യക്ഷമമാക്കണമെന്നും പഞ്ചായത്ത്, ബ്ലോക്ക് തലത്തിൽ മാസം തോറുമുള്ള റിവ്യൂകൾ സംഘടിപ്പിക്കണമെന്നും തീരുമാനിച്ചിട്ടുണ്ടായിരുന്നു. അതാത് സ്റ്റാൻഡിംഗ് കമ്മിറ്റികൾക്കും നിർവ്വഹണത്തിന്റെ കൃത്യത പരിശോധിക്കാൻ സാധിക്കുമായിരുന്നു. എന്നാൽ മേൽ സൂചിപ്പിച്ച റിവ്യൂകളോ, സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ കാര്യക്ഷമമായ ഇടപെടലോ ഉണ്ടായിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ മോണിട്ടറിംഗ് അപര്യാപ്തമായിരുന്നു. ഉദാഹരണമായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നടപ്പിലാക്കിയ 'നേര്യമംഗലം കൃഷിഫാമിലെ അടിസ്ഥാന സൗകര്യവികസനം' എന്ന പ്രൊജക്ടിന്റെ (SO 1111/17) മോണിട്ടറിംഗ് റിപ്പോർട്ടിൽ ഒപ്പിട്ടിരിക്കുന്നത് 4 പേരാണ്. തുക നൽകിയ ജില്ലാപഞ്ചായത്തിലെ 3 ജനപ്രതിനിധികളും വേല ചെയ്ത ഫാമിലെ സൂപ്രണ്ടും. കൃഷിയുടെ വർക്കിംഗ് ഗ്രൂപ്പിൽ ആകെ ഉള്ളത് 13 പേരാണ്. ഈ രീതിയിൽ വിഷയ വിദഗ്ധരോ ജില്ലാപഞ്ചായത്ത് ഇതര വ്യക്തികളോ കണ്ടിട്ടില്ലാത്ത മോണിട്ടറിംഗ് സമിതി റിപ്പോർട്ട് ആണ് ഭൂരിപക്ഷവും. പൂർത്തിയാക്കിയ മരാമത്ത് വേലകളിൽ പലതിലും മോണിട്ടറിംഗ് റിപ്പോർട്ട് പോലുമില്ല. പ്രവൃത്തികളുടെ പുരോഗതി, ബാഹ്യഅളവുകൾ, കണക്കുകൾ എന്നിവ മോണിട്ടറിംഗ് സമിതി പരിശോധിക്കണമെന്ന് പ്രൊജക്ടിൽ ഉണ്ടെങ്കിലും അത്തരത്തിലുള്ള ഒരു മോണിട്ടറിംഗ് റിപ്പോർട്ടും ഓഡിറ്റിന് കാണാൻ സാധിച്ചില്ല.

**9. പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലും സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ പങ്ക്.**

പദ്ധതി രൂപീകരണത്തിൽ നിർണ്ണായക പങ്ക് വഹിക്കുന്ന വർക്കിംഗ് ഗ്രൂപ്പുകൾ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ നേരിട്ടുള്ള നിയന്ത്രണത്തിലാണ്. ഓരോ പ്രോജക്ടുകളുടേയും യുക്തി-ക്ഷമത, പ്രായോഗികത, നിയമസാധുത, വിജയസാധ്യത എന്നിവ ചർച്ച ചെയ്ത് ഉറപ്പ് വരുത്തി വർക്കിംഗ് ഗ്രൂപ്പുകളെകൊണ്ട് വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കേണ്ടത് അതാത് സ്റ്റാൻഡിംഗ് കമ്മിറ്റികളാണ്. (പദ്ധതിമാർഗ്ഗരേഖ 5-7). വ്രക്കിംഗ് ഗ്രൂപ്പുകൾക്ക് കൃത്യമായ നിർദ്ദേശങ്ങൾ നൽകുന്ന കാര്യത്തിലും, വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ ആവശ്യാനുസരണം വിളിച്ചുചേർക്കുക, ഫലപ്രദമായി പ്രവർത്തിക്കുന്നതിന് വേണ്ട ഇടപെടലുകൾ നടത്തുക എന്നീ പദ്ധതി മാർഗ്ഗരേഖ അനുബന്ധം 3 ൽ ചേർത്തിരിക്കുന്ന നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിൽ ജില്ലാപഞ്ചായത്തിലെ സ്റ്റാൻഡിംഗ് കമ്മിറ്റികൾ വിജയിച്ചിട്ടില്ല. വികസന സ്റ്റാൻഡിംഗ് കമ്മിറ്റിയാണ് ഈ വിഷയത്തിൽ കൂടുതൽ ശക്തമായി പ്രവർത്തിക്കേണ്ടിയിരുന്നത്. വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണം മുതൽ പദ്ധതി അംഗീകരിച്ച് കിട്ടുന്നത് വരെയുള്ള ആസൂത്രണ നടപടികളിൽ എല്ലായ്പ്പോഴും പ്രവർത്തനക്ഷമമായിരിക്കേണ്ടത് വികസന സ്റ്റാൻഡിംഗ് കമ്മിറ്റിയാണ്. സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ പ്രത്യേകിച്ച് വികസന സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ നിഷ്ക്രിയത്വം വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനത്തെ ബാധിച്ചതായി കാണുന്നു.

പൊതുവെ എല്ലാ സ്റ്റാൻഡിംഗ് കമ്മിറ്റികളും അതാത് സ്റ്റാൻഡിംഗ് കമ്മിറ്റികൾക്ക് നിശ്ചയിച്ച് തന്നിട്ടുള്ള വിഷയങ്ങളിലെ ചെലവുകൾ അംഗീകരിക്കുക എന്ന കർത്തവ്യം മാത്രമാണ് നിർവ്വഹിച്ച് പോരുന്നത്. ഭരണപരമായ ഇടപെടലുകൾ പോലും നടത്തിയിട്ടില്ല. ഉദാഹരണമായി ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി, പൊതുമരാമത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി എന്നിവയിലെ ചില തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.

(എ) പട്ടികജാതി യുവതീയുവാക്കൾക്കായി അനുവദിച്ച മിൽമ ഐസ്ക്രീം പദ്ധതിയിലെ ഗുണഭോക്താക്കൾ ഉൽപ്പന്നങ്ങൾ എടുക്കുന്നില്ല. ആയതിനാൽ ജില്ലാപഞ്ചായത്തിന്റെ നേതൃത്വത്തിൽ ഗുണഭോക്താക്കളുടെ മീറ്റിംഗ് വിളിക്കാൻ തീരുമാനിച്ചു. (ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി തീരുമാനം 1(3)/10.07.17)

(ബി) എടത്തല പഞ്ചായത്തിലെ പട്ടികജാതി വികസനകേന്ദ്രം ഉപയോഗശൂന്യമായി കിടക്കുന്നത് അന്വേഷിച്ച് റിപ്പോർട്ട് നൽകാൻ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ, ഡിവിഷൻ മെമ്പർ, കുടുംബശ്രീ മിഷൻ കോ-ഓർഡിനേറ്റർ, ജില്ലാപഞ്ചായത്ത് സെക്രട്ടറി എന്നിവരെ ചുമതലപ്പെടുത്തി. (ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി തീരുമാനം - 1(1)/08.08.17)

(സി) കുവപ്പടി ഗ്രാമപഞ്ചായത്തിലെ 2010-11 ൽ നിർമ്മാണം തുടങ്ങിയ കമ്മ്യൂണിറ്റി ഹാൾ പൂർത്തീകരിക്കാത്തത് സംബന്ധിച്ച് ബന്ധപ്പെട്ട ഡിവിഷൻ മെമ്പറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടു. (ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി തീരുമാനം 1(1)/10.10.17)

(ഡി) വാളകം ഡിവിഷനിലെ കാരക്കുന്നം - ജോൺപടി റോഡ് റീ-ടാറിംഗ് നടത്തി 15 ദിവസത്തിനുള്ളിൽ സഞ്ചാരയോഗ്യമല്ലാതായത് സംബന്ധിച്ച പരാതിയിൽ പരിശോധിച്ച് റിപ്പോർട്ട് നൽകാൻ എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. (പൊതുമരാമത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി തീരുമാനം 1(5)/05.07.17)

(ഇ) എളങ്കുന്നപ്പുഴ - പുക്കാട് റോഡിലെ ഗർത്തങ്ങൾ സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ പൊതുമരാമത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി അംഗങ്ങൾ, ഡിവിഷൻ മെമ്പർ, ഇ.ഇ. എന്നിവരെ ചുമതലപ്പെടുത്തി. (പൊതുമരാമത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി തീരുമാനം 1(5)/07.08.17)

(എഫ്) . ജോൺപടി -തച്ചോത്തുംപടി റോഡ് തകർന്നത് അന്വേഷിച്ച് റിപ്പോർട്ട് നൽകാൻ ഇ.ഇ.യെ ചുമതലപ്പെടുത്തുന്നു. (പൊതുമരാമത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി തീരുമാനം 1(2)/06.10.17)

മേൽ വിഷയങ്ങളിൽ സ്വീകരിച്ച തുടർനടപടികൾ വ്യക്തമാക്കാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും ജില്ലാപഞ്ചായത്ത് മറുപടിയൊന്നും ഹാജരാക്കിയില്ല. മേൽ റിപ്പോർട്ടുകൾ തൊട്ടടുത്ത സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ സമർപ്പിക്കുകയോ അങ്ങനെ ചെയ്യാത്തതിന്റെ കാരണം അന്വേഷിക്കുകയോ ചെയ്യേണ്ടതായിരുന്നു. ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി തീരുമാനം 1(9)/08.08.17 പ്രകാരം 2017-18 വർഷത്തെ എല്ലാ പട്ടികജാതി വിഭാഗക്കാർക്കുള്ള പ്രൊജക്ടുകളും അടുത്ത സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ ചർച്ച ചെയ്യുന്നതിന് തീരുമാനിച്ചെങ്കിലും നാളിതുവരെ ചർച്ച ചെയ്തതായി കണ്ടില്ല.

**10. ജില്ലാ പഞ്ചായത്ത് പദ്ധതികൾ കൃത്യമായി ഗ്രാമപഞ്ചായത്ത് തലത്തിൽ എത്തുന്നില്ല**

ജില്ലാപഞ്ചായത്ത് പദ്ധതികൾ ഏറ്റവും താഴെ തട്ടിലുള്ള ഗ്രാമസഭയിൽ ചർച്ച ചെയ്യപ്പെടുന്നത് പരിശോധിക്കുന്നതിനായി താഴെ ചേർത്തിരിക്കുന്ന ഗ്രാമപഞ്ചായത്തുകളിലെ വാർഡുകളിൽ പരിശോധന നടത്തുകയുണ്ടായി.

1) ചെങ്ങമനാട് - 6 വാർഡുകൾ (5, 7, 8, 9, 10, 15)

2) പാറക്കടവ് - 3 വാർഡുകൾ (6, 12, 18)

പരിശോധിച്ച 9 ഗ്രാമസഭകളിൽ 2 ഇടത്ത് മാത്രമാണ് ജില്ലാപഞ്ചായത്ത് മെമ്പർ പങ്കെടുത്തിരിക്കുന്നത്. ഒരു ഗ്രാമസഭയിൽ പോലും ജില്ലാപഞ്ചായത്ത് നിർവ്വഹണ ഉദ്യോഗസ്ഥർ പങ്കെടുത്തിട്ടില്ല. പങ്കെടുത്ത ജില്ലാ പഞ്ചായത്ത് മെമ്പർമാർ ഗ്രാമസഭക്ക് ആശംസകൾ അർപ്പിക്കുകയാണ് ചെയ്തത്. ജില്ലാപഞ്ചായത്ത് പദ്ധതികളെപ്പറ്റി സംസാരിച്ചതായി മിനുട്സിൽ

കാണുന്നില്ല. ഗ്രാമപഞ്ചായത്ത് അധികാരികളോ കോ-ഓർഡിനേറ്ററോ ജില്ലാപഞ്ചായത്ത് പദ്ധതികളെപ്പറ്റി വിവരിച്ചിട്ടില്ല. ജില്ലാപഞ്ചായത്ത് നടപ്പാക്കുന്ന പദ്ധതികളെപ്പറ്റി ഗ്രാമസഭകൾക്ക് കാര്യമായ അറിവുണ്ടാകാനുള്ള സാഹചര്യം നിലവിലില്ല. ഗ്രാമസഭകളുടെ ചർച്ചകൾ ക്രോഡീകരിച്ച് ബ്ലോക്ക്, ജില്ലാപഞ്ചായത്തുകൾ നിർവ്വഹിക്കേണ്ടത് വേർതിരിച്ച് രേഖപ്പെടുത്തുന്നില്ല.

മേൽ രേഖകളുടെ പരിശോധനയിലൂടെ കണ്ടെത്തിയ അപാകതകളുടെ അടിസ്ഥാനത്തിൽ 13-ാം പഞ്ചവത്സര പദ്ധതിയുടെ ആദ്യവർഷത്തെ പദ്ധതി ആസൂത്രണം, നിർവ്വഹണം, മോണിട്ടറിംഗ് തുടങ്ങിയ മേഖലകളിൽ 09.01.17, 29.03.17 എന്നീ തീയതികളിലെ സർക്കാർ മാർഗ്ഗരേഖകളിലെ നിർദ്ദേശം ഉപരിപ്ലവമായി മാത്രമേ പാലിച്ചിട്ടുള്ളൂ എന്ന് കാണുന്നു. ആസൂത്രണം എന്ന പ്രക്രിയ ഒട്ടനേകം ചെറുപ്രക്രിയകളുടെ തുടർച്ചയായ പ്രവർത്തനമാണ്. ഇത്തരത്തിലുള്ള ചെറുപ്രക്രിയകളുടെ സമഗ്രമായ നിർവ്വഹണത്തിലൂടെയേ ആസൂത്രണം എന്ന വലിയ പ്രക്രിയ വിജയിക്കുകയുള്ളൂ. സർക്കാർ നിർദ്ദേശങ്ങൾ അതിന്റെ പൂർണ്ണമായ തലത്തിൽ ഉൾക്കൊള്ളാതിരിക്കുന്നത്, കൃത്യമായ ഇടവേളകളിൽ ആസൂത്രണത്തിന്റേയും നിർവ്വഹണത്തിന്റേയും അളവ് പരിശോധിക്കാതിരുന്നത്, വിവിധ ഘട്ടങ്ങൾക്ക് വേണ്ടി തെരഞ്ഞെടുക്കപ്പെട്ട വ്യക്തികൾക്ക് സ്വന്തം ഉത്തരവാദിത്വത്തെപ്പറ്റിയും ചുമതലയുടെ വ്യാപ്തിയെപ്പറ്റിയും വ്യക്തമാക്കാതിരുന്നത് തുടങ്ങിയവയാണ് അപാകതകൾക്ക് കാരണമായി കാണുന്നത്. ജില്ലാപഞ്ചായത്തിൽ നിലവിലുണ്ടായിരുന്ന ഒരു നിർവ്വഹണ പ്രക്രിയയിലൂടെ മുന്നോട്ട് പോയിട്ടും പല മേഖലകളിലും (പ്രത്യേകിച്ച് പ്രൊജക്ടുകളുടെ നിർവ്വഹണം, നൂതന പ്രൊജക്ടുകൾ തുടങ്ങിയവ) സാമാന്യം മികച്ച പ്രകടനം കാഴ്ചവെയ്ക്കുവാനായിട്ടുണ്ട് എന്നത് മുകളിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള പോരായ്മകൾ പരിഹരിക്കുന്ന പക്ഷം പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് രാജ്യത്തെ തന്നെ മാതൃകയാക്കാവുന്ന തദ്ദേശഭരണ സ്ഥാപനമായി ജില്ലാപഞ്ചായത്തിന് മാറാൻ കഴിയുമെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഗുഡ്സ് ആൻഡ് സർവ്വീസസ് ടാക്സുമായി (GST) ബന്ധപ്പെട്ട് തുടക്കത്തിലെ നിലനിന്നിരുന്ന അവ്യക്തതകളും റോഡ്, കെട്ടിട നിർമ്മാണ സാമഗ്രികൾക്ക് എറണാകുളം ജില്ലയിൽ അനുഭവപ്പെടുന്ന ക്ഷാമവും പൊതുമരാമത്ത് വേലകളുടെ നിർവ്വഹണത്തെ ബാധിച്ച ബാഹ്യ വിഷയങ്ങളാണ് എന്ന ജില്ലാപഞ്ചായത്തിന്റെ വാദം ഒരു പരിധിവരെ അംഗീകരിക്കാവുന്നതാണെന്ന് പരിശോധനാ വേളയിൽ വ്യക്തമായിട്ടുണ്ട്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24.01.2018 | 2016-17 | 16.07.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.04.2018 | 2016-17,2017-18 | 13.07.2018 |

# 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

വാർഷിക കണക്കുകളുടെ പരിശോധനയിൽ ചൂണ്ടിക്കാണിച്ചിരുന്ന ചുവടെ ചേർത്തിരിക്കുന്ന അപാകതക ഓഡിറ്റ് വേളയിലും പരിഹരിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(1) ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായും അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

## ഭാഗം -2
## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 2-1 ക്ഷേമനിധി വിഹിതം- കളക്ഷൻ ചാർജ്ജ് ഈടാക്കുന്നില്ല

1996 ലെ കേരള കൺസ്ട്രക്ഷൻ ആന്റ് അദർ വർക്കേഴ്സ് വെൽഫെയർ സെസ് ആക്റ്റ്, സെക്ഷൻ 3(1), 3(2) പ്രകാരം മരാമത്ത് പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ 1%ൽ കുറയാത്ത തുക (പരമാവധി 2%) ഈടാക്കി കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിൽ അടവാക്കേണ്ടതാണ്. സെക്ഷൻ 3(3) പ്രകാരം ഇങ്ങനെ അടവാക്കുന്ന തുകയുടെ 1% ൽ കുറയാത്ത തുക തൊഴിൽ ദാതാവിന് കളക്ഷൻ ചാർജ്ജായി അർഹതപ്പെട്ടതാണ്. എറണാകുളം ജില്ലാപഞ്ചായത്ത് ഓഡിറ്റ് വർഷത്തിൽ മരാമത്ത് പ്രവൃത്തികൾക്കായി വിനിയോഗിച്ച തുകയും ക്ഷേമനിധി വിഹിതം കളക്ഷൻ ചാർജ്ജായി അർഹതപ്പെട്ട തുകയും താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ ചെലവ് | ക്ഷേമനിധി വിഹിതം | കളക്ഷൻ ചാർജ്ജ് |
|---|---|---|---|
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 22,78,24,383 | 22,78,244 | 22,782 |
| എക്സിക്യൂട്ടീവ് എഞ്ചിനീയർ | 29,30,37,021 | 29,30,370 | 29,304 |
| ആകെ | | | 52,086 |

ഈ തുക ഈടാക്കിയിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കുവാൻ താൽപര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.32/27.2.2019) മറുപടി ലഭ്യമാക്കിയിട്ടില്ല. നിയമപ്രകാരം ജില്ലാപഞ്ചായത്തിന് അർഹതപ്പെട്ട കളക്ഷൻ ചാർജ്ജ്, മുൻ വർഷങ്ങളിലേതുൾപ്പെടെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ഇക്കാര്യം ധനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റിയുടെ അടിയന്തിര ശ്രദ്ധയ്ക്കായി ശുപാർശ ചെയ്യുന്നു.

# 2-2 നേര്യമംഗലം ജില്ലാ കൃഷി തോട്ടം - ക്യാഷ്ബുക്ക് പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട

# അപാകതകൾ

എറണാകുളം ജില്ലയിലെ വിവിധ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് നേര്യമംഗലം ജില്ലാ കൃഷി തോട്ടത്തിൽ നിന്നും വിത്തുകളും തൈകളും വില്പന നടത്തുന്നുണ്ട്. എന്നാൽ ഈ സ്ഥാപനങ്ങൾ വിത്തുകളുടേയും തൈകളുടേയും വില NEFT മുഖേന ജില്ലാ കൃഷി തോട്ടത്തിന്റെ അക്കൌണ്ടിലേക്ക് അടവാക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനായി കൃത്യമായ സംവിധാനം നിലവിലില്ല. കൂടാതെ, ആകെ വില്പന നടത്തിയ തുകയുടേയും അതിലേക്ക് ലഭിച്ച തുകകളുടേയും വിവരങ്ങൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. ആയതിനാൽ വില്പന നടത്തിയ ഉത്പന്നങ്ങളുടെ മുഴുവൻ തുകയും കൃഷിത്തോട്ടത്തിന് ലഭിച്ചിട്ടുണ്ടോ എന്ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പുവരുത്തുന്നില്ലായെന്ന് കാണുന്നു.

ജില്ലാ കൃഷിത്തോട്ടം സൂപ്രണ്ടിന്റെ പേരിൽ നേര്യമംഗലം ഭാരതീയ സ്റ്റേറ്റ് ബാങ്കിലെ സേവിംഗ്സ് ബാങ്ക് അക്കൌണ്ട് നമ്പർ 67195947904 ലെ 31.03.2018 ലെ നീക്കിയിരിപ്പ് 14,16,516 രൂപയാണ്. ഈ ബാങ്ക് അക്കൌണ്ടിൽ നിന്നും പിൻവലിക്കുന്ന തുകകളും മറ്റ് സ്ഥാപനങ്ങളിൽ നിന്നും NEFT മുഖേനയുള്ള വരവുകളും ക്യാഷ്ബുക്കിൽ രേഖപ്പെടുത്തുന്നില്ല. 29.10.2017 മുതൽ 31.03.2018 വരെയുള്ള കാലയളവിലെ പണമിടപാടുകളുടെ വിവരം ക്യാഷ്ബുക്കിൽ രേഖപ്പെടുത്തിയിട്ടുമില്ല. അതുകൊണ്ട് പിൻവലിച്ച തുകകളുടെ കൃത്യത പരിശോധിക്കുവാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല. ട്രഷറിയിലുള്ള സേവിംഗ്സ് ബാങ്ക് അക്കൌണ്ടിന്റെ പാസ് ബുക്ക് ഓഡിറ്റിന് ലഭ്യമാക്കിയില്ല. അതിനാൽ പ്രസ്തുത അക്കൌണ്ടിന്റെ വരവ് ചെലവ്, നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ എന്നിവ പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

മേൽപ്പറഞ്ഞിരിക്കുന്ന അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ -17, തീയതി.25.2.19) ഫാം സൂപ്രണ്ട് ഹാജരാക്കിയ മറുപടിയിൽ പറഞ്ഞിരിക്കുന്നത് 28.2.19 മുതൽ ബാങ്ക് അക്കൌണ്ടിൽ വരവ് വരുന്നതുകകൾ കൃത്യമായി കണ്ടുപിടിച്ച് ജില്ലാപഞ്ചായത്തിൽ ഒടുക്കുന്നതായിരിക്കുമെന്നും അതോടൊപ്പം പഴയ തുകകൾ എത്രയും വേഗം തരംതിരിച്ചെടുക്കുന്നതിനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ടെന്നുമാണ്. NEFT മുഖേന അക്കൌണ്ടിൽ വരുന്ന തുകകളും ചെക്ക് വഴി പിൻവലിക്കുന്ന തുകകളും ഉൾപ്പെടെ എല്ലാ തുകകളും ചേർത്ത് ക്യാഷ്ബുക്ക് പരിപാലിക്കുന്നതായിരിക്കുമെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. 29.10.2017മുതൽ 31.03.2018 വരെയുള്ള കാലയളവിലെ പണമിടപാടുകളുടെ വിവരം ക്യാഷ് ബുക്കിൽ രേകപ്പെടുത്താതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതും,വരവു ചെലവു കണക്കുകളും ക്യാഷ്ബുക്കും കൃത്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# 2-3 റോഡ് കട്ടിംഗ് ചാർജ്ജ് ഈടാക്കിയതിൽ 1581840/-രൂപയുടെ കുറവ്

ജില്ലാ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ 148-ാം നമ്പരായി ഉൾപ്പെടുത്തിയിട്ടുള്ള എരപ്പുംപാറ ചേലക്കുളം റോഡ് കട്ട് ചെയ്ത് ഒ.എഫ്.സി കേബിൾ സ്ഥാപിക്കുന്നതിന് ജില്ലാ പഞ്ചായത്തിന്റെ 18.04.2017 ലെ 7 ാം നമ്പർ തീരുമാനമായി അംഗീകരിച്ചിട്ടുള്ളതാണ്. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 24.01.2017 ലെ ടി-3-230/15-16- നമ്പർ ഉത്തരവ് പ്രകാരം 23,72,760 രൂപയാണ് റോഡ് കട്ടിംഗ് ചാർജ്ജ് ആയി കണക്കാക്കിയത്. (2600m x 0.6m = 1560 m2 @1521/m2). എന്നാൽ പൊതുമരാമത്ത് (എൻഎച്ച്) വകുപ്പിന്റെ 10/10/12ലെ PWD10-184285(B) നമ്പർ സർക്കുലർ പ്രകാരം ഇത്തരത്തിൽ റോഡ് പുതുക്കി പണിയുന്ന പ്രവൃത്തികൾക്ക് യഥാർത്ഥ വീതി

ഒരു മീറ്ററിൽ താഴെയാണെങ്കിലും കുറഞ്ഞത് 1 മീറ്റർ വീതിയിൽ തുക കണക്കാക്കേണ്ടതാണ്. ആയത് സംബന്ധിച്ച് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. മേൽ ഇനത്തിൽ ജില്ലാ പഞ്ചായത്ത് ഈടാക്കേണ്ടിയിരുന്നത് 39,54,600 രൂപയാണ്. (2600m x 1m = 2600 m2 @1521/m2). ആയതിനാൽ ഈ ഇനത്തിൽ 15,81,840 രൂപയുടെ വരവ് നഷ്ടം ഉണ്ടായതായി വ്യക്തമാകുന്നു. നഷ്ടതുക മേൽ സ്ഥാപനത്തിൽ നിന്ന് ഈടാക്കേണ്ടതാണ്.

# ഭാഗം -3
# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കാർഷിക യന്ത്രവൽക്കരണം - നിർവ്വഹണത്തിലെ അപാകതകൾ

(ഫയൽ നം. എ.ഇ.4/ 144/ 2018)

| | |
|---|---|
| പ്രോജക്ടിന്റെ പേര് | കാർഷിക യന്ത്രവൽക്കരണം (എസ്.1338 /18) |
| അടങ്കൽ | 1,13,59,913/- ( വികസന ഫണ്ട് -ജനറൽ) |
| ചെലവ് | 11,39,044/- ബിൽ നം. LSGD /02/ 24.03.018 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (അഗ്രിക്കൾച്ചർ) |

ഈ പ്രോജക്ട് നിർവ്വഹണത്തിൽ താഴെ ചേർക്കുന്ന അപാകതകൾ കാണുന്നു.

**(1) പ്രൊഫോർമാ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ മുൻകൂർ പണം നൽകി :** കാംകോ പവർ റീപ്പർ (ഏഴ് എണ്ണം), ബ്രഷ് കട്ടർ ( രണ്ടെണ്ണം), കാംകോ പവർ ടില്ലർ (ഒരെണ്ണം) എന്നിവ വാങ്ങുന്നതിനുവേണ്ടി പ്രൊഫോർമാ ഇൻവോയ്സിന്റെ (നം, S.8.01. 100/D / 19.03.018) അടിസ്ഥാനത്തിൽ 11,39,044/- രൂപ M/s KAMCO Ltd ന് മുൻകൂർ ആയി നൽകിയിട്ടുണ്ട്. സപ്ലൈ ഓർഡർ നൽകി, ഇൻവോയ്സ് പ്രകാരം സാധനങ്ങൾ ലഭ്യമായി, സ്റ്റോക്കിലെടുത്തതിന് ശേഷം മാത്രമെ തുക നൽകാവൂ ( ഖണ്ഡിക 12.19, സ്റ്റോർ പർച്ചേയ്സ് മാനുവൽ) എന്നിരിക്കെ ഇതിന് വിരുദ്ധമായി തുക നൽകിയിട്ടുണ്ട്. സാധനങ്ങൾ കാംകോ സപ്ലൈ ചെയ്തിട്ടുള്ളത് 16.04.018 ലെ ഇൻവോയ്സുകൾ പ്രകാരമാണ്.

**(2) കാംകോ കരാർ ഉടമ്പടി ചെയ്തിട്ടില്ല :** 09.03.018 ലെ സപ്ലൈ ഓർഡറിൽ ( AE(4) 144/18) ഒരു മാസത്തിനകം ഒരു കരാർ ഉടമ്പടി ചെയ്യണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും M/s KAMCO Ltd കരാർ വെച്ചിട്ടില്ല.

**(3) ഉപകരണങ്ങൾ കൈപ്പറ്റിയതിന്റെ രേഖ, കരാർ എന്നിവ ലഭ്യമല്ല :** പ്രോജക്ട് പ്രകാരം വാങ്ങിയിട്ടുള്ള സാധനങ്ങൾ താഴെ പറയും പ്രകാരം വിതരണം ചെയ്തിട്ടുള്ളതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും (പേജ് 44,45,46 stock reister of Farm machinery, Vol.I)

ഈ സ്ഥാപനങ്ങളിൽ നിന്നും കൈപ്പറ്റ് രേഖ വാങ്ങിയിട്ടില്ല. മാത്രമല്ല ഈ ഉപകരണങ്ങളുടെ ഉപയോഗം സംബന്ധിച്ചുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി ഇവരുമായി ഉടമ്പടിയിലേർപ്പെട്ടിട്ടില്ല.

| | |
|---|---|
| Kamco Super Di Power Tiller. | |
| 1 | ഒലിയപ്പുറം സൌത്ത് പാടശേഖര സമിതി, തിരുമാറാടി |
| 2 | ഉല്ലേലിക്കുന്ന് നെല്ലുൽപാദക സമിതി, രാമമംഗലം |
| 3 | തഴവുംകന്ന് വട്ടച്ചിറ പാടശേഖര സമിതി കല്ലൂർക്കാട് |
| 4 | ഏലപ്പാടം കടുങ്ങല്ലൂർ ചാൽ പാടശേഖരസമിതി കടുങ്ങല്ലൂർ |
| 5 | സെൻട്രൽ പാടശേഖരസമിതി മാറാടി |
| 6 | കന്നക്കൽ കൃഷി വികസന സൊസൈറ്റി വാളകം |
| 7 | പടിഞ്ഞാറ് വെളിയത്തുനാട് പാടശേഖരസമിതി കരമാലൂർ |
| Kamco Power Reaper KR-120 H | |
| 1 | ഇട്ടുണ്ണൻ പടവ് നെല്ലുൽപാദക പാടശേഖരസമിതി മാറാടി |
| Brush Cutter KBC 300 | |
| 1 | ഇട്ടുണ്ണൻ പടവ് നെല്ലുൽപാദക പാടശേഖരസമിതി മാറാടി |
| 2 | മലമറി പാടശേഖരസമിതി രായമംഗലം |

മേൽ പരാമർശങ്ങൾക്ക് വിശദീകരണം/രേഖകൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19/ 25.2.2019) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ 11,39,044/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 3-2 ആദായനികതി ഈടാക്കിയതിൽ കുറവ്.

ആദായനികുതി നിയമം 194C പ്രകാരം ആദായനികുതി ഉത്ഭവത്തിൽ കുറവ് ചെയ്യുമ്പോൾ വ്യക്തികളാണെങ്കിൽ 1% തുകയും വ്യക്തികളല്ലാത്ത സാഹചര്യത്തിൽ 2% തുകയും ആണ് ഈടാക്കേണ്ടത്. എന്നാൽ താഴെ ചേർക്കുന്ന പ്രവൃത്തികളുടെ ടെണ്ടർ അംഗീകരിച്ച് നൽകിയിട്ടുള്ളത് M/s AFAF Construction എന്ന സ്ഥാപനത്തിനാണ്. എന്നാൽ ഈ പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും 1% തുക മാത്രമാണ് ആദായനികുതി ഈടാക്കിയത്. ആയതിനാൽ ആദായനികുതി ഇനത്തിൽ 22352/-രൂപയുടെ നഷ്ടം ഉണ്ടായിട്ടുള്ളതായി കാണുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര് | അളവ് പുസ്തകം | ആകെ പ്രവൃത്തി മൂല്യം | ആദായനികുതി | | |
|---|---|---|---|---|---|---|
| | | | | ഈടാക്കേണ്ടത് | ഈടാക്കിയത് | കുറവ് |
| 1 | വെള്ളാരംകഴി പഴളിമുട്ടിൽതാഴം റോഡ്- ( S0056/18) | 983 / 15-16 | 919402/- | 18388/- | 9195/- | 9193/- |
| 2 | മറ്റക്കുഴി കരിശ് മനാന്തടം റോഡ്- ( S0068/18) | 461/ 16-17 | 1315927/- | 26319/- | 13160/- | 13159/- |
| | ആകെ | | | | | 22352/- |

ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.35/28.02.2019) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ തുക ഈടാക്കി

ആദായനികതി അക്കൌണ്ടിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-3 സ്റ്റേഡിയത്തിന് സ്ഥലം വാങ്ങൽ-മുളന്തുരുത്തി സംയുക്തം(എസ്0637/18)-പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ

ഫയൽ നം. DP5-889/18
സെക്രട്ടറി നടപ്പിലാക്കിയ പ്രോജക്ടിന്റെ നടത്തിപ്പിലാക്കിയ ഈ പ്രോജക്ടിനായി 50,00,000/- രൂപ ജില്ലാ പഞ്ചായത്ത് മുളന്തുരുത്തി ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടുണ്ട്.(ബിൽ നം.87/12.3.18) എന്നാൽ മുളന്തുരുത്തി ഗ്രാമപഞ്ചായത്തുമായി ഒപ്പിട്ട കരാർ, സ്റ്റേഡിയത്തിനായി സ്ഥലം വാങ്ങിയതിന്റെ രേഖകളുടെ പകർപ്പ്, ആധാരം, ലൊക്കേഷൻ സ്കെച്ച് എന്നിവയുടെ പകർപ്പ്, പോക്കുവരവ് സംബന്ധിച്ച രേഖകൾ എന്നിവ സൂക്ഷിച്ചിട്ടില്ല. പ്രോജക്ട് മോണിട്ടറിംഗ് റിപ്പോർട്ടും ഇല്ല. ആയതിനാൽ പ്രോജക്ട് ലക്ഷ്യം കൈവരിച്ചെന്ന് ഉറപ്പുവരുത്തിയിട്ടില്ല
മേൽ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.9)മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ചെലവുതുകയായ 50,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 ദിവസക്കൂലി - അധികതുക നൽകി

കേരള സർക്കാരിന്റെ 28/4/17ലെ ജി ഒ (പി) നം.56/17/ധന നമ്പർ ഉത്തരവ് പ്രകാരം ദിവസക്കൂലിക്ക് നിയമിക്കപ്പെടുന്ന ഡ്രൈവർമാർക്ക് ഒരു മാസം നൽകാവുന്ന പരമാവധി വേതനം 18,450/- രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ താഴെപ്പറയുന്ന വൗച്ചറുകൾ പ്രകാരം കൂടുതൽ തുക നൽകിയിരിക്കുന്നതായി കാണുന്നു.

| പേര് | വൗച്ചർ നം. | തുക | അധികം നൽകിയ തുക |
|---|---|---|---|
| ശ്രീ. അഖിൽ കുര്യൻ പോൾ | 611-11/17 | 20550 | 2100 |
| ശ്രീ. അഖിൽ കുര്യൻ പോൾ | 808-1/18 | 20550 | 2100 |
| ശ്രീ. അഖിൽ കുര്യൻ പോൾ | 979-3/18 | 19180 | 730 |
| ശ്രീ. അനുലാൽ എംഎസ് | 612-11/17 | 19180 | 730 |
| ആകെ | | | 5660 |

അധികം നൽകിയ തുക 5660/-രൂപ ബന്ധപ്പെട്ടരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-5 'കില' പഠനയാത്ര - അധികച്ചെലവ്

കില- പഠന സന്ദർശനം- വിമാനയാത്ര സംബന്ധിച്ച്

ഫയൽ നമ്പർ : DP2-2987/17

വൌച്ചർ നം. 734-12/17 -1,50,000രൂപ

വൌച്ചർ 814-1/18 - 1,33,180 രൂപ

മഹാരാഷ്ട്ര സംസ്ഥാനത്തെ പഞ്ചായത്ത് രാജ് സംവിധാനം, നീർത്തടാധിഷ്ഠിത വികസനപ്രവർത്തനങ്ങൾ, ഖരമാലിന്യ സംസ്കരണ സംവിധാനം എന്നിവയെക്കുറിച്ച മനസ്സിലാക്കുന്നതിനായി പൂനെയിലെ സർക്കാർ പരിശീലന സ്ഥാപനമായ 'യഷാദ' യിലേക്ക്

ജില്ലാ പഞ്ചായത്ത് അംഗങ്ങൾക്കും ഉദ്യോഗസ്ഥർക്കും വേണ്ടി 2018 ജനുവരി 10-13 തീയതികളിൽ 'കില' പഠനയാത്ര സംഘടിപ്പിച്ചിരുന്നു. എന്നാൽ ജില്ലാപഞ്ചായത്തിന്റെ 14/11/17 ലെ 2(19) നമ്പർ തീരുമാനപ്രകാരം എല്ലാവർക്കുമായി ഫസ്റ്റ്ക്ലാസ്സ് എ.സി. ട്രെയിൻ ടിക്കറ്റ് ലഭ്യമാകാത്ത സാഹചര്യത്തിൽ വിമാനയാത്രക്ക് അനുമതി നൽകുകയുണ്ടായി.

മേൽ പ്രതിപാദിച്ച ഫയൽ പ്രകാരം ജില്ലാപഞ്ചായത്ത് പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട് ഉൾപ്പെടെ 21 അംഗങ്ങൾക്കും ഒരു അംഗത്തിന്റെ മൂന്നേകാൽ വയസ്സുള്ള മകൾക്കും, സെക്രട്ടറി, ഫൈനാൻസ് ഓഫീസർ, SS, JS, AE(മഴുവന്നൂർ), AE(പുത്തൻകുരിശ്), സി.കെ.മോഹൻ (ശുചിത്വമിഷൻ)എന്നിങ്ങനെ 29 പേർക്കായി 2,88,220/- രൂപ ചെലവഴിച്ചിട്ടുണ്ട്. ടി തുകയിൽ 150000/- രൂപ മാത്രമാണ് കിലയിൽ നിന്നും യാത്രചെലവിലേക്കായി അനുവദിച്ചുകിട്ടിയിട്ടുള്ളത്.

കെഎസ്ആർ റൂൾ 34(1) പ്രകാരം വിമാനയാത്ര HoDs, PS to Minister&All India service officers irrespective of their scale of pay & officerss in the pay scale of 55350-101400 and above എന്നീ വിഭാഗത്തിൽപ്പെട്ടവർക്കുമാത്രമായി ചുരുക്കിയിട്ടുള്ളതാണ്.

കിലയിൽ നിന്നും അനുവദിച്ച 1,50,000/- രൂപയിൽ കൂടുതലായി 1,38,220/- രൂപ ചെലവഴിച്ചിട്ടുണ്ട്. നിലവിലുള്ള ചട്ടങ്ങൾക്ക് വിരുദ്ധമായി സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ അനർഹമായി വിമാനയാത്ര നടത്തിയതിന് വിശദീകരണം നൽകേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടി സ്വീകാര്യമല്ല. അനർഹരായവർക്ക് വേണ്ടി ചെലവഴിച്ച അധികതുക ബന്ധപ്പെട്ടവരിൽ നിന്നും തിരികെ ഈടാക്കുവാൻ പഞ്ചായത്ത് ഭരണസമിതിയെ ചുമതലപ്പെടുത്തുന്നു.

# 3-6 നൂൽ നൂൽപ്പ് കേന്ദ്രങ്ങളിൽ തൊഴിൽ ദായക പദ്ധതി - അംഗീകൃത ഗുണഭോക്തൃലിസ്റ്റിന്റെ അഭാവവും മറ്റ് അപാകതകളും

| | | |
|---|---|---|
| പ്രോജക്ടിന്റെ പേര് | പട്ടികജാതി തൊഴിൽ ദായക പദ്ധതി -മൂന്ന് ഖാദി നൂൽ നൂൽപ്പ് കേന്ദ്രങ്ങളിൽ. (എസ്.502 /18) | |
| അടങ്കൽ | 38,12,500/- ( വികസന ഫണ്ട് -എസ്.സി.പി.) | |
| ചെലവ് | 419700/- | Bill 08876/ 28.2.2018: 25 ചർക്കകൾ സപ്ലൈ ചെയ്തതിന് നൽകിയത്. |
| | 427172/- | Bill 100611/3.3.2018 നൂൽ നൂൽപ്പ് സാമഗ്രികൾ വാങ്ങിയ ചെലവ്. |
| | 499023/- | Bill 172434/16.3.2018 വീട്ടൂർ ഖാദി യൂണിറ്റിന്റെ അറ്റകുറ്റപ്പണികൾക്കായി നൽകിയ തുക. |
| | 839400/- | Bill 183383/16.3.2018 25 ചർക്കകൾ സപ്ലൈ ചെയ്തതിന് നൽകിയത്. |

| | | |
|---|---|---|
| | 732380/- | Bill 300691/28.3.2018 ഫർണിച്ചർ സപ്ലൈ ചെയ്തതിന് നൽകിയത്. |
| | 493443/- | Bill 343135/28.3.2018 പിണർമുണ്ട ഖാദി യൂണിറ്റിന്റെ അറ്റകുറ്റപ്പണികൾക്കായി നൽകിയ തുക. |
| ആകെ | 34,11,118/- | |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് ഓഫീസർ, ഡിസ്ട്രിക്ട് ഖാദി ആന്റ് വില്ലേജ് ഇന്റസ്ട്രീസ് ഓഫീസ്. | |

വീട്ടൂർ, കുറ്റ, പിണർമുണ്ട എന്നീ പട്ടികജാതി കോളനികളിൽ ഖാദി ബോർഡിന്റെ നൂൽപ്പ് കേന്ദ്രങ്ങൾ പുനരാരംഭിക്കുന്നതിനുവേണ്ടി ഏറ്റെടുത്ത് നടപ്പിലാക്കിയ പ്രോജക്ടാണിത്. പ്രോജക്ടിന്റെ നിർവ്വഹണത്തിൽ കാണുന്ന അപാകതകൾ താഴെ ചേർക്കുന്നു.

(1) അംഗീകൃത ഗുണഭോക്തൃലിസ്റ്റ് ലഭ്യമല്ല: മൂന്ന് നൂൽ നൂൽപ്പ് കേന്ദ്രങ്ങളിൽ 25ചർക്കകൾ വീതം സ്ഥാപിച്ച് 75 പട്ടികജാതി വനിതകൾക്ക് തൊഴിൽ നൽകുന്നതിനായി ലക്ഷ്യമിട്ട പ്രോജക്ടിനായി ജില്ലാപഞ്ചായത്ത് നേരിട്ട് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനാണ് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ ഓരോ കേന്ദ്രങ്ങളിലേക്കും ഉള്ള ഗുണഭോക്താക്കളുടെ അംഗീകൃത ലിസ്റ്റ് പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല.

(2) ലിസ്റ്റിൽ ഇല്ലാത്ത ഫർണിച്ചർ ARTCO യിൽ നിന്ന് നേരിട്ട് വാങ്ങി: GO(Rt) 09/2017/ SPD / 14.2.2017, GO (Rt) 32/2017/ SPD/ 6.6.2017 എന്നീ ഉത്തരവ് പ്രകാരം ARTCO യിൽ നിന്ന് മര ഫർണിച്ചർ, സ്റ്റീൽ ഫർണിച്ചർ എന്നിവ ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങുന്നതിന് അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈ ഉത്തരവുകളിൽ അനുബന്ധമായി ചേർത്തിട്ടുള്ള സ്പെസിഫിക്കേഷനുള്ള ഫർണിച്ചർ അതിൽ രേഖപ്പെടുത്തിയിട്ടുള്ള വിലയ്ക്ക് വാങ്ങുന്നതിനായി മാത്രമാണ് ബാധകമാക്കിയിട്ടുള്ളത്. പ്രോജക്ടിന്റെ ഭാഗമായി ഇൻവോയ്സ് നം.010/ 24.3.2018 പ്രകാരം 75 വർക്ക് ടേബിൾ (ഒന്നിന് @ 6300 + 18% GST) 75 കസേരകളും (ഒന്നിന് @ 1730 + 18% GST) ഇൻവോയ്സ് നം.011 / 24.3.2018 പ്രകാരം 3സ്റ്റീൽ ടേബിൾ (ഒന്നിന് @ 4551 + 18% GST) 3 എസ് ടൈപ്പ് സ്റ്റീൽ കസേരകളും (ഒന്നിന് @ 1586 + 18% GST) വാങ്ങിയിട്ടുണ്ട്. എന്നാൽ എസ് ടൈപ്പ് സ്റ്റീൽ കസേര മാത്രമാണ് നേരിട്ടു വാങ്ങുന്നതിന് അനുവദനീയ ലിസ്റ്റിൽ ഉള്ളത്. ബാക്കിയുള്ളവ ഈ ലിസ്റ്റിൽ ഉൾപ്പെട്ടവയല്ല.

(3) മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമല്ല : പ്രോജക്ട് നിർവ്വഹണ ഘട്ടങ്ങളും പ്രോജക്ട് ലക്ഷ്യം നേടിയിട്ടുണ്ടോ എന്നത് സംബന്ധിച്ചും ബന്ധപ്പെട്ട മോണിറ്ററിങ്ങ് സമിതിയുടെ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

മേൽ പരാമർശങ്ങൾ സംബന്ധിച്ച് വിശദീകരണം / രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 43/2.3.2019) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശിത രേഖകളുടെ അഭാവത്തിൽ 34,11,188/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 3-7 ലൈഫ് ഭവനപദ്ധതി - വിനിയോഗ വിവരം ലഭ്യമല്ല

ദാരിദ്ര ലഘൂകരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടർ നിർവ്വഹണം നടത്തിയ ലൈഫ് ഭവനപദ്ധതിയുടെ 2017-18 ലെ ചെലവുവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പരും പേരും | അടങ്കൽ തുക | ചെലവു വിവരം | |
|---|---|---|---|
| | | തുക | ട്രഷറി ബിൽ നമ്പരും തിയതിയും |
| 1363/18, | 70081445 | 6737398 | 7/20.02.18 |

| | | | |
|---|---|---|---|
| ലൈഫ് ഭവനപദ്ധതി (ജനറൽ) | | 37700000 | 9/16.03.18 |
| | | 24627595 | 10/23.03.18 |
| | | 1016452 | 12/28.03.18 |
| 1374/18, ലൈഫ് ഭവനപദ്ധതി (എസ്.സി.പി.) | 22649310 | 585442 | 7/20.02.18 |
| | | 17510868 | 11/23.03.18 |
| | | 4553000 | 13/28.03.18 |
| 1376/18, ലൈഫ് ഭവനപദ്ധതി (ടി.എസ്.പി.) | 170000 | 170000 | 8/20.02.18 |
| | 92900755 | 927900755 | |

ഈ പദ്ധതിയ്ക്കായി വിവിധ ഗ്രാമ പഞ്ചായത്തുകൾക്ക് നല്കിയ തുകകളിൽ കൈപ്പറ്റ് വിവരവും വിനിയോഗ വിവരവും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ലാത്തവയുടെ വിവരം താഴെക്കൊടുക്കുന്നു.

| ഗ്രാമ പഞ്ചായത്തിന്റെ പേര് | വിഭാഗം | നല്കിയ തുക | വിനിയോഗിച്ച തുക | ബാക്കി തുക | റിമാർക്സ് |
|---|---|---|---|---|---|
| വെങ്ങോല | General | 580000 | 0 | 580000 | തുകയുടെ കൈപ്പറ്റ് വിവരം വിനിയോഗ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല |
| ആലങ്ങാട് | General | 76000 | 0 | 76000 | തുക വിനിയോഗിച്ചിട്ടില്ല. |
| കൂവപ്പടി | General | 164000 | 0 | 164000 | തുകയുടെ കൈപ്പറ്റ് വിവരം വിനിയോഗ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല |
| ആരക്കുഴ | General | 243632 | 240664 | 2968 | തുക മുഴുവനായി വിനിയോഗിച്ചിട്ടില്ല. |
| മുടക്കുഴ | General | 486933 | 0 | 486933 | തുകയുടെ കൈപ്പറ്റ് വിവരം വിനിയോഗ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല |
| ഉദയംപേരൂർ | General | 600000 | 0 | 600000 | " |
| പോത്താനിക്കാട് | General | 2000000 | 26863 | 1973137 | തുക മുഴുവനായി വിനിയോഗിച്ചിട്ടില്ല. |
| കല്ലൂർക്കാട് | General | 874000 | 0 | 874000 | തുകയുടെ കൈപ്പറ്റ് വിവരം വിനിയോഗ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല |
| വരാപ്പുഴ | General | 5600000 | 2600000 | 3000000 | തുക മുഴുവനായി വിനിയോഗിച്ചിട്ടില്ല. |
| കുന്നുകര | General | 6900000 | 0 | 6900000 | തുകയുടെ കൈപ്പറ്റ് വിവരം വിനിയോഗ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല |
| കാലടി | General | 2000000 | 1040000 | 960000 | തുക മുഴുവനായി വിനിയോഗിച്ചിട്ടില്ല. |
| വാരപ്പെട്ടി | General | 3500000 | 2280000 | 1220000 | തുക മുഴുവനായി വിനിയോഗിച്ചിട്ടില്ല. |
| മാറാടി | General | 2000000 | 0 | 2000000 | തുക വിനിയോഗിച്ചിട്ടില്ല. |
| | General | 1000000 | 0 | 1000000 | തുക വിനിയോഗിച്ചിട്ടില്ല. |

| | | | | | |
|---|---|---|---|---|---|
| ആമ്പല്ലൂർ | General | 3000000 | 0 | 3000000 | തുകയുടെ കൈപ്പറ്റ് വിവരം വിനിയോഗ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല |
| മുടക്കുഴ | General | 3000000 | 0 | 3000000 | “ |
| കടുങ്ങല്ലൂർ | General | 4000000 | 1600000 | 2400000 | തുക മുഴുവനായി വിനിയോഗിച്ചിട്ടില്ല. |
| ആയവന | General | 4000000 | 0 | 4000000 | തുക വിനിയോഗിച്ചിട്ടില്ല. |
| ചേന്ദമംഗലം | General | 4000000 | 3892112 | 107888 | തുക മുഴുവനായി വിനിയോഗിച്ചിട്ടില്ല. |
| മുളന്തുരുത്തി | General | 3000000 | 1000000 | 2000000 | തുക മുഴുവനായി വിനിയോഗിച്ചിട്ടില്ല. |
| കോട്ടപ്പടി | General | 3500000 | 0 | 3500000 | തുകയുടെ കൈപ്പറ്റ് വിവരം വിനിയോഗ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല |
| വെങ്ങോല | SCP | 160000 | 0 | 160000 | തുകയുടെ കൈപ്പറ്റ് വിവരം വിനിയോഗ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല |
| കുവപ്പടി | SCP | 174675 | 0 | 174675 | “ |
| മുടക്കുഴ | SCP | 250767 | 0 | 250767 | “ |
| ചേന്ദമംഗലം | SCP | 500000 | 400000 | 100000 | തുക മുഴുവനായി വിനിയോഗിച്ചിട്ടില്ല. |
| കടുങ്ങല്ലൂർ | SCP | 2000000 | 0 | 2000000 | തുക വിനിയോഗി ച്ചിട്ടില്ല. |
| കറുകുറ്റി | SCP | 2228000 | 0 | 2228000 | തുക വിനിയോഗി ച്ചിട്ടില്ല. |
| കോട്ടപ്പടി | SCP | 2000000 | 0 | 2000000 | തുകയുടെ കൈപ്പറ്റ് വിവരം വിനിയോഗ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല |
| അയ്യമ്പുഴ | SCP | 3000000 | 0 | 3000000 | തുക വിനിയോഗിച്ചിട്ടില്ല. |
| മണീട് | SCP | 2882868 | 0 | 2882868 | തുക വിനിയോഗി ച്ചിട്ടില്ല. |
| കുന്നുകര | SCP | 3900000 | 0 | 3900000 | തുകയുടെ കൈപ്പറ്റ് വിവരം വിനിയോഗ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല |
| ആയവന | SCP | 1000000 | 0 | 1000000 | തുക വിനിയോഗി ച്ചിട്ടില്ല. |
| പൈങ്ങോട്ടൂർ | SCP | 3500000 | 1760000 | 1740000 | തുക മുഴുവനായി വിനിയോഗിച്ചിട്ടില്ല. |
| വടക്കേക്കര | SCP | 1053000 | 0 | 1053000 | തുകയുടെ കൈപ്പറ്റ് വിവരം വിനിയോഗ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല |
| കല്ലൂർക്കാട് | TSP | 170000 | 0 | 170000 | തുകയുടെ കൈപ്പറ്റ് വിവരം വിനിയോഗ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല |
| ആകെ | | 73343875 | 14839639 | 58504236 | |

വിനിയോഗ വിവരവും കൈപ്പറ്റ് വിവരവും ലഭ്യമാക്കുന്നതുവരെ 58504236 രൂപയുടെ (73343875 –

14839639) ചെലവ് തടസ്സപ്പെടുത്തുന്നു.

# 3-8 അങ്കണവാടികൾക്ക് സ്ഥലം വാങ്ങൽ -അപാകതകൾ

കുന്നത്തുനാട് ഗ്രാമപഞ്ചായത്തിലെ 12-ാം വാർഡിലെ 143-ാം നമ്പർ അങ്കണവാടിക്ക് സ്ഥലം വാങ്ങുന്നതിനാണ് വികസനഫണ്ടിൽ നിന്നും 298771/-രൂപ വകയിരുത്തി "അങ്കണവാടിക്ക് സ്ഥലം വാങ്ങൽ – കുന്നത്തുനാട് ഗ്രാമപഞ്ചായത്ത് – സംയുക്തം" എന്ന പ്രോജക്ട് വിഭാവനം ചെയ്തിട്ടുള്ളത് (പ്രോജക്ട്നം. S0616/18). ആയതിലേക്ക് 298771/- രൂപ (ബിൽ നം. 67/15.2.18) കുന്നത്തുനാട് ഗ്രാമപഞ്ചായത്തിന് നൽകിയിട്ടുണ്ട് (ഫയൽനം. ഡി.പി.15 -3795/18). കുന്നത്തുനാട് പഞ്ചായത്തിലെ കുന്നത്തുനാട് വില്ലേജിലെ 217/4-3-3, 217/3-18-13 സർവ്വേ നമ്പരിലുള്ള 3 സെന്റിലുള്ള സ്ഥലം വാങ്ങുന്നതിന് തുക കൈമാറുന്നു എന്ന് സെക്രട്ടറിയുടെ നമ്പർ.ഡി.പി.15-3795/18 നടപടിക്രമങ്ങളിൽ സൂചിപ്പിച്ചിട്ടുണ്ട്. പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1.കുന്നത്തുനാട് പഞ്ചായത്ത് അങ്കണവാടിക്ക് സ്ഥലം വാങ്ങിയതിന്റെ രേഖകൾ (ആധാരത്തിന്റെ പകർപ്പ്) ലഭ്യമാക്കിയിട്ടില്ല.
2.പഞ്ചായത്ത് തുക കൈപ്പറ്റിയതിന്റെ വിവരം ഹാജരാക്കിയില്ല.
3.അങ്കണവാടി നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ എന്ന വസ്തുതയും വ്യക്തമല്ല.
4.പദ്ധതിയുടെ മോണിട്ടറിംഗ് റിപ്പോർട്ട് ഇല്ല.

മേൽ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് അന്വേഷണം നം. 4/21.2.2019) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ചെലവുതുകയായ 298971/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-9 എസ്.സി.കുട്ടികൾക്ക് വിദേശത്ത് ഉപരിപഠനം-അപാകതകൾ

| | |
|---|---|
| പ്രോജക്ടിന്റെ പേരും നമ്പരും | എസ്.സി. കുട്ടികൾക്ക് വിദേശത്ത് ഉപരിപഠനം,<br>നം. എസ് 0617/18 |
| | എസ്.സി. കുട്ടികൾക്ക് വിദേശത്ത് ഉപരിപഠനം,<br>നം. എസ് 1087/18 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| ഫയൽ നം. | ഡി.പി.15-2696/17 |
| അടങ്കൽ | 7667704 (എസ്.സി.പി) (എസ് 0617/18) |
| | 133591 (എസ്.സി.പി) (എസ് 1087/18) |

പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട പഠനമികവ് പുലർത്തുന്ന വിദ്യാർത്ഥികൾക്ക്, വിദേശത്ത് ഉപരിപഠനം നടത്തുന്നതിനായാണ് പ്രോജക്ടുകൾ വിഭാവനം ചെയ്തത്. അടങ്കൽ പ്രകാരമുള്ള

തുകകൾ പൂർണ്ണമായുംചെലവഴിച്ചിട്ടുണ്ട്.തൻവർഷം തെരെഞ്ഞെടുത്ത ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ, നൽകിയ ആനുകൂല്യം എന്നിവ ചുവടെ ചേർക്കുന്നു..

മുൻവർഷങ്ങളിലുള്ള ഗുണഭോക്താക്കൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ താഴെചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര്/ ഗ്രാമപഞ്ചായത്ത് | ഗുണഭോക്താവ് പൂർത്തിയാക്കിയ കോഴ്സ് | കോഴ്സ്,രാജ്യം | തുക | ചെലവ് വിവരങ്ങൾ |
| --- | --- | --- | --- | --- |
| ലക്ഷ്മി എം.റ്റി.<br>മലയാറ്റൂർ – നീലീശ്വരം ഗ്രാമപഞ്ചായത്ത് | ബി.എസ്.സി കെമിസ്ട്രി | ബാച്ചിലർ ഓഫ് എഞ്ചിനീയറിംഗ് ടെക്നോളജി, കേപ്പ് ബ്രിട്ടൺ യൂണിവേഴ്സിറ്റി കാനഡ | 383295 | 95/20.3.18 |
| ശ്രുതി കെ.ആർ<br>ആയവന ഗ്രാമപഞ്ചായത്ത് | ബി.എസ്.സി നഴ്സിംഗ് | എം.എസ്.സി. ഇൻറർനാഷണൽ ബിസിനസ് ലാസർസ്കി യൂണിവേഴ്സിറ്റി, പോളണ്ട് | 439756 | 45/14.12.2017 |
| പ്രവീൺകുമാർ കെ.പി.<br>ആലങ്ങാട് ഗ്രാമപഞ്ചായത്ത് | ബി.എസ്.സി. ഫിസിക്സ് | എം.ബി.എ. ഡബ്ലിൻ യൂണിവേഴ്സിറ്റി<br>അയർലൻഡ് | 748637 | 3/20.7.17 |
| | | | 131769 | 36/31.10.17 |
| | | | 39063 | 29/19.10.17 |
| | | | 80531 | 71/20.2.18 |

(1) 13-ാം പഞ്ച വത്സര പദ്ധതി മാർഗ്ഗരേഖ ജി.ഒ.(എം.എസ്) 80/17/3.4.2017 പ്രകാരം മെറിറ്റോറിയസ് ആയ വിദ്യാർത്ഥികൾക്ക് ദേശീയ / അന്തർദേശീയ സ്ഥാപനങ്ങളിൽ അഡ്മിഷൻ ലഭിക്കുന്നതിന് ധനസഹായം നൽകുന്നതിനുള്ള പ്രോജക്ടുകൾ ആവിഷ്കരിക്കുവാനാണ് അനുമതി നൽകിയിരിക്കുന്നത്. എന്നാൽ ആനുകൂല്യം ലഭിച്ചിരിക്കുന്ന എല്ലാ ഗുണഭോക്താക്കളും പഠനമികവോ, മികച്ച അക്കാദമിക് നിലവാരമോ ഉള്ളവരല്ല എന്നതിനാൽ മെറിറ്റോറിയസ് എന്ന നിബന്ധന പൂർണ്ണമായും പാലിക്കുന്നില്ല. ഉദാ-:ശ്രീ.പ്രവീൺകുമാർ കെ.പി എന്ന വ്യക്തി 2011 മാർച്ച് മാസം മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റിയുടെ ബി.എസ്.സി ഫിസിക്സ് സെക്കൻഡ് ക്ലാസിൽ പൂർത്തിയാക്കിയതാണ്.

2) സബ്സിഡി മാർഗരേഖയിൽകോഴ്സിന് പോകുന്ന സ്ഥലം പരിഗണിച്ച് സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന തുകയായിരിക്കും ധനസഹായ തുക എന്നും മാർഗരേഖയിൽ സൂചിപ്പിച്ചിട്ടുണ്ട്.എന്നാൽ ഇപ്രകാരം സർക്കാർ തുക നിശ്ചിയച്ചതിന്റെ വിവരം ഫയലിൽ സൂചിപ്പിച്ചിട്ടില്ല. മേൽ സൂചിപ്പിച്ച ഗുണഭോക്താക്കളിൽ കുമാരി ലക്ഷ്മി എം.റ്റി-ക്ക് കോഴ്സ് ഫീസ് നൽകുവാനും,ശ്രുതി കെ.ആർ -ന് കോഴ്സ് ഫീസായി 18.30ലക്ഷം രൂപയും അനുവദിക്കുവാനും യഥാക്രമം 14.11.2017-ലെ ജി.ഒ.(ആർ.ടി)3669/17,ജി.ഒ.(ആർ.ടി)3668/17-എന്നിവ പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. എന്നാൽ പ്രവീൺകുമാർ കെ.പി എന്ന ഗുണഭോക്താവിന് ആർ.ബി.എം.സി എന്ന കോഴ്സ് ന്യൂസിലൻഡ്-ൽ ചെയ്യുന്നതിന് കോ-ഓർഡിനേഷൻ കമ്മിറ്റി

അംഗീകാരം നൽകിയിട്ടുണ്ട്.എന്നാൽ ടിയാൻ അയർലൻഡിൽ ഡബ്ലിൻ യൂണിവേഴ്സിറ്റിയിൽ എം.ബി.എ ചെയ്യുന്നതിനാണ് നിലവിൽ ജില്ലാ പഞ്ചായത്തിൽ നിന്നും സ്കോളർഷിപ്പ് അനുവദിച്ചിരിക്കുന്നത്.ആയതിനാൽ സർക്കാരിന്റെ അനുമതി ഇല്ലാതെയാണ് ടിയാൾക്ക് സ്കോളർഷിപ്പ് അനുവദിച്ചിരിക്കുന്നത്.

3)ഗുണഭോക്താക്കൾ തുക കൈപ്പറ്റിയതിന്റെ വിവരങ്ങൾ ലഭ്യമല്ല.ട്യൂഷൻ ഫീസിനത്തിൽ യൂണിവേഴ്സിറ്റികളിൽ തുക അടച്ചതിന്റെ വിവരങ്ങളും ഗുണഭോക്താക്കളിൽ നിന്നും ലഭ്യമല്ല. ആയതിനാൽ മേൽ സൂചിപ്പിച്ച ഗുണഭോക്താക്കൾ കോഴ്സ് ചെയ്യുന്നുണ്ട് എന്ന വസ്തുതയും ഉറപ്പു വരുത്തുവാൻ സാധിച്ചിട്ടില്ല.
4) ഈ പ്രോജക്ട് പ്രകാരം മുൻവർഷത്തെ ഗുണഭോക്താക്കൾക്കുള്ള തുകയും അനുവദിച്ചിട്ടുണ്ട്. സ്പിൽ ഓവർ പ്രോജക്ട് (നം.1087/18) പ്രകാരം 133591/-രൂപ മാത്രമാണ് അനുവദിച്ചിരിക്കുന്നത്.ഈ തുക കൈപ്പറ്റിയ ഗുണഭോക്താവിന് എസ് 0617/18 പ്രകാരവും തുക അനുവദിച്ചിട്ടുണ്ട്.
5) ജില്ലാ പഞ്ചായത്ത് നടപ്പിലാക്കുന്ന ഈ പ്രോജക്ടിന് കൃത്യമായ മാനദണ്ഡങ്ങൾ ഒന്നും നിശ്ചയിച്ചിട്ടില്ല. മെറിറ്റോറിയസ് ആയ വിദ്യാർഥികൾക്കാണ് ആനുകൂല്യം നൽകേണ്ടത് എന്ന് പദ്ധതിമാർഗരേഖയിൽ പ്രതിപാദിച്ചിട്ടുണ്ട്. ഗുണഭോക്താവ് പൂർത്തിയാക്കിയ കോഴ്സിന് ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിലായിരിക്കണം മെറിറ്റോറിയസ് ആണോ എന്ന് നിശ്ചയിക്കേണ്ടത്. എന്നാൽ ആയതിന്റെ മാനദണ്ഡങ്ങളൊന്നും പ്രോജക്ടിൽ സൂചിപ്പിച്ചിട്ടില്ല.
ഗുണഭോക്താക്കളുടെ പഞ്ചായത്തുകളിൽ നിന്നും അവരെ ഗ്രാമസഭ തെരഞ്ഞെടുത്തതിന്റെ വിവരം മാത്രമാണ് ഫയലിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത് എന്നതിൽ നിന്നും ജില്ലയിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലേയും ഗുണഭോക്താക്കളെ ഉൾപ്പെടുത്തി ഒരു ലിസ്റ്റ് തയ്യാറാക്കുകയോ അർഹത വിലയിരുത്തി ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കുകയോ ചെയ്തിട്ടില്ല എന്ന് വ്യക്തമാകുന്നു. പ്രോജക്ട് മാനദണ്ഡങ്ങൾ കൃത്യമായി ജില്ലയിലെ എല്ലാ ഗ്രാമ പഞ്ചായത്തുകളിലേക്കും അറിയിക്കുകയും ആയതനുസരിച്ച് ലഭിച്ച വിവരങ്ങൾ ക്രോഡീകരിച്ച് ഗുണഭോക്താക്കളുടെ അർഹത വിലയിരുത്തി ഗുണഭോക്തൃലിസ്റ്റ് ജില്ലാ പഞ്ചായത്ത് തയ്യാറാക്കി മാത്രം പ്രോജക്ട് നടപ്പിലാക്കേണ്ടതാണ്. ഒരേ ഗുണഭോക്താവിന് തന്നെ തൻവർഷം തയ്യാറാക്കിയ പുതിയ പ്രോജക്ട് മുഖേനയും, സ്പിൽ ഓവർ പ്രോജക്ട് മുഖേനയും ആനുകൂല്യങ്ങൾ നൽകുന്നതുപോലുള്ള കാര്യങ്ങൾ ആവർത്തിക്കുന്നത് ആസൂത്രണത്തിൽ സംഭവിച്ച പാളിച്ചയാണ്. 2015-16 വർഷം മുതലുള്ള ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടും പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ തുടരുന്നത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.
മേൽ സൂചിപ്പിച്ച അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.31) മറുപടി ലഭ്യമാക്കിയില്ല. വിനിയോഗം സംബന്ധിച്ച രേഖകൾ പൂർണ്ണമായും ഹാജരാക്കാത്തതിനാലും സർക്കാർ അനുമതിലഭിച്ച കോഴ്സിനല്ലാതെ മറ്റൊരു കോഴ്സ് പഠിക്കുന്നതിന് ശ്രീ.പ്രവീൺകുമാർ കെ.പി.എന്ന ഗുണഭോക്താവിന് അനുവദിച്ച 10,00,000/- രൂപയും കൈപ്പറ്റിയ തുകയുടെ വിനിയോഗം സംബന്ധിച്ച രേഖകൾ ഹാജരാക്കാത്തതിനാൽ മറ്റ് ഗുണഭോക്താക്കൾക്ക് അനുവദിച്ച 823051/-രൂപയും ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-10 പി.എം.എ.വൈ.ഭവനപദ്ധതി - വിനിയോഗ വിവരം ലഭ്യമാക്കിയില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു

ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടർ നിർവ്വഹണം നടത്തിയ പി.എം.എ.വൈ. ഭവനപദ്ധതിയുടെ 2017-18 ലെ ചെലവുവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പരും പേരും | അടങ്കൽ തുക | ചെലവു വിവരം | |
|---|---|---|---|
| | | തുക | ട്രഷറി ബിൽ നമ്പരും തിയതിയും |
| S 0572/18, പി.എം.എ.വൈ. (ജനറൽ) | 2256000 | 1640000 | 1/17.11.17 |
| | | 616000 | 5/20.02.18 |
| S 0573/18, പി.എം.എ.വൈ. (എസ്.സി.പി.) | 1580000 | 1412000 | 2/17.11.17 |
| | | 168000 | 6/20.02.18 |

| | | | |
|---|---|---|---|
| S 0574/18, പി.എം.എ.വൈ. (ടി.എസ്.പി.) | 2054992 | 2054992 | 4/27.12.17 |

ഈ പദ്ധതിയ്ക്കായി വിവിധ ബ്ലോക്ക് പഞ്ചായത്തുകൾക്ക് നല്കിയ തുകകളിൽ വിനിയോഗ വിവരം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ലാത്തവയുടെ വിവരം താഴെക്കൊടുക്കുന്നു.

| ബ്ലോക്ക് പഞ്ചായത്തിന്റെ പേര് | വിഭാഗം | നല്കിയ തുക | വിനിയോഗിച്ച തുക | ബാക്കി തുക | റിമാർക്സ് |
|---|---|---|---|---|---|
| വടവുകോട് | General | 576000 | 112000 | 464000 | തുക മുഴുവനായി വിനിയോഗിച്ചിട്ടില്ല. |
| അങ്കമാലി | General | 112000 | 56000 | 56000 | തുക മുഴുവനായി വിനിയോഗിച്ചിട്ടില്ല. |
| വടവുകോട് | SCP | 768000 | 168000 | 600000 | തുക മുഴുവനായി വിനിയോഗിച്ചിട്ടില്ല. |
| പാറക്കടവ് | SCP | 56000 | 0 | 56000 | തുക വിനിയോഗിച്ചിട്ടില്ല. |
| അങ്കമാലി | SCP | 168000 | 28000 | 140000 | തുക മുഴുവനായി വിനിയോഗിച്ചിട്ടില്ല. |
| മുളന്തുരുത്തി | TSP | 45500 | 0 | 45500 | തുക വിനിയോഗിച്ചിട്ടില്ല. |
| വടവുകോട് | TSP | 104000 | 0 | 104000 | തുക വിനിയോഗിച്ചിട്ടില്ല. |
| കോതമംഗലം | TSP | 1814492 | 318500 | 1495992 | തുക മുഴുവനായി വിനിയോഗിച്ചിട്ടില്ല. |
| ആകെ | | 3643992 | 682500 | 2961492 | |

വിനിയോഗ വിവരം ലഭ്യമാക്കുന്നതുവരെ 2961492 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 3-11 ചെലവുരേഖകൾ ലഭ്യമാക്കിയില്ല-തുക തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നടപ്പിലാക്കിയ പ്രോജക്ടുകളുടെ നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

(1) <u>കാരിക്കോട് എസ്.സി.കോളനി കുടിവെള്ള പദ്ധതി (എസ് 0625/18)</u>

മൂവാറ്റുപുഴ പി.എച്ച് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 27.3.2017-ലെ എ3-22/09/vol II കത്ത് പ്രകാരം പ്രോജക്ടിന്റെ എസ്റ്റിമേറ്റ് തുക 20,00,000/- രൂപയാണ്. ജില്ലാ പഞ്ചായത്ത് പ്രോജക്ടിന്റെ നടത്തിപ്പിലേക്കായി 20,00,000/- രൂപ വകയിരുത്തുകയും ഈ തുക വാട്ടർ അതോറിട്ടിയിലേക്ക് (പി.എച്ച് ഡിവിഷൻ, മൂവാറ്റുപുഴ) കൈമാറുകയും ചെയ്തിട്ടുണ്ട്. (ബിൽനം. 76/ 24.2.2018).എന്നാൽ പ്രോജക്ട് പൂർത്തിയാക്കിയതിന്റെ വിവരങ്ങളോ ധനവിനിയോഗവിവരങ്ങളോ ഇല്ല. പ്രോജക്ട് മോണിട്ടറിംഗും നടത്തിയിട്ടില്ല.

(2) <u>വാർഡ് – 18 ലെ എസ്.സി.കോളനി കുടിവെള്ള പദ്ധതി -കുന്നത്തുനാട് ഗ്രാമപഞ്ചായത്ത് (എസ് 0583/18)</u>

കുന്നത്തുനാട് ഗ്രാമപഞ്ചായത്തിലെ വാർഡ് 18-ലെ നടപ്പാക്കുവാൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ(പി.എച്ച് ഡിവിഷൻ ആലുവ) 5.3.2018 - ലെ A4-1270/ PRICE/2018 കത്ത് പ്രകാരം പ്രോജക്ടിന്റെ എസ്റ്റിമേറ്റ് തുക 20,00,000/- രൂപയാണ്. ജില്ലാ പഞ്ചായത്ത് എസ്റ്റിമേറ്റ് പ്രകാരമുള്ള തുക 20,00,000/- രൂപ വകയിരുത്തുകയും ഈ തുക വാട്ടർ അതോറിട്ടിയിലേക്ക് (പി.എച്ച്. ഡിവിഷൻ ആലുവ) കൈമാറിയിട്ടുണ്ട്. (ബിൽനം. 104/24.3.2018). എന്നാൽ പ്രോജക്ട് ഏത് ഘട്ടം വരെയാണ് പൂർത്തിയാക്കിയതെന്ന വിവരങ്ങളോ ധനവിനിയോഗവിവരങ്ങളോ ഇല്ല. പ്രോജക്ട് മോണിട്ടർ ചെയ്തിട്ടുമില്ല..

(3) <u>താന്താന്നിക്കുളം ആലങ്ങാട്(എസ്0373/18)</u>

പ്രോജക്ടിന്റെ നടത്തിപ്പിലേക്കായി 5,00,000/-രൂപ വകയിരുത്തുകയും ഈ തുക ആലങ്ങാട് ഗ്രാമപഞ്ചായത്തിലേക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്.(ബിൽനം.93/16.3.2018) എന്നാൽ താന്താന്നിക്കുളം നവീകരണം എന്ന് മാത്രമാണ് പ്രോജക്ടിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഈ പ്രോജക്ടിന്റെ എസ്റ്റിമേറ്റ് ഫയലിൽ ഇല്ല. സംയുക്ത പ്രോജക്ടുകളുടെ നടത്തിപ്പ് സംബന്ധിച്ച മാർഗനിർദ്ദേശങ്ങളും (23.1.2017-ലെ ജി.ഒ. (പി)7/2017/fin) പാലിച്ചിട്ടില്ല. പ്രോജക്ട് നടപ്പിലാക്കിയതിന്റെ വിവരങ്ങളോ മോണിട്ടറിംഗ് റിപ്പോർട്ടോ ഇല്ല.

(4) <u>തേൻകുളം പുനരുദ്ധാരണം (എസ്.0535/18)</u>

പ്രോജക്ടിന്റെ നടത്തിപ്പിലേക്കായി 5,00,000/-രൂപ വകയിരുത്തുകയും ഈ തുക നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിലേക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. (ബിൽനം.64/16.2.2018) എന്നാൽ തേൻകുളം സൈഡ്കെട്ട് എന്ന് മാത്രമാണ് പ്രോജക്ടിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഈ പ്രോജക്ടിന്റെ വിശദമായ എസ്റ്റിമേറ്റ് ഫയലിൽ ഇല്ല. പ്രോജക്ട് നടപ്പിലാക്കിയതിന്റെ വിവരങ്ങളും മോണിട്ടറിംഗ് റിപ്പോർട്ടും ഇല്ല.

മേൽ സൂചിപ്പിക്കുന്ന അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാകുന്നില്ല. പ്രോജക്ട് നടപ്പിലാക്കുന്ന സ്ഥാപനങ്ങളിലേക്ക് തുക കൈമാറുക മാത്രമാണ് തൻവർഷം ചെയ്തിട്ടുള്ളത്. മേൽ പ്രോജക്ടുകളുടെ പ്രവൃത്തി പുരോഗതി വിലയിരുത്തിയിട്ടില്ല. പ്രോജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കാതിരുന്നതിനാൽ മേൽ പ്രോജക്ടുകളുടെ മൊത്തം ചെലവു തുകയായ 50,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-12 സബ്സിഡി മാർഗ്ഗരേഖ ലംഘിച്ച് മെഡിക്കൽ ക്യാമ്പുകൾ നടത്തി ഔഷധകിറ്റുകൾ വിതരണം ചെയ്തു - ഔഷധകിറ്റിൽ രോഗപ്രതിരോധ മരുന്നു വിഭാഗത്തിൽ ഉൾപ്പെടാത്ത ഇനവും നൽകി.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ജില്ലാആയുർവേദ ആശുപത്രിക്ക് മരുന്ന വാങ്ങൽ |
| പ്രോജക്ട് നമ്പർ | S 0458/18 |
| നിർവ്വഹണം | ചീഫ് മെഡിക്കൽ ഓഫീസർ, ജില്ലാ ആയുർവേദ ഹോസ്പിറ്റൽ |
| ചെലവ് വിവരം | ബിൽ നമ്പർ 01/01-11-17 രൂപ 10ലക്ഷം |

ജില്ലാ ആയുർവേദ ആശുപത്രിക്ക് ആവശ്യമായ മരുന്ന് വാങ്ങുന്നതിനായി S 0458/18 പ്രോജക്ട് പ്രകാരം 10 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ജില്ലയിൽ പടരുന്ന മഴക്കാല രോഗങ്ങൾ തടയുന്നതിന് പനി ബാധിതർ കൂടുതലുള്ള സ്ഥലങ്ങളിൽ മെഡിക്കൽ ക്യാമ്പ് നടത്തുന്നതിനും ക്യാമ്പിലേക്കാവശ്യമായ മരുന്നുകൾ ഔഷധിയിൽ നിന്നും വാങ്ങി വിതരണം ചെയ്യുന്നതിനും 29-06-17 ൽ കൂടിയ ജില്ലാ പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. ഇതനുസരിച്ച് 12.7.2017, 13.7.2017, 17.7.2017, 22.7.2017, 24.7.2017 എന്നീ തീയതികളിലായി ആമ്പല്ലൂർ , മലയാറ്റൂർ നീലീശ്വരം, വാളകം, നായരമ്പലം, ചേന്ദമംഗലം ആയുർവേദ ഡിസ്പെൻസറികളുടെ നേതൃത്വത്തിൽ മെഡിക്കൽ ക്യാമ്പുകൾ നടത്തുകയും ഔഷധ കിറ്റുകൾ വാങ്ങിയ ഇനത്തിൽ താഴെപ്പറയും വിധം തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

| ഇൻവോയ്സ് നമ്പർ | തീയതി | തുക |
|---|---|---|
| | | |

| | | |
|---|---|---|
| 90024686 | 10-07-17 | 276640 |
| 90024685 | 08-07-17 | 33600 |
| 90024738 | 10-07-17 | 15120 |
| 90024719 | 10-07-17 | 186480 |
| ആകെ | | 511840 |

ക്യാമ്പിലേക്കാവശ്യമായ മരുന്നുകൾ ഔഷധിയിൽ നിന്നും വാങ്ങി വിതരണം ചെയ്തതിന് വന്ന ചെലവു തുക മേൽ പ്രോജക്ടിൽ നിന്നും CMOയ്ക്ക് അനുവദിക്കുന്നതിന് ജില്ലാ പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ (തീരുമാനം നമ്പർ 19/17-08-17) തുക ചെലവഴിച്ചിട്ടുണ്ട്.

എ) സമഗ്ര ആരോഗ്യപരിപാടിയിൻ കീഴിൽ ആരോഗ്യ സ്ഥാപനങ്ങൾ വഴി രോഗപ്രതിരോധ മരുന്നുകൾ എല്ലാ വിഭാഗങ്ങൾക്കും ലഭ്യമാക്കുവാൻ നിർദ്ദേശമുണ്ടെങ്കിലും ജില്ലാആയുർവേദ ആശുപത്രിക്ക് മരുന്നു വാങ്ങൽ എന്ന പ്രോജക്ടിൽ വകയിരുത്തിയ തുകയിൽ നിന്നും മെഡിക്കൽ ക്യാമ്പ് നടത്തി പ്രതിരോധ മരുന്നുകൾ വിതരണം ചെയ്തത് ശരിയായ നടപടിയല്ല.

ബി) ചെലവഴിച്ച തുകയിൽ 201600/-രൂപ ചെലവഴിച്ച് അപരാജിത ധൂമ ചൂർണം വാങ്ങി കിറ്റിൽ ഉൾപ്പെടുത്തി വിതരണം ചെയ്തിട്ടുണ്ട്. അന്തരീക്ഷത്തിലൂടെ പകരുന്ന രോഗാണുക്കളെ നശിപ്പിക്കുന്നതിനായി ഉപയോഗിക്കുന്ന ഒരു ധൂപനയോപമാണ് ഇത് എന്നാണ് ഓഡിറ്റ് എൻക്വയറി നം. 26 ന് നൽകിയ മറുപടിയിൽ അറിയിച്ചത്. ഇത് രോഗപ്രതിരോധ മരുന്നു വിഭാഗത്തിൽ വരുന്നതല്ലാത്തതിനാൽ ഇത്തരത്തിലുള്ള ചെലവ് ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-13 സ്മാർട്ട് ക്ലാസ് റൂം പദ്ധതി - 11 ക്ലാസ് മുറികൾ പൂർത്തിയാക്കിയിട്ടില്ല.

പൊതു വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ നിർവ്വഹണം നടത്തിയ സ്മാർട്ട് ക്ലാസ് റൂം പദ്ധതി (പ്രോജക്ട് നമ്പർ 1123/18) പ്രകാരം 58 ഹൈസ്കൂളുകളിലായി 199 സ്മാർട്ട് ക്ലാസ് റൂമുകൾ ഒരുക്കുന്നതിന് കെൽട്രോണിന് 12483270 രൂപ ട്രഷറി ബിൽ നമ്പർ - 7 തീയതി 31.03.2018 പ്രകാരം നൽകിയിട്ടുണ്ട്. 188 സ്മാർട്ട് ക്ലാസ് റൂമുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും 11 ക്ലാസ് മുറികളുടെ നിർമ്മാണത്തിനുള്ള സൗകര്യം സ്കൂൾ അധികൃതർ ഒരുക്കിയിട്ടില്ലെന്നുമാണ് 6.8.2018 ൽ (CASO/IT/ 18-19/118 നമ്പർ കത്ത് മുഖേന) കെൽട്രോൺ അറിയിച്ചിരിക്കുന്നത്. പ്രസ്തുത 11 ക്ലാസ് മുറികൾ സ്മാർട്ട് ക്ലാസ് റൂം ആക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കണം എന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ - 11, തീയതി 23.02.2019) നല്കിയെങ്കിലും രേഖകൾ ലഭ്യമാക്കിയില്ല. 11 ക്ലാസ് മുറികൾ സ്മാർട്ട് ക്ലാസ് റൂമുകൾ ആക്കി വിവരം ഓഡിറ്റിനെ അറിയിക്കുന്നത് വരെ പ്രസ്തുത ക്ലാസ് റൂമുകൾക്കായി നല്കിയ 6,90,030 രൂപ (62730 x 11) തടസ്സപ്പെടുത്തുന്നു.

# 3-14 ഹൈഡ്രോളിക് എക്സ്കവേറ്റർ വാങ്ങൽ - നിർവ്വഹണത്തിലെ അപാകതകൾ.

(ഫയൽ നം. എ.ഇ.4/ 948 / 2017)

| | |
|---|---|
| പ്രോജക്ടിന്റെ | ഹൈഡ്രോളിക് എക്സ്കവേറ്റർ വാങ്ങൽ |

| | |
|---|---|
| പേര് | (എസ്.1235 /18) |
| അടങ്കൽ | 26,32,000/- ( വികസന ഫണ്ട് -ജനറൽ) |
| ചെലവ് | 26,32,000/- ബിൽ നം. LSGD /03/ 24.03.018 (ബാർജ്ജ് രൂ. 4,00,000/- Invoice JCB 01CR 00073 / 21.3.018, ജെ.സി.ബി. രൂ.22,32,000/- Invoice JCB 011NV 00305/ 28.2.2018) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (അഗ്രിക്കൾച്ചർ) |

ഈ പ്രോജക്ടിൽ ഉൾപ്പെടുത്തി പോപ്പുലർ മോട്ടോർ കോർപ്പറേഷനിൽ നിന്നും ഹൈഡ്രോളിക് എക്സ്കവേറ്റർ (JCB 30 PLUS), ബാർജ്ജ് (JCB 30 PLUS BARGE) എന്നിവ വാങ്ങിയിട്ടുണ്ട്. ഇത് നടപ്പാക്കിയതിൽ താഴെ പറയുന്ന അപാകതകളുണ്ട്

(1) വ്യക്തമായ ബൈലോ തയ്യാറാക്കിയിട്ടില്ല : ജെ.സി.ബി, ബാർജ്ജ് എന്നിവയുടെ ഉപയോഗം സംബന്ധിച്ച് വ്യക്തമായ ബൈലോയോ മാർഗ്ഗ നിർദ്ദേശങ്ങളോ തയ്യാറാക്കിയിട്ടില്ല. ജെ.സി.ബി.യുടെ വാടക പ്രതിദിനം 2500/- രൂപയും ബാർജ്ജിന്റെത് പ്രതിദിനം 1000/- രൂപയായും നിശ്ചയിച്ചിരുന്നത് 17.5.2018 ലെ 8-ം നമ്പർ തീരുമാനപ്രകാരം പ്രതിദിനം 1000/- രൂപയായി പഞ്ചായത്ത് പുനർ നിശ്ചയിട്ടുണ്ട്. ഇത് രണ്ടുപകരണങ്ങൾക്കും കൂടിയാണോ അതോ ഓരോന്നിനും ആണോ എന്നത് തീരുമാനത്തിൽ വ്യക്തമാക്കിയിട്ടില്ല. എന്നാൽ ആർക്കൊക്കെ വാടകയ്ക്ക് നൽകാം, ഇന്ധന ചെലവ്, ഡ്രൈവറുടെ ബാറ്റ, മെയിന്റനൻസ്, കസ്റ്റോഡിയൻ ഓഫീസർ, എവിടെ സൂക്ഷിക്കണം തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തി വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ചിട്ടില്ല.

(2) ഉപകരണങ്ങൾ വർക്ക് ഷോപ്പിൽ സൂക്ഷിച്ചിരിക്കുന്നു : സ്റ്റോക്ക് രജിസ്റ്ററിൽ ( പേജ് 27, general items Vol.1) ജെ.സി.ബി.യും ബാർജ്ജും kept in work shop എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇത് ജില്ലാപഞ്ചായത്തിന്റെ ഉടമസ്ഥയിലുള്ള സ്ഥലമാണോ അതോ സ്വകാര്യ വർക്ക് ഷോപ്പാണോ എന്ന് വ്യക്തമല്ല.

(3) ജെ.സി.ബി. പ്രവർത്തന രഹിതമായി : ജെ.സി.ബി. കുന്നുകര ഗ്രാമപഞ്ചായത്തിൽ നിർത്തിയിട്ടിരുന്ന അവസരത്തിൽ 2018 ലെ പ്രളയത്തിൽ മുങ്ങി പ്രവർത്തന രഹിതമായതിനെ തുടർന്ന് ആയത് നന്നാക്കുന്നതിന് പോപ്പുലർ മോട്ടോർ കോർപ്പറേഷനോട് ആവശ്യപ്പെട്ടിട്ടുണ്ട് ( കത്ത് നം. എ.ഇ.4 / 948 / 2017/ 03.09.2018). ജെ.സി.ബി.യുടെ ഇപ്പോഴത്തെ അവസ്ഥ സംബന്ധിച്ചുള്ള വിവരം ഫയലിൽ ലഭ്യമല്ല.

ഈ പരാമർശങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വറിക്ക് (നം. 20/25.2.2019) മറുപടി ലഭ്യമാക്കിയിട്ടില്ല. ജെ.സി.ബി. / ബാർജ്ജ് എന്നിവയുടെ ഉപയോഗം സംബന്ധിച്ച് വ്യക്തമായ ബൈലോ ഉണ്ടാക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# 3-15 ഗ്രാമ പഞ്ചായത്തുകളിലെ ആധുനിക ശ്മശാന നിർമ്മാണം-സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

ഫയൽ നം-.ഡി.പി.14-95/2017

ഞാറക്കൽ ഗ്രാമപഞ്ചായത്തിൽ ആധുനിക ശ്മശാനം നിർമ്മിക്കുന്നതിന് ജില്ലാ പഞ്ചായത്ത് വിഭാവനം ചെയ്ത എസ്. 0558/18 നമ്പർ പ്രോജക്ട് പ്രകാരം ജില്ലാ പഞ്ചായത്ത് വിഹിതമായി 11979479/- രൂപയും 2,00,000/- രൂപ പഞ്ചായത്ത് വിഹിതമായും വകയിരുത്തിയിട്ടുണ്ട്. പഞ്ചായത്തിൽ നിന്നും തയ്യാറാക്കിയ എസ്റ്റിമേറ്റ് (നം. 2018/6489)പ്രകാരം ചെലവ് തുക 11965704/- രൂപയാണ് . ഈ തുക ജില്ലാ പഞ്ചായത്തിൽ നിന്നും ഞാറക്കൽ ഗ്രാമപഞ്ചായത്തിന് കൈമാറി നൽകിയിട്ടുണ്ട് (ബിൽ നം.79/28.2.2018 -8824000/- രൂപ, ബിൽ നം.100/ 22.3.2018 -3141704/- രൂപ). പാറക്കടവ് ഗ്രാമപഞ്ചായത്തിൽ ഗ്യാസ് ക്രിമറ്റോറിയം നിർമ്മിക്കുന്നതിന് 90,00,000/-രൂപ ചെലവു വരുമെന്ന് (എസ്റ്റിമേറ്റ് നം. 2016/41989) ഫയലിൽ സൂചിപ്പിച്ചിട്ടുണ്ട്. ജില്ലാ പഞ്ചായത്തിന്റെ പ്രോജക്ട് നം.എസ്. 0673/18 പ്രകാരം 86,22,000 രൂപ ജില്ലാ പഞ്ചായത്ത് വിഹിതവും 2,00,000/- രൂപ പാറക്കടവ് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടും വകയിരുത്തിയിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് വിഹിതമായ തുക പാറക്കടവ് ഗ്രാമപഞ്ചായത്തിന്

നൽകുകയും ചെയ്തു (ബിൽ നം.94/ 16.3.18 -8622000/- രൂപ ) സംയുക്ത പ്രോജക്ടുകളുടെ നടത്തിപ്പിൽ 23.1.2017ലെ ജി.ഒ(പി)/2017/ഫിൻ, ജി.ഒ. (പി)187/ 2015 ഫിൻ /19.5.2015 എന്നീ ഉത്തരവുകളിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. എന്നാൽ ഈ പ്രോജക്ടുകൾ നടപ്പിലാക്കിയപ്പോൾ പ്രസ്തുത നിർദ്ദേശങ്ങളൊന്നും പാലിക്കപ്പെട്ടിട്ടില്ല. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

എ) സംയുക്ത പ്രോജക്ടിൽ ഉൾപ്പെടുന്ന തദ്ദേശഭരണസ്ഥാപനങ്ങൾ പ്രോജക്ടിന്റെ നടത്തിപ്പ് സംബന്ധിച്ച് കരാർ ചമക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ആയത് പാലിക്കപ്പെട്ടിട്ടില്ല.

ബി) ഞാറക്കൽ ഗ്രാമപഞ്ചായത്തിന് ആധുനിക ശ്മശാനം നിർമ്മിക്കുന്നതിനുള്ള എക്സിക്യൂട്ടിവ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി (എസ് 1019/17) 2016-17 വർഷം നടപ്പിലാക്കുവാനായി വികസനഫണ്ടിൽ നിന്നും 535521/-രൂപയും ഗ്രാമപഞ്ചായത്ത് വിഹിതമായി 1000000/-രൂപയും വകയിരുത്തിയിരുന്നു. ടെണ്ടർ ക്ഷണിച്ചതായും കരാറുകാരനുമായി എഗ്രിമെന്റ് ഒപ്പുവയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ജില്ലാ പഞ്ചായത്ത് കമ്മിറ്റിയുടെ 14.8.2017-ലെ തീരുമാനം നം.3(10) ൽ സൂചിപ്പിച്ചിട്ടുണ്ട്. കൂടാതെ പദ്ധതി നടപ്പിലാക്കുന്നതിന് അവശ്യം വേണ്ട അനുമതി പത്രങ്ങൾ ലഭ്യമാക്കുന്നതിന് വേണ്ട തുടർ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് നിർവ്വഹണോദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയും പ്രസ്തുത കമ്മിറ്റിയിൽ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ശ്മശാനം നിർമ്മിക്കുവാനുദ്ദേശിക്കുന്ന സ്ഥലത്തെ മണ്ണുപരിശോധന നടത്തുവാനായി വടക്കൻ പറവൂരിലുള്ള പെരിയാർ കൺസ്ട്രക്ഷൻസിനെ ചുമതലപ്പെടുത്തി 14.11.2017 -ൽ ചേർന്ന ജില്ലാ പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചു. എന്നാൽ ടെണ്ടർ നടപടികളുടെ വിവരങ്ങളോ, കരാറുകാരനുമായി ജില്ലാ പഞ്ചായത്ത് എഗ്രിമെന്റ് ചമച്ചതിന്റെ വിവരങ്ങളോ ഫയലിൽ ഇല്ല.

(സി) ഞാറക്കൽ ഗ്രാമപഞ്ചായത്തിലെ ആധുനിക ശ്മശാനത്തിന്റെ നിർമ്മാണചുമതല ജില്ലാ പഞ്ചായത്തിൽ നിക്ഷിപ്തമായിരുന്നുവെന്ന് 14.8.2017,14.11.2017 തീയതികളിൽ ചേർന്ന ജില്ലാ പഞ്ചായത്ത് കമ്മിറ്റി തീരുമാനങ്ങളിൽ നിന്നും വ്യക്തമാണ്. എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കേണ്ടിയിരുന്ന പ്രോജക്ട് സെക്രട്ടറിയുടെ നിർവ്വഹണത്തിലേക്കായി 2017-18 വർഷത്തിന്റെ അവസാന പാദത്തിൽ മാറ്റുകയും സെക്രട്ടറി എസ്റ്റിമേറ്റ് തുക പൂർണ്ണമായും ഞാറക്കൽ ഗ്രാമ പഞ്ചായത്തിലേക്ക് കൈമാറുകയും ചെയ്തു.

ഡി )ഞാറക്കൽ ഗ്രാമ പഞ്ചായത്തിനായി തയ്യാറാക്കിയ പ്രോജക്ടിന്റെ എസ്റ്റിമേറ്റ് പ്രകാരം ക്രിമറ്റോറിയം നിർമ്മാണം, ചുറ്റുമതിൽ നിർമ്മാണം, പമ്പ് റൂം നിർമ്മാണം, വെള്ളം ലഭ്യമാക്കുന്നതിനുള്ള സൗകര്യങ്ങൾ, വൈദ്യുതീകരണം, ഗ്രാനൈറ്റ് നാമഫലകം, ഉദ്യാനം തയ്യാറാക്കൽ, ഗേറ്റിൽ നാമഫലകം സ്ഥാപിക്കൽ എന്നിങ്ങനെ വിവിധ പ്രവൃത്തി ഘടകങ്ങൾ ഉണ്ട്. പാറക്കടവ് ഗ്രാമപഞ്ചായത്തിനായി തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം ക്രിമറ്റോറിയം നിർമ്മാണം,വൈദ്യുതീകരണം,ഗ്യാസ് ഫർണസ്, ലാൻഡ്സ്കേപ്പിംഗ് എന്നീ പ്രവൃത്തി ഘടകങ്ങളുമാണുള്ളത്. എന്നാൽ ഇവയെല്ലാം എത്ര ഘട്ടങ്ങളായാണ് നടപ്പിലാക്കേണ്ടതെന്നും പ്രോജക്ടുകളിൽ പ്രതിപാദിച്ചിട്ടില്ല. നിർവ്വഹണഘട്ടങ്ങളോ നടപ്പിലാക്കുന്ന രീതിയോ സംബന്ധിച്ച വസ്തുതകളൊന്നും വ്യക്തമാക്കാതെ എസ്റ്റിമേറ്റ് തുകയായ 11965704/- രൂപ പൂർണ്ണമായും ഞാറക്കൽ പഞ്ചായത്തിന് നൽകുകയും പാറക്കടവ് ഗ്രാമപഞ്ചായത്തിന് എസ്റ്റിമേറ്റ് തുകയായ 90,00,000/- രൂപയുടെ 95.8%തുകയും കൈമാറുകയുമാണ് ചെയ്തത്.

എഫ്) പ്രോജക്ടിന് തുക ചെലവഴിക്കുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനം 2017 സെപ്തംബർ 30 -നകം പ്രോജക്ട് നടപ്പിലാക്കുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന് തുക കൈമാറേണ്ടതാണെങ്കിലും പാറക്കടവ് ഗ്രാമപഞ്ചായത്തിന് തുക കൈമാറിയിരിക്കുന്നത് 2018 മാർച്ച് 16-ാം തീയതിയാണ്. ഞാറക്കൽ ഗ്രാമപഞ്ചായത്തിലേക്ക് തുക കൈമാറിയിരിക്കുന്നത് 2018 ഫെബ്രുവരി, മാർച്ച് മാസങ്ങളിലുമാണ്.

ജി) പ്രോജക്ടിന്റെ നടത്തിപ്പ് സംബന്ധിച്ച മോണിട്ടറിംഗ് റിപ്പോർട്ടും ഇല്ല.

മേൽ സൂചിപ്പിച്ച വസ്തുതകളിൽ നിന്നും ചെലവു ശതമാനം കൂട്ടതൽ രേഖപ്പെടുത്തുവാൻ വേണ്ടി മാത്രമാണ് പഞ്ചായത്തുകളിലേക്ക് തുക കൈമാറിയിരിക്കുന്നത് എന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. പ്രോജക്ട് നടത്തിപ്പിലെ അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് (നം. 5/22.2.2019, 10/23.2.2019) മറുപടി ലഭ്യമാക്കിയില്ല. ശ്മശാനങ്ങളുടെ നിർമ്മാണം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാത്തതിനാലും സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി തുക ചെലവഴിച്ചതിനാലും മേൽ സൂചിപ്പിച്ച പ്രോജക്ടുകളുടെ ചെലവുതുകയായ 20587704/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-16 രേഖകൾ ഹാജരാക്കിയില്ല – ചെലവ് തടസ്സപ്പെടുത്തുന്നു.

നേര്യമംഗലം ജില്ലാ കൃഷിത്തോട്ടം ഫാം സൂപ്രണ്ട് നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകളുടെ ചെലവ് രേഖകൾ ഹാജരാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 14, തീയതി. 25.02.2019) നല്കിയെങ്കിലും രേഖകൾ ഹാജരാക്കിയില്ല. പ്രോജക്ടുകളുടെ വിശദാംശം താഴെചേർക്കുന്നു.

| പ്രോജക്ട് നമ്പരും പേരും | ചെലവ് വിവരം |
|---|---|
| 1132/18, കശുമാവ് ഗ്രാഫ്റ്റ് ഹൈ ഡെൻസിറ്റി കൃഷി – ബി ബ്ലോക്ക് | 333983 രൂപ,<br>ചെക്ക് നമ്പർ 2439003,<br>തീയതി. 31.03.2018 (ചെക്ക് തുക- 18,95,401/-) |
| 1133/18, മാവ് ഗ്രാഫ്റ്റ് ഹൈ ഡെൻസിറ്റി കൃഷി – ബി ബ്ലോക്ക് | 340825 രൂപ,<br>ചെക്ക് നമ്പർ 2439003,<br>തീയതി. 31.03.2018 |
| 1138/18, ഓർഗാനിക്ക് പച്ചക്കറി കൃഷി | 348639 രൂപ,<br>ചെക്ക് നമ്പർ 2439003,<br>തീയതി. 31.03.2018 |
| ആകെ ചെലവ് | 10,23,447 രൂപ |

ചെലവ് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കുന്നതുവരെ 10,23,447 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-17 സിന്തറ്റിക് ടെന്നീസ് കോർട്ട് -തുക നൽകിയിട്ടും പദ്ധതി നടപ്പിലായില്ല.

| | |
|---|---|
| പ്രൊജക്ട് നം. | 1098/18, 1314/18 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

പുത്തൻ തോട് ഗവ.എച്ച്.എസ്.എസ് -ൽ സിന്തറ്റിക് ടെന്നീസ് കോർട്ടിന്റെ നിർമ്മാണ പ്രവൃത്തികൾ സംസ്ഥാന സർക്കാരിന്റെ കായിക യുവജന കാര്യാലയത്തിലെ സ്പോർട്സ് എഞ്ചിനീയറിംഗ് വിംഗ് മുഖാന്തിരം നടത്തുന്നതിനാണ് ജില്ലാ പഞ്ചായത്ത് 17.03.2017 ലെ 8ാം നമ്പറായി തീരുമാനമെടുത്തിരുന്നത്. അതിനായി സ്പോർട്സ് എഞ്ചിനീയറിംഗ് വിംഗിലെ ചീഫ് എഞ്ചിനീയറുടെ എ5-1586/17 /22.05.17 കത്ത് പ്രകാരം 39.5 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി. തുടർന്ന് കായിക യുവജന കാര്യാലയം അഡീഷണൽ ഡയറക്ടറുടെ നിർദ്ദേശ പ്രകാരം തുക പ്രസ്തുത സ്ഥാപനത്തിന്റെ ടി.എസ്.ബി അക്കൗണ്ടിൽ നൽകി. ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 18.11.2017 ലെ ഡി.പി-9-15/2017 ഉത്തരവ് പ്രകാരം 20 ലക്ഷം രൂപ മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡിൽ നിന്നും ( ബിൽ നം. 368 /22.01.18 ), 19.5 ലക്ഷം രൂപ എസ്.ബി.ഐ അക്കൗണ്ടിൽ നിന്നുമാണ് ( ചെക്ക് നം.502372 /15.12.17 ) നൽകിയത്. തുടർന്ന് 11 മാസത്തിന് ശേഷം യുവജന കാര്യാലയം അഡീഷണൽ ഡയറക്ടറുടെ 09.11.18 ലെ എ1/1208/17ാം നമ്പർ കത്തിൽ നിന്ന് പ്രസ്തുത പദ്ധതിയുടെ ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടേയുള്ളൂ എന്നാണ് വ്യക്തമാകുന്നത്. പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ടെണ്ടർ നടപടി ആരംഭിച്ചിട്ടുണ്ടെന്നും കൂടാതെ പൊതു വിദ്യാഭ്യാസ യജ്ഞത്തിൽ ഉൾപ്പെടുത്തി അന്താരാഷ്ട്ര നിലവാരത്തിലുള്ള വിദ്യാലയ നിർമ്മാണത്തിന്റെ ഭാഗമായി സർക്കാർ 5 കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും ആയതിന്റെ ഭാഗമായി പഴയ കെട്ടിടങ്ങൾ പൊളിച്ച് കളഞ്ഞ് പുതിയത് പണിതതിന് ശേഷം പ്രസ്തുത കെട്ടിടങ്ങളുടെ മദ്ധ്യത്തിലായിരിക്കും ടെന്നീസ് കോർട്ട് പണിയുക എന്നും മറുപടി നൽകിയിട്ടുണ്ട്. തുക നൽകി ഒരു വർഷം കഴിഞ്ഞിട്ടും ടെന്നീസ് കോർട്ടിന്റെ നിർമ്മാണം ആരംഭിക്കാൻ പോലും സാധിച്ചില്ല. വിദ്യാലയത്തിന്റെ പുനർ നിർമ്മാണത്തിന്റെ ഭാഗമായി ടെന്നീസ് കോർട്ട് സർക്കാർ

ഫണ്ടിൽ നിന്നും നിർമ്മിക്കുമോ എന്ന് വ്യക്തമല്ല. വ്യക്തമായ ധാരണയോ കാഴ്ചപ്പാടോ വിദ്യാലയ അധികൃതരുമായി വേണ്ടത്ര ചർച്ചകളോ നടത്താതെയാണ് പദ്ധതി നടപ്പാക്കാൻ തുനിഞ്ഞതെന്ന് കാണുന്നു. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ-40-ബി (2) പ്രകാരം സർക്കാർ പണത്തിന്റെ വിനിയോഗം സ്വന്തം പണം വിനിയോഗിക്കുമ്പോൾ സ്വീകരിക്കുന്ന സൂക്ഷ്മതയോടെയായിരിക്കണമെന്ന് വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. (*Every Government servant is expected to exercise the same diligence and care in respect of all expenditure from public moneys under his control as a person of ordinary prudence would exercise in respect of the expenditure of his own money*). പല വികസന പ്രവർത്തനങ്ങൾക്കും ഉപയോഗിക്കാമായിരുന്ന സർക്കാർ പണം ഒരു വർഷത്തിന് മുകളിൽ ആർക്കും ഉപയോഗമില്ലാതെ യുവജന കാര്യലയത്തിന്റെ സ്പോർട്സ് വിംഗിന്റെ അക്കൗണ്ടിൽ ഡെപ്പോസിറ്റ് ചെയ്തിരിക്കുകയാണ്. വിദ്യാലയ വികസന പ്രവർത്തനത്തിന്റ ഭാഗമായി ടെന്നീസ് കോർട്ട് നിർമ്മാണം സർക്കാർ ഫണ്ട് ഉപയോഗിച്ച് നടത്തുന്നുണ്ടെങ്കിൽ നൽകിയ തുക ലഭ്യമാക്കാനോ അല്ലാത്ത പക്ഷം എത്രയും വേഗം പദ്ധതി പൂർത്തീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-18 ആലുവ ജില്ലാ ആശുപത്രി - ഏക വർഷ പ്രൊജക്ടുകൾ അനാവശ്യമായി സ്പിൽ ഓവറാകുന്നു

ആലുവ ജില്ലാ ആശുപത്രി എച്.എം.സി പേവാർഡ് മെയിന്റനൻസിനായി രണ്ട് പ്രൊജക്ടിലായി ( പ്രൊജക്ട് നം- 1089/18, 1323/18 ) 33,20,000 രൂപ ചെലവ് ചെയ്തിട്ടുണ്ട്. പണി പൂർത്തിയായതായി അധികൃതർ വ്യക്തമാക്കിയെങ്കിലും തുക ഇതുവരെ പൂർണ്ണമായി നൽകിയിട്ടില്ല. രണ്ട് പ്രൊജക്ടുകൾക്കുമായി നിർമ്മിതി കേന്ദ്രയുമായി യഥാക്രമം 27.04.2017നും 22.12.2017 നും തയ്യാറാക്കിയ എഗ്രിമെന്റ് ക്ളോസ് – 5 പ്രകാരം ആദ്യത്തെ പ്രൊജക്ട് 4 മാസത്തിനകവും രണ്ടാമത്തെ പ്രൊജക്ട് 3 മാസത്തിനകവും പണി പൂർത്തീകരിക്കേണ്ടതായിരുന്നു. ഗ്യാരന്റി പീരിയഡ് 18 മാസമായി നിശ്ചയിച്ചു. ജി.ഒ നം 311/14/ fin / തി – 30.07.14 പ്രകാരം ഡെപ്പോസിറ്റ് വർക്കിന് 20 ശതമാനം അഡ്വാൻസായി നൽകാവുന്നതും തുടർന്ന് 15 ശതമാനം വീതം 5 ഗഡുക്കളായി നൽകാവുന്നതും അവസാനത്തെ 5 ശതമാനം ഗ്യാരന്റി പീരിയഡിന് ശേഷം നൽകാവുന്നതുമാണ്. ആദ്യത്തെ പ്രൊജക്ടിന്റെ അംഗീകാരം കിട്ടിയ തുകയായ 26,50,000 രൂപയുടെ 80 ശതമാനം തുകയായ 21,20,000 രൂപയും രണ്ടാമത്തെ പ്രൊജക്ടിന്റെ അംഗീകാരം കിട്ടിയ തുകയായ 20,00,000 രൂപയുടെ 80 ശതമാനം തുകയായ 16,00,000 രൂപയും നാളിത് വരെ നിർമ്മിതി കേന്ദ്രക്ക് നൽകിയിട്ടുണ്ട്. ആദ്യത്തെ പ്രൊജക്ടിന്റെ അവസാന ഗഡു നൽകിയത് 26.09.2017 നും രണ്ടാമത്തെ പ്രൊജക്ടിന്റെ അവസാന ഗഡു 17.05.2018 നുമാണ് നൽകിയത്. ആദ്യത്തെ പ്രൊജക്ടിന്റെ 80 ശതമാനവും രണ്ടാമത്തെ പ്രൊജക്ടിന്റെ 98 ശതമാനവും പൂർത്തീകരിച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്നും നിർമ്മിതി കേന്ദ്രം ബിൽ നൽകാത്തതിനാലുമാണ് തുക നൽകാൻ കഴിയാത്തതെന്നുമാണ് ജില്ലാ പഞ്ചായത്ത് അധികൃതർ വ്യക്തമാക്കുന്നത്.

2017-18 ലെ പദ്ധതിക്ക് 2018-19 ലും തുക നൽകാൻ കഴിയാതെ അടുത്ത സാമ്പത്തിക വർഷത്തിലേക്ക് സ്പിൽ ഓവറായി പോകുന്ന സാഹചര്യമാണ് കാണുന്നത്. ഒരു വർഷത്തെ പദ്ധതി തൊട്ടടുത്ത വർഷത്തേക്ക് സ്പിൽ ഓവറായി മാറുമ്പോൾ പ്രസ്തുത വർഷത്തിലെ നോർമൽ അലോട്ട്മെന്റിൽ നിന്നാണ് ചെലവ് ചെയ്യപ്പെടുന്നത്. പ്രസ്തുത അലോട്ട്മെന്റ് തീർന്നാൽ മാത്രമാണ് അധിക അലോട്ട്മെന്റിന് സാദ്ധ്യതയുള്ളൂ. ജില്ലാ പഞ്ചായത്തിൽ ഇതുവരെ നോർമൽ അലോട്ട്മെന്റ് മുഴുവൻ ഉപയോഗിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ ഏക വർഷ പദ്ധതികൾ സ്പിൽ ഓവറാക്കി മാറ്റുന്നത് തൊട്ടടുത്ത വർഷത്തെ സ്ഥാപനത്തിന്റെ സാധാരണഗതിയിൽ ചെയ്യാവുന്ന പദ്ധതികളെ ബാധിക്കുന്നതാണ്. ആയതിനാൽ പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ നിർമ്മിതി കേന്ദ്രയിൽ നിന്ന് ബിൽ ലഭ്യമാക്കി ചെലവ് പൂർത്തീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലെങ്കിൽ എഗ്രിമെന്റിന്റെ ക്ളോസ് 5 ന്റെ ലംഘനമായി കണ്ട് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-19 സംയുക്ത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാകുന്നില്ല-സർക്കാർ ഫണ്ട് നിഷ്ക്രിയ ഡെപ്പോസിറ്റായി തുടരുന്നു

(1) സ്റ്റുഡന്റ്സ് ഹോസ്റ്റൽ നിർമ്മാണം- ( പ്രൊജക്ട് നം-1837/15 ).

2014-15 വർഷം ആരംഭിക്കാനിരുന്ന മേൽ പ്രൊജക്ടിന് ജില്ലാ പഞ്ചായത്ത് വിഹിതമായി 6 ലക്ഷം രൂപയും ഗ്രാമ പഞ്ചായത്തുകളുടെ വിഹിതമായി 1,00,00,000 രൂപയും ബ്ളോക്ക് പഞ്ചായത്ത് വിഹിതമായി 94,00,000 ലക്ഷം രൂപയും അടക്കം 2,00,00,000 രൂപയാണ് വിഭാവനം ചെയ്തിരുന്നത്. നാളിതു വരെ 25 ഗ്രാമ പഞ്ചായത്തുകളിൽ നിന്നും 44,60,009 രൂപയും 6 ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും 13,60,553 രൂപയും അടക്കം ആകെ 58,20,562 രൂപയാണ് ലഭിച്ചത്. 07.07.2015 ലെ വിശകലന യോഗത്തിൽ നേര്യമംഗലത്തുള്ള 60 സെന്റ് സ്ഥലത്ത് ഹോസ്റ്റൽ പണിയാൻ തീരുമാനിച്ചു. സ്ഥല പരിശോധന നടത്തുന്നതിന് ട്രൈബൽ ഡെവലപ്മെന്റ് ഓഫീസറെയും എക്സിക്യൂട്ടീവ് എഞ്ചിനീയറെയും ചുമതലപ്പെടുത്തി. ജില്ലാ പഞ്ചായത്തിന്റെ ഡി.പി -14-1043/15 തി -14-12-15 പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് നൽകിയ കത്തിൽ ഇതു വരെ വിവിധ തദ്ദേശ സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ചത് 58 ലക്ഷം രൂപയാണെന്നും ഇതുപയോഗിച്ച് ഹോസ്റ്റൽ നിർമ്മാണം അസാദ്ധ്യമാണെന്നും അതിനാൽ നിലവിൽ ലഭ്യമായ തുക മറ്റ് ഹോസ്റ്റലുകളുടെ അടിസ്ഥാന ഭൗതിക സാഹചര്യങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിക്കാൻ ഉതകുന്ന പദ്ധതികൾ ആവിഷ്കരിക്കാൻ അനുവദിക്കണമെന്നും കാണുന്നു. പ്രസ്തുത പ്രൊജക്ടിന്റെ തുടർവിവരങ്ങൾ ഫയലിൽ നിന്നും ലഭ്യമല്ല.

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് മറ്റ് തദ്ദേശഭരണസ്ഥാപനങ്ങളുമായി ജില്ലാ പഞ്ചായത്ത് നടത്തിയ ആശയവിനിമയങ്ങളുടെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ലായിരുന്നു. കൃത്യമായ ധാരണയോട് കൂടിയായിരുന്നില്ല മേൽ പദ്ധതി ആവിഷ്കരിച്ചത് എന്നാണ് ഫയൽ പരിശോധനയിൽ നിന്നും വ്യക്തമായത്. പദ്ധതിയുടെ ഉദ്ദേശം മറ്റ് തദ്ദേശസ്ഥാപനങ്ങളെ ബോദ്ധ്യപ്പെടുത്താനും സാധിച്ചില്ല. സ്ഥാപനങ്ങളിൽ നിന്ന് തുക ലഭ്യമാക്കിയതിന് ശേഷമാണ് ഹോസ്റ്റൽ എവിടെയായിരിക്കണം എന്ന വിവരങ്ങളെക്കുറിച്ച് ചിന്തിക്കുന്നത് തന്നെ. ഇതൊരു പ്രൊഫഷണൽ സമീപനമല്ല. ഇത്തരം പദ്ധതികൾ ആവിഷ്കരിക്കുന്നതിന് വ്യക്തമായ പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കുകയും ആയത് മറ്റ് തദ്ദേശ ഭരണസ്ഥാപനങ്ങളിൽ ലഭ്യമാക്കുകയും വേണം. പ്രൊജക്ടിന്റെ ഫലപ്രാപ്തിയെക്കുറിച്ച് മറ്റ് തദ്ദേശ ഭരണ സ്ഥാപനങ്ങളെ വിശ്വാസത്തിലെടുക്കാൻ സാധിച്ചില്ല എന്നതിനാലാണ് മൂന്നിൽ രണ്ട് ഗ്രാമപഞ്ചായത്തുകളിൽ നിന്നും പകുതിയിലധികം ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും പങ്കാളിത്തം ലഭിക്കാതിരുന്നത്. ലഭ്യമായ വിവരങ്ങൾ അനുസരിച്ച് മേൽ 58,20,562 രൂപ ജില്ലാ പഞ്ചായത്തിന്റെ ട്രഷറി അക്കൗണ്ടിൽ കഴിഞ്ഞ 4 വർഷത്തോളമായി ഡെപ്പോസിറ്റ് ചെയ്യപ്പെട്ട നിലയിലാണ്. വിവിധ തദ്ദേശഭരണസ്ഥാപനങ്ങളുടെ ഒട്ടനവധി വികസന പ്രവർത്തനങ്ങൾക്കുപയോഗിക്കാവുന്ന മേൽ തുക ജില്ലാ പഞ്ചായത്തിലെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് അംഗീകരിക്കപ്പെട്ട ധന വ്യവഹാര നയങ്ങൾക്കെതിരാണ്. പദ്ധതി നടപ്പാക്കുന്നതിന് വേണ്ട നടപടികൾ ത്വരിതഗതിയിൽ സ്വീകരിക്കുകയോ സാദ്ധ്യമല്ലെങ്കിൽ ലഭ്യമായ തുക തിരികെ വിവിധ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകുകയോ ചെയ്യേണ്ടതാണ്.

(2) വാട്ടർ റിച്ച് ഡിസ്ട്രിക്ട് ( പ്രൊജക്ട് നം-1613/15 )

കുടിവെള്ള സ്രോതസ്സുകളുടെ പുനർനിർമ്മാണം, മലിനീകരണം തടയൽ, സാമൂഹിക മാനേജ്മെന്റ്, മെയിന്റനൻസ് എന്നിവ മൂലം ജില്ലയിലെ കുടിവെള്ള ലഭ്യത വർദ്ധിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.11.11.2014 ൽ ബഹു. എറണാകുളം ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ജില്ലയിലെ 74 കുളങ്ങൾ വൃത്തിയാക്കാനാണ് തീരുമാനമായത്. 84 ഗ്രാമ പഞ്ചായത്തുകളിൽ നിന്ന് 2,79,14,693 രൂപയും 10 നഗരസഭകളിൽ നിന്ന് 79,00,000 രൂപയും ജില്ലാ പഞ്ചായത്ത് ഷെയറായി 25,00,000 രൂപയും അടക്കം ആകെ 3,83,14,693 രൂപയാണ് പദ്ധതിയുടെ നടത്തിപ്പിനായി വിഭാവനം ചെയ്തിരുന്നത്. 7 മാസത്തിനുള്ളിലാണ് പദ്ധതി പൂർത്തീകരിക്കാൻ ഉദ്ദേശിച്ചിരുന്നത്. Contributions for other specific purposes ( for revenue expenditure ) -from municipalities (320700401) എന്ന ഹെഡ്ഡിൽ 87,30,000 രൂപ 17.01.2015 മുതൽ 06.09.2016 വരെ ലഭിച്ചതായി കാണുന്നു. ആയതിൽ നിന്ന്

ഇതുവരെ ചെലവ് ചെയ്തിട്ടില്ല. ഗ്രാമ പഞ്ചായത്തുകളിൽ നിന്ന് എത്ര തുക ലഭ്യമായി എന്നത് സംബന്ധിച്ച് ജില്ലാ പഞ്ചായത്തിൽ കൃത്യമായ കണക്കുകൾ ലഭ്യമല്ല. 06.09.2016 വരെ ആകെ 3,35,65,780 രൂപ ലഭിച്ചതായി ജില്ലാ പഞ്ചായത്തിലെ 2016-17 ലെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ നിന്ന് വ്യക്തമാകുന്നു. മുൻ വർഷങ്ങളിലെ എ.സി.ആർ ഹാജരാക്കിയില്ല. 2016-17 ൽ 4 പ്രൊജക്ടുകൾക്കായി 34,95,400 രൂപയും 2017-18 ൽ 4 പ്രൊജക്ടുകൾക്കായി 43,72,349 രൂപയും ചെലവാക്കിയിട്ടുണ്ട്. 31.03.2018 ൽ പ്രസ്തുത പദ്ധതിയിൽ 2,56,98,031 ബാക്കിയുള്ളതായി കാണുന്നു. 7 മാസത്തിനുള്ളിൽ തീരേണ്ട പദ്ധതി ആരംഭിച്ച് 4 വർഷം കഴിഞ്ഞിട്ടും 20 ശതമാനം പോലും പൂർത്തീകരിച്ചിട്ടില്ല. വിവിധ പഞ്ചായത്തുകൾക്ക് ഡി.പി-6-2036/14 തി-10.11.2017 ൽ നൽകിയ മറുപടിയിൽ 21 കുളങ്ങളുടെ / ജലാശയങ്ങളുടെ നവീകരണ പരിപാടികളാണ് ജില്ലാ പഞ്ചായത്ത് ഏറ്റെടുത്തിട്ടുള്ളതെന്നും ടി പദ്ധതിയുടെ നിർവ്വഹണം നടന്നു വരികയാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. 21.12.2018 ൽ മറ്റു ചില പഞ്ചായത്തുകൾക്ക് നൽകിയ മറുപടിയിലും നേരത്തെ സൂചിപ്പിച്ച അതേ വിവരങ്ങൾ തന്നെയാണ് നൽകിയത്.

മേൽ പദ്ധതിക്ക് വിശദമായ പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കിയിരുന്നു. എന്നാൽ അതിനനുസരിച്ച് നിർവഹണം നടത്താൻ സാധിച്ചില്ല. വൃത്തിയാക്കേണ്ട കുളങ്ങളുടെ എണ്ണം സംബന്ധിച്ച് തദ്ദേശഭരണസ്ഥാപനങ്ങളിൽ നിന്ന് നിർദ്ദേശം ലഭ്യമാക്കാൻ തീരുമാനിച്ചത് 24.04.2015 ലെ യോഗത്തിലാണ്. തുടർന്ന് ധാരാളം കുളങ്ങൾ സംബന്ധിച്ച് നിർദ്ദേശം വന്നിരുന്നു. അതിൽ നിന്ന് 21 കുളങ്ങൾ തെരഞ്ഞെടുത്തതെങ്ങനെയെന്ന് ഫയലിൽ നിന്ന് വ്യക്തമായില്ല. തുടർന്ന് എസ്റ്റിമേറ്റും സമയബന്ധിതമായി തയ്യാറാക്കിയില്ല. തുക പൂർണ്ണമായിട്ടും മുൻകൂട്ടി ലഭ്യമായിട്ടും പദ്ധതി ഇഴഞ്ഞ് നീങ്ങുന്നത് ഭരണ മികവിന്റെ അവാർഡ് പലതവണ ലഭിച്ചിട്ടുള്ള ജില്ലാ പഞ്ചായത്തിന് ഒട്ടും ഭൂഷണമല്ല. മാത്രമല്ല മുൻ പദ്ധതിയിൽ സൂചിപ്പിച്ചത് പോലെ വിവിധ തദ്ദേശഭരണസ്ഥാപനങ്ങളുടെ ഒട്ടനവധി വികസന പ്രവർത്തനങ്ങൾക്കുപയോഗിക്കാവുന്ന മേൽ തുക ജില്ലാ പഞ്ചായത്തിലെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് അംഗീകരിക്കപ്പെട്ട ധനവ്യവഹാര നയങ്ങൾക്കെതിരാണ്. പ്രസ്തുത പദ്ധതി എത്രയും വേഗം പൂർത്തിയാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-20 സംയുക്ത പ്രൊജക്ടുകൾക്കായി ലഭിച്ച തുക നിഷ്ക്രിയ നിക്ഷേപമായി തുടരുന്നു

(എ) ജില്ലാ പഞ്ചായത്തിന് സംയുക്ത പ്രൊജക്ടുകൾക്കായി വിവിധ സ്ഥാപനങ്ങളിൽ നിന്ന് തുക ലഭ്യമായിട്ടുണ്ട്. പ്രസ്തുത തുകയിൽ ഭൂരിഭാഗവും ഇപ്പോഴും ചെലവഴിക്കപ്പെടാതെ വിവിധ അക്കൗണ്ടുകളിൽ നിക്ഷേപമായി കാണുന്നു. കൂടാതെ ഇതുമായി ബന്ധപ്പെട്ട് പല അഡ്ജസ്റ്റ്മെന്റ് എൻട്രികളും അക്കൗണ്ടിൽ വരുത്തിയതായി കാണുന്നു. എന്നാൽ ഇതിന്റെ ആവശ്യകത വ്യക്തമാക്കിയിട്ടില്ല. പദ്ധതികളുടെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കാനായി ഫയൽ ആവശ്യപ്പെട്ടിരുന്നു എങ്കിലും (എൻക്വയറി നം.6) ആയത് ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ ചുവടെ ചേർത്തിരിക്കുന്ന പ്രവൃത്തികളുടെ ഇപ്പോഴത്തെ അവസ്ഥ സംബന്ധിച്ചും വിശദീകരണം നൽകേണ്ടതാണ്.

| ക്രമ നം | പ്രൊജക്ടിന്റെ പേര് | ലഭിച്ച തുക | ചെക്ക് നം. / ഡി.ഡി നം./ വൗച്ചർ നം. |
|---|---|---|---|
| 1 | കാടക്കോഴി ഷെൽട്ടർ (320200202) | 2829000 | 074570 / 23.3.2016 |
| 2 | ക്വാർട്ടേഴ്സ് മെയിന്റനൻസ് | 860000 | 889789 / 31.3.2015 |
| 3 | ഓഫീസ് മെയിന്റനൻസ് | 420000 | 11603700007 |
| 4 | ഫാം മെയിന്റനൻസ് | 480000 | 74571 / 23.3.2016 |
| | ആകെ | 4589000 | |

മേൽ സൂചിപ്പിച്ച വിധം 4589000/- രൂപ ആനിമൽ ഹസ്ബൻ്ററി വകുപ്പിൽ നിന്നും ലഭിച്ചിട്ടുണ്ട്. പ്രത്യേക ഉദ്ദേശത്തോടെ നിശ്ചിത പ്രോജക്ടുകൾക്കായി ലഭിച്ച തുക നാളിതുവരെ ചെലവഴിക്കപ്പെടാതെ സൂക്ഷിച്ചിരിക്കുന്നതിലേക്ക് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. പ്രസ്തുത തുകകൾ അതാത് ആവശ്യങ്ങൾക്കായി ചെലവഴിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-21 കുഴൽ കിണർ നിർമ്മാണം-പ്രൊജക്ട് ലക്ഷ്യം കണ്ടില്ല.

മണീട് ജി.വി.എച്.എസ്.എസിൽ പ്രൊജക്ട് നം.1096/18 നമ്പരായി കുഴൽ കിണർ നിർമ്മാണത്തിനായി 4,55,000 രൂപ വകയിരുത്തി പൊജക്ട് രൂപീകരിച്ചു. 1,750 രൂപ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ ടെസ്റ്റിംഗിനായും ( ചെക്ക്.നം – 2308490 /13.09.2017 ) 40,000 രൂപ കുഴൽ കിണർ നിർമ്മാണത്തിനായി പ്രസ്തുത ഡിപ്പാർട്ട്മെന്റിന് നൽകുകയും ചെയ്തു. (ചെക്ക്. നം – 2487866 /14.03.2018 ). എന്നാൽ കിണർ നിർമ്മാണത്തിന് 26,700 രൂപ മാത്രമാണ് ചെലവായത് എന്ന് ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് അറിയിക്കുകയും ബാക്കി തുകയായ 13,300 രൂപ രസീത് നം. 118040500075 /25.06.18 പ്രകാരം ഡിപ്പാർട്ട്മെന്റ് തിരിച്ചടക്കുകയും ചെയ്തു. പ്രൊജക്ട് പൂർത്തീകരിച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട് എന്നാൽ മേൽ വിദ്യാലയത്തിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ കുഴൽ കിണർ നിർമ്മാണം നടത്തിയിട്ടുണ്ടെങ്കിലും ആയതിൽ നിന്ന് ശുദ്ധജലം ലഭ്യമാക്കാൻ വേണ്ട സൌകര്യം ഒരുക്കിയിട്ടില്ല എന്ന് കാണുന്നു. ( മോട്ടോർ ഫിറ്റ് ചെയ്തിട്ടില്ല, കുഴൽ കിണറിൽ നിന്ന് പൈപ്പ് കണക്ഷൻ നൽകിയിട്ടില്ല.) പ്രൊജക്ട് പൂർത്തിയാക്കാൻ വേണ്ട തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രൊജക്ട് നിർവഹണത്തിലെ മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

1. കുഴൽ കിണർ ഉപയോഗിച്ച് ശുദ്ധജലം ലഭ്യമാകുന്നില്ല എന്ന വിവരം ജില്ലാ പഞ്ചായത്തിൽ അറിഞ്ഞിരുന്നില്ല എന്നാണ് സ്ഥാപനം നൽകിയ മറുപടിയിൽ സൂചിപ്പിച്ചിരിക്കുന്നത്. പ്രസ്തുത പദ്ധതി കൃത്യമായ രീതിയിൽ മോണിട്ടറിംഗ് ചെയ്തില്ല എന്നും പദ്ധതി നിർവഹണത്തിന് ശേഷം ആയതിന്റെ പ്രവർത്തനം സംബന്ധിച്ച് ഘടക സ്ഥാപനവുമായി ആശയ വിനിമയം നടത്തിയിട്ടില്ല എന്നും വ്യക്തമാണ്.

2. പദ്ധതിക്കായി വകയിരുത്തിയ 4,55,000 രൂപയുടെ 6% (28,450 രൂപ) മാത്രമാണ് ചെലവായത്. എസ്റ്റിമേറ്റ് തയ്യാറാക്കിയതിന്റെ വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല. യാഥാർത്ഥ്യം ഉൾക്കൊള്ളാതെയോ നടത്തേണ്ടതായ മുൻ പഠനങ്ങൾ നടത്താതെയോ ആണ് എസ്റ്റിമേറ്റ് തയ്യാറാക്കിയതെന്ന് വ്യക്തമാകുന്നു.

3. മണീട് സ്കൂളിൽ ടോയ്ലറ്റ്,കുടിവെള്ള സൗകര്യം ഒരുക്കുന്നതിന് ഹയർ സെക്കന്ററി ഡയറക്ടറേറ്റിൽ നിന്നും 14,40,000 രൂപ അനുവദിച്ചതായും ആയതിൽ നിന്നാണ് 4,55,000 വകയിരുത്തിയതെന്നും ജില്ലാ പഞ്ചായത്ത് നൽകിയ മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്. മേൽ തുകയുടെ മറ്റ് ചെലവ് വിവരങ്ങൾ വ്യക്താമാക്കാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും ആയതിന് മറുപടി നൽകിയില്ല. മേൽ പദ്ധതിയുടെ വിശദമായ ചെലവ് വിവരങ്ങൾ വ്യക്തമാക്കേണ്ടതാണ്.

# 3-22 80 ശതമാനം അഡ്വാൻസ് നൽകിയിട്ടും ഫർണ്ണിച്ചർ ലഭ്യമായില്ല.

4 പ്രൊജക്ടുകളിലായി 2,08,13,300 രൂപയുടെ ഫർണ്ണിച്ചറിന്റെ 80 ശതമാനം തുകയായ 1,66,50,640 രൂപ ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. രണ്ട് ഘട്ടങ്ങളായി തയ്യാറാക്കിയ ഫർണ്ണിച്ചർ പ്രൊജക്ടുകൾ ( പ്രൊജക്ട് നം -1179/17, 1217/17) , കടമക്കുടി ഗവ.വി.എച്.എസ്.എസിന് ഫർണ്ണിച്ചറുകളും വെള്ള ബോർഡുകളും ( 1182/17, 1181/17 )എന്നിവയാണ് പ്രസ്തുത പ്രൊജക്ടുകൾ. 14.02.2017 ൽ ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ എന്ന സ്ഥാപനവും ജില്ലാ പഞ്ചായത്തും തമ്മിൽ കരാറിൽ ഏർപ്പെട്ടു. എന്നാൽ 2017-18 അദ്ധ്യയനവർഷം പകുതിയായിട്ടും ഫർണ്ണിച്ചർ ലഭ്യമാക്കാത്തതിനാൽ 30.11.2017 നകം ഫർണ്ണിച്ചർ ലഭ്യമാക്കുകയോ തുക പലിശ സഹിതം തിരിച്ച് നൽകുകയോ ചെയ്തില്ലെങ്കിൽ തുടർ നടപടികൾ സ്വീകരിക്കുമെന്ന് ജില്ലാ പഞ്ചായത്ത് 17.10.2017 ലെ 4(4) നമ്പർ തീരുമാന പ്രാകാരം തീരുമാനിച്ചു. എന്നാൽ ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ FIT/PRN /04/17-18/2638 നമ്പർ കത്ത് പ്രകാരം 27.06.17 ലെ സ്റ്റോർ പർച്ചേസ് ഉത്തരവ് ( G.O (RT) 35/17/SPD ) പ്രകാരമുള്ള റേറ്റ് ഫർണ്ണിച്ചറുകൾക്ക് നൽകണം എന്നാവശ്യപ്പെട്ടു. എന്നാൽ മേൽ ഉത്തരവിൽ തന്നെ പുതുക്കിയ നിരക്ക് ഉത്തരവ് തിയതി മുതലാണ് പ്രാബല്യമെന്ന് വ്യക്തമായി രേഖപ്പെടുത്തിയിരുന്നു. മാത്രമല്ല എഗ്രിമെന്റിലെ ക്ളോസ്-1 പ്രകാരം റേറ്റിൽ വർദ്ധന അനുവദിക്കുന്നതല്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ( Request for enhancement of rates,ones accepted will not be considered. ) 31.05.18 ലെ ഭരണ സമിതി തീരുമാനം 8 പ്രകാരം സ്ഥാപനത്തിനെതിരെ നിയമനടപടി സ്വീകരിക്കാൻ സർക്കാരിന്റെ അനുവാദം ലഭ്യമാക്കാൻ തീരുമാനിച്ചു. തുടർന്ന് 27.07.18 ലെ ഭരണ സമിതി തീരുമാനം 12 പ്രകാരം ARTCO ( Artisans devolopment co-operative limited ), KADCO ( kerala artisans devolpment corporation limited ) എന്നീ സ്ഥാപനങ്ങളിൽ നിന്നും ഫർണ്ണിച്ചർ വാങ്ങുവാൻ തീരുമാനിച്ചു. തുടർന്ന് എഫ്.ഐ.ടി FIT-PRN /02/18 -19/764/ Dt :27.07.18 പ്രകാരം 4 മാസത്തിനകം ഫർണ്ണിച്ചർ വിതരണം പൂർത്തിയാക്കാമെന്ന് അറിയിച്ചു. നിലവിൽ 41,52,975 രൂപയുടെ ഫർണ്ണിച്ചർ മാത്രമാണ് എഫ്.ഐ.ടി നൽകിയത്.1,24,97,665 രൂപയുടെ ഫർണ്ണിച്ചർ ഇതുവരെ വിതരണം ചെയ്തിട്ടില്ല.

കൃത്യമായ സമയത്ത് ഫർണ്ണിച്ചർ നൽകാത്ത മേൽ സ്ഥാപനത്തിനെതിരെ യഥാസമയത്ത് നടപടിയെടുക്കാൻ ജില്ലാ പഞ്ചായത്ത് തയ്യാറായില്ല. എഗ്രിമെന്റിലെ ക്ളോസ് -3 പ്രകാരം സപ്പ്ളെയർ ഫർണിച്ചർ യഥാസമയത്ത് നൽകിയില്ലെങ്കിൽ ജില്ലാ പഞ്ചായത്തിൽ മറ്റു സ്ഥാപനങ്ങളിൽ നിന്ന് വാങ്ങാമെന്നും ആയതിൽ വരുന്ന അധികചെലവ് സപ്ലെയർ നൽകണമെന്നും ചേർത്തിട്ടുണ്ട്. [ If supplier ( FIT ) defaults , the purchasing officer ( District Panchayat ) is at liberty to procure the same else where without cancelling the contract.If purchasing officer incure a high cost then it can be adjusted from the supplier by other means ). തുക ഈടാക്കാൻ റവന്യൂ റിക്കവറി നടപടികൾ ഉപയോഗിക്കാമെന്ന് ക്ളോസ് -3 ൽ ചേർത്തിട്ടുണ്ട്. ആയതിലേക്കൊന്നും തിരിയാതെ രണ്ട് വർഷത്തോളം കത്തിടപാടുകൾ നടത്തി സമയം പാഴാക്കുകയാണ് ചെയ്തത്. ഒന്നേകാൽ കോടിയോളം രൂപ രണ്ട് വർഷത്തോളം എഫ്.ഐ.ടി അക്കൌണ്ടിൽ ഡെപ്പോസിറ്റ് ചെയ്യപ്പെട്ടത് ജില്ലാ പഞ്ചായത്തിന്റെ ഭാഗത്ത് നിന്നുള്ള ഗൗരവമായ അപാകതയാണ്.

ഈ സാഹചര്യത്തിൽ ARTCO , KADCO എന്നീ സ്ഥാപനങ്ങളിൽ നിന്ന് ലഭ്യമാക്കിയ ഫർണ്ണിച്ചറിന് അധികം നൽകിയ തുക ക്ലോസ് -3 പ്രകാരം എഫ്.ഐ.ടിയിൽ നിന്ന് ലഭ്യമാക്കാനും സ്ഥാപനത്തിന്റെ കൈവശമുള്ള 1,24,97,665 രൂപ പലിശ സഹിതം ലഭ്യമാക്കാനും ആയതിന് തയ്യാറായില്ലെങ്കിൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കാനും ഓഡിറ്റ് നിർദ്ദേശിക്കുന്നു.

# 3-23 നേര്യമംഗലം ഫാമിൽ ചെക്ക് ഡാം നിർമ്മാണം - പഠനറിപ്പോർട്ട് ഉപയോഗപ്രദമല്ല.

(ഫയൽ നം. എ.ഇ.3/ 480 / 2016)

| | |
|---|---|
| പ്രോജക്ടിന്റെ പേര് | നേര്യമംഗലം ജില്ലാക്യഷി തോട്ടത്തിൽ മിനി ചെക്ക് ഡാം, കുളം എന്നിവ നിർമ്മിക്കുന്നതിനാവശ്യമായ സർവ്വേയും പഠനവും (എസ്.695 /18) |
| അടങ്കൽ | 540000/- ( തനത് ഫണ്ട്) |
| ചെലവ് | 321216/-<br><br>(Rs.50000/- cheque No. SB/XY No. 2107708/ 24.4.2017 & Rs.271216/- SB/XY No. 2661432/ 27.12.2017) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (അഗ്രിക്കൾച്ചർ) |

രാഷ്ട്രീയ കൃഷി വികാസ് യോജന 2017-18 പ്രകാരം നേര്യമംഗലം ജില്ലാകൃഷി തോട്ടത്തിൽ മിനി ചെക്ക് ഡാം, കുളം എന്നിവ നിർമ്മിക്കുന്നതിന് രണ്ട് കോടി രൂപ അടങ്കൽ ഉള്ള പ്രോജക്ട് വിഭാവനം ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച സർവ്വേയും പഠനവും നടത്തുന്നതിനായിട്ടാണ് മേൽ പ്രോജക്ട് ഏറ്റെടുത്തിട്ടുള്ളത്. ആയതിനായി KERI Peechi (Kerala Engineering Research Institute) എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തുകയും അവർ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ചീഫ് എഞ്ചിനീയർ, IDRB (Irrigation design and research board) റിപ്പോർട്ടിൽ ഡിസൈൻ തയ്യാറാക്കുന്നതിന് ആവശ്യമായ വിവരങ്ങൾ ഇല്ല എന്ന് അറിയിച്ചിട്ടുണ്ട്. ഇതേ തുടർന്ന് ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തി റിപ്പോർട്ട് വീണ്ടും തയ്യാറാക്കുന്നതിന് KERI അധികൃതരോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച് നിലവിലുള്ള അവസ്ഥ എന്തെന്ന വിവരം ലഭ്യമാക്കുവാൻ താൽപര്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 18/25.2.2019) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ 321216/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 3-24 എച്ച്.ഐ.വി.ബാധിതർക്ക് പോഷകാഹാര വിതരണം - സ്റ്റോക്ക് രേഖപ്പെടുത്തുന്നില്ല.

| | | |
|---|---|---|
| പ്രോജക്ടിന്റെ പേര് | എച്ച്.ഐ.വി.ബാധിതർക്ക് പോഷകാഹാരം (എസ്.708/18) | |
| അടങ്കൽ | 17,50,000/- വികസന ഫണ്ട് പൊതുവിഭാഗം | |
| ചെലവ് | 5,44,260/- | DPB No. 5/17-18 |
| | 6,05,447/- | DPB No. 12/17-18 |
| | 5,51,893/- | DPB No. 16/17-18 |
| | **17,01,600/-** | |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ | |

ഈ പ്രോജക്ട് ENP+ ( Ernakulam District Network of people living with HIV/AIDS) എന്ന സ്ഥാപനം മുഖാന്തിരമാണ് നടപ്പിലാക്കിയിട്ടുള്ളത്. ഈ സ്ഥാപനവുമായി നിർവ്വഹണ ഉദ്യോഗസ്ഥൻ ധാരണാപത്രം ചമച്ചിട്ടുള്ളതായി കാണുന്നില്ല. മാത്രമല്ല സപ്ലൈക്കോയിൽ നിന്നും

വാങ്ങിയിട്ടുള്ള ഭക്ഷണ സാധനങ്ങൾ സ്റ്റോക്ക് രേഖപ്പെടുത്താതെയാണ് പണം നൽകിയിട്ടുള്ളത്. സപ്ലൈ ഓർഡർ നൽകി, ഇൻവോയ്സ് പ്രകാരം സാധനങ്ങൾ ലഭ്യമായി, സ്റ്റോക്കിലെടുത്തതിന് ശേഷം മാത്രമെ തുക നൽകാവൂ ( ഖണ്ഡിക 12.19, സ്റ്റോർ പർച്ചേയ്സ് മാനുവൽ) എന്നിരിക്കെ ഇതിന് വിരുദ്ധമായാണ് തുക നൽകിയിട്ടുള്ളത്. സ്റ്റോക്ക് രേഖപ്പെടുത്താത്ത സാധനങ്ങൾ സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

| ഇൻവോയ്സ് നമ്പർ | തുക |
|---|---|
| 171063/19.07.2017 | 182286/- |
| 171129/ 1.8.2017 | 334807/- |
| 171136/ 2.8.2017 | 27167/- |
| 172070/5.12.2017 | 593247/- |
| 172764/ 24.2.018 | 551893/- |
| ആകെ | 16,89,400/- |

മേൽ പരാമർശം സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം.58/8.3.2019) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സഹചര്യത്തിൽ 16,89,400/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 3-25 നേര്യമംഗലം ജില്ലാ കൃഷിത്തോട്ടത്തിലെ അടിസ്ഥാന സൗകര്യ വികസനം- പദ്ധതി ആസൂത്രണത്തിലെയും, മോണിറ്ററിങ്ങിലെയും അപാകതകൾ

| | |
|---|---|
| പ്രൊജക്ട് നമ്പർ | 1091/17, 1111/18 |
| അടങ്കൽ | 22,09,000/- (തനത് ഫണ്ട്) |

2016-17-ൽ തുക വകയിരുത്തി അംഗീകാരം വാങ്ങിയ ഈ പ്രൊജക്ട് 2017-18-ൽ സ്പിൽ ഓവറായി തുടർന്നു. 25.04.17-ലെ ഇ-ടെൻഡറിൽ ഈ പദ്ധതിയുടെ രണ്ടു ഘടകങ്ങളിലൊന്നായ വെർമി കമ്പോസ്റ്റ് യൂണിറ്റുകളുടെ മേൽക്കൂര നിർമ്മാണം എന്ന പ്രവൃത്തി 18.72% ടെൻഡർ കുറവിൽ കരാറെടുത്ത ബിജു ജോസഫ് 19.05.17-ൽ എഗ്രിമെന്റ് വെച്ച് പണി ആരംഭിച്ചു. ഓഡിറ്റ് വർഷം പൂർത്തീകരിച്ച ഈ പ്രവൃത്തിക്ക് 5,58,677/- രൂപ ചെലവായി.

ഈ പ്രൊജക്ടിന്റെ രണ്ടാമത്തെ ഘടകമായ ട്രൈക്കോഡെർമ യാർഡിന്റെ നിർമ്മാണത്തിനായി ശ്രീ. വി.വി.ജോസഫ് എന്ന കരാറുകാരൻ 16.74% ടെൻഡർ കുറവിൽ 19.05.17-ൽ എഗ്രിമെന്റ് വെച്ച് പൂർത്തിയാക്കിയ പ്രവൃത്തിക്ക് 6,71,450/- രൂപയും ചെലവായിട്ടുണ്ട്. ഈ രണ്ടു പ്രവൃത്തികളിലും കൂടി ആകെ 12,30,127/- രൂപ ചെലവായി. ഈ പദ്ധതിയുടെ നിർവ്വഹണത്തിൽ താഴെപ്പറയുന്ന അപാകതകൾ ഉണ്ട്.

a). 22,09,000/- വകയിരുത്തിയ ഈ പ്രൊജക്ടിന്റെ ആകെ ചെലവ് 12,30,127/- രൂപ (56%) മാത്രമായിരുന്നു. പ്രൊജക്ട് രൂപീകരണവേളയിൽ കൃത്യമായ കോസ്റ്റ് എസ്റ്റിമേഷൻ നടത്താതിരുന്നതിനാൽ വകയിരുത്തിയ തുകയുടെ പകുതി മാത്രമേ ചെലവഴിക്കാൻ സാധിച്ചുള്ളൂ.

b). ഈ പ്രവൃത്തിയുടെ മോണിറ്ററിംഗ് റിപ്പോർട്ടിൽ 4 അംഗങ്ങൾ മാത്രമാണ് ഒപ്പിട്ടിരിക്കുന്നത് ചെയർപ്പേഴ്സണും, രണ്ടു വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളും ജില്ലാ പഞ്ചായത്ത് അംഗങ്ങൾ തന്നെയാണ്. 4-ാമത്തെ അംഗം നിർവഹണ ഉദ്യോഗസ്ഥനായ ഫാം സൂപ്രണ്ട് തന്നെയാണ്. വർക്കിംഗ് ഗ്രൂപ്പ് കൺവീനർ കൂടിയായ നിർവഹണോദ്യോഗസ്ഥൻ ഒഴികെയുള്ള വർക്കിംഗ് ഗ്രൂപ്പാണ് മോണിറ്ററിംഗ് നടത്തേണ്ടത് എന്നാണ് 13-ാം പദ്ധതി മാർഗ്ഗരേഖ (ജി.ഒ.(എം.എസ്) നം. 72/17/ തസ്വഭവ. 29.3.17) യിൽ നിർദ്ദേശിച്ചിരിക്കുന്നത്. ഈ വ്യവസ്ഥ പാലിക്കപ്പെട്ടിട്ടില്ല. പദ്ധതി ആസൂത്രണഘട്ടത്തിലെ വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹണ ഘട്ടത്തിൽ മോണിറ്ററിംഗ് സമിതിയായി പ്രവർത്തിക്കുകയും പദ്ധതിയുടെ വിജയ പരാജയങ്ങൾ കൃത്യമായി വിലയിരുത്തി മോണിറ്ററിംഗ് റിപ്പോർട്ട് നൽകുകയും ചെയ്യണമെന്ന മേൽ ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കപ്പെടേണ്ടതാണ്.

# 3-26 സൈഡ് വീലോടുകൂടിയ സ്കൂട്ടർ വിതരണം - രേഖകൾ ലഭ്യമല്ല.

ഭിന്നശേഷിയുള്ളവർക്ക് സൈഡ് വീലോടുകൂടിയ സ്കൂട്ടർ വിതരണത്തിന് രണ്ട് പ്രോജക്ടുകളിലായി 284 വാഹനങ്ങൾ m/s ടോപ്പ് ഗിയർ ഹീറോ എന്ന സ്ഥാപനത്തിൽ നിന്നും ഒരെണ്ണത്തിന് 67300/- രൂപ നിരക്കിൽ വാങ്ങിയിട്ടുണ്ട്. ഈ പ്രോജക്ടുകളുടെ വിശദവിവരങ്ങളും നിർവ്വഹണത്തിലെ അപാകതകളും താഴെ ചേർക്കുന്നു.

<u>പൊതുവായ അപാകതകൾ</u>

അംഗീകൃത ഗുണഭോക്തൃലിസ്റ്റ് ലഭ്യമല്ല: വിവിധ ഗ്രാമപഞ്ചായത്തുകളിലെ ഗ്രാമസഭകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട് ജില്ലാ പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല.

മോണിറ്ററിങ്ങ് റിപ്പോർട്ട് ലഭ്യമല്ല : പ്രോജക്ട് നിർവ്വഹണ ഘട്ടങ്ങളും പ്രോജക്ട് ലക്ഷ്യം നേടിയിട്ടുണ്ടോ എന്നത് സംബന്ധിച്ചും ബന്ധപ്പെട്ട മോണിറ്ററിങ്ങ് സമിതിയുടെ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

<u>മറ്റ് അപാകതകൾ</u>

1)

| | | |
|---|---|---|
| പ്രോജക്ടിന്റെ പേര് | ഭിന്നശേഷിയുള്ളവർക്ക് സൈഡ് വീലോടുകൂടിയ സ്കൂട്ടർ - രാജഹംസം (എസ്.716/18) | |
| അടങ്കൽ | 1,80,00,000/- വികസന ഫണ്ട് പൊതുവിഭാഗം | |
| ചെലവ് | 24,22,800/- | DPB No. 2/17-18 |
| | 24,22,800/- | DPB No. 3/17-18 |
| | 16,15,200/- | DPB No. 4/17-18 |
| | 16,82,500/- | DPB No. 6/17-18 |
| | 24,90,100/- | DPB No. 10/17-18 |
| | 34,99,600/- | DPB No. 13/17-18 |
| | 23,55,500/- | DPB No. 17/17-18 |
| | 1,64,88,500/- | 245 വാഹനങ്ങൾ വാങ്ങിയതിന് നൽകിയ തുക |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ജില്ലാ സാമൂഹ്യനീതി ഓഫീസർ | |

<u>സ്കൂട്ടർ കൈപ്പറ്റിയിട്ടില്ല:</u> ബിൽ നം.DPB No. 6/17-18 പ്രകാരം 25 സ്കൂട്ടറുകൾ വാങ്ങിയിട്ടുണ്ട്. എന്നാൽ ഇതിൽ ഇൻവോയ്സ് നം. 332/16.8.2017 പ്രാകാരം ശ്രീ. ഇ.ആർ. സന്തോഷ് കുമാറിന്റെ പേരിൽ വാങ്ങിയിട്ടുള്ള വാഹനം ടിയാൾ കൈപ്പറ്റിയതായി കാണുന്നില്ല.

<u>ഇൻവോയ്സുകൾ ലഭ്യമല്ല:</u> ബിൽ നമ്പർ DPB No. 10/17-18, DPB No. 13/17-18, DPB No. 17/17-18 എന്നീവ പ്രകാരം യഥാക്രമം 37,52,35 എണ്ണം സ്കൂട്ടറുകൾ വാങ്ങിയിട്ടുണ്ടെങ്കിലും അവയുടെ ഇൻവോയ്സുകൾ ലഭ്യമല്ല.

2)

| | | |
|---|---|---|
| പ്രോജക്റ്റിന്റെ പേര് | ഭിന്നശേഷിയുള്ളവർക്ക് സൈഡ് വീലോടുകൂടിയ സ്കൂട്ടർ - രാജവാഹനം (എസ്.717/18) | |
| അടങ്കൽ | 48.45,690/- വികസന ഫണ്ട് പൊതുവിഭാഗം | |
| ചെലവ് | 12,11,400/- | DPB No. 1/17-18 |
| | 10,09,500/- | DPB No. 11/17-18 |
| | 4,03,800/- | DPB No. 18/17-18 |
| | 26,24,700/- | 39വാഹനങ്ങൾ വാങ്ങിയതിന് നൽകിയ തുക |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ | |

<u>ഇൻവോയ്സുകൾ ലഭ്യമല്ല</u> : ബിൽ നമ്പർ DPB No. 11/17-18, DPB No. 18/17-18, എന്നീവ പ്രകാരം യഥാക്രമം 15,6 എണ്ണം സ്കൂട്ടറുകൾ വാങ്ങിയിട്ടുണ്ടെങ്കിലും അവയുടെ ഇൻവോയ്സുകൾ ലഭ്യമല്ല.

മേൽ പരാമർശങ്ങൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ താൽപര്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.56/8.3.2019) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് രേഖകൾ ഫയലിൽ ചേർത്ത് സൂക്ഷിക്കേണ്ടതും ഓഡിറ്റിനായി ഹാജരാക്കേണ്ടതുമാണ്.

# 3-27 മരാമത്ത് പ്രവൃത്തി - പൊളിച്ചുനീക്കിയ ഉപയോഗയോഗ്യമായ വസ്തുക്കളുടെ പുനരുപയോഗം ഉറപ്പാക്കുന്നില്ല.

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | കുളക്കാട് ഷാപ്പുപടി റോഡ് മെയിന്റനൻസ്- കീഴ്മാട് ഗ്രാമപഞ്ചായത്ത് (എസ്.2039 /18) |
| അടങ്കൽ | 9,40,013/- ( മെയിന്റനൻസ് ഗ്രാന്റ് റോഡ്) |
| ചെലവ് | 9,39,919/- ബിൽ നം. LSGD / 03 / 24.03.018 |
| നിർവ്വഹണ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ. |

| | |
|---|---|
| ഉദ്യോഗസ്ഥൻ | എൽ.എസ്.ജി.ഡി. |

ഈ പ്രവൃത്തിയിൽ അധിക ഇനമായി കരിങ്കൽകെട്ട് പൊളിച്ചുമാറ്റി സ്റ്റാക്ക് ചെയ്തിട്ടുണ്ട്. ഇങ്ങനെ പൊളിച്ചുനീക്കിയ ഉപയോഗയോഗ്യമായ 8.04 ഘ.മീ. കരിങ്കൽ പഞ്ചായത്ത് ഗ്രൗണ്ടിൽ അട്ടിയിട്ട് സൂക്ഷിച്ചിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട് (പേജ് നം.2 , അളവ് പുസ്തകം 933/15-16). പൊളിച്ചുനീക്കിയ കരിങ്കല്ല് മറ്റ് പ്രവൃത്തികൾക്കായി ഉപയോഗിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം, വിവിധ പ്രവൃത്തികളിൽ ഇത്തരത്തിൽ പൊളിച്ചുനീക്കുന്ന ഉപയോഗയോഗ്യമായ വസ്തുക്കളുടെ സ്റ്റോക്ക് കേന്ദ്രീകൃതമായി രേഖപ്പെടുത്തി സൂക്ഷിക്കുന്നുണ്ടെങ്കിൽ ആ വിവരം, പൊളിച്ചുനീക്കുന്ന ഉപയോഗയോഗ്യമായ വസ്തുക്കളുടെ പുനരുപയോഗം ഉറപ്പാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള മോണിറ്ററിംഗ് സംവിധാനം സംബന്ധിച്ചുള്ള വിവരം എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടെങ്കിലും ( ഓഡിറ്റ് എൻക്വയറി നം.33/27.2.019) മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ പ്രവൃത്തിയിൽ പെളിച്ചു നീക്കി സ്റ്റാക്ക് ചെയ്തിട്ടുള്ള 8.04 ഘ.മീ. കരിങ്കല്ല്, ആവശ്യമായ മറ്റ് പ്രവൃത്തികൾക്ക് ഉപയോഗിക്കേണ്ടതും ആ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. കൂടാതെ പൊളിച്ചുനീക്കുന്ന ഉപയോഗയോഗ്യമായ വസ്തുക്കളുടെ പുനരുപയോഗം ഉറപ്പാക്കുന്നതിനായി കേന്ദ്രീകൃതമായ ഒരു മോണിറ്ററിംഗ് സംവിധാനം നടപ്പിലാക്കേണ്ടതുമാണ്. ഇക്കാര്യം പൊതുമരാമത്ത് സ്റ്റാന്റിങ്ങ് കമ്മറ്റിയുടെ ശ്രദ്ധയിൽപെടുത്തുന്നു.

# 3-28 എസ്റ്റിമേറ്റ് തുകയേക്കാളും 9.95%കൂടിയ നിരക്ക് - 0.5% കുറവ് എന്ന് രേഖപ്പെടുത്തി ടെണ്ടർ അംഗീകരിച്ചു

| | |
|---|---|
| പ്രോജക്ടിന്റെ പേര് | മതിരത്തുപാടം റോഡ് കടുങ്ങല്ലൂർ ഗ്രാമ പഞ്ചായത്ത് |
| പ്രോജക്ട് നമ്പർ | S0393/18 |
| നിർവ്വഹണം | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ ,LSGD |
| കരാറുകാരൻ | സൈനുദ്ദീൻ |
| അളവു പുസ്തകം | 47/16-17 |
| ചെലവു വിവരം | ബിൽ നമ്പർ 110/22-03-18 രൂപ 496012/- |

DSR2016 അനുസരിച്ച് ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് അനുസരിച്ച് സേവന നികുതി 47437/- രൂപ ഉൾപ്പെടെ അടങ്കൽ 499221/- രൂപയാണ്. ഐറ്റം റേറ്റിൽ ടെണ്ടർ ക്ഷണിച്ചതനുസരിച്ച് 496726/- രൂപ ക്വോട്ട് ചെയ്ത നിരക്ക് എസ്റ്റിമേറ്റ് നിരക്കിനേക്കാളും 0.5% കുറവ് എന്ന് രേഖപ്പെടുത്തിയാണ് ടെണ്ടർ അംഗീകരിച്ചിട്ടുള്ളത്. റോഡ് നിർമ്മാണ പ്രവൃത്തികളെ സേവന നികുതിയിൽ നിന്നും

ഒഴിവാക്കിയിട്ടുള്ളതിനാൽ എസ്റ്റിമേറ്റ് പ്രകാരം വരുന്ന യഥാർത്ഥ തുക 451784/- ( 499221-47437) ആണ്. ക്വോട്ട് ചെയ്ത നിരക്കിന്റെ വിശദാംശം ചുവടെ കൊടുക്കുന്നു.

| ഇനം | എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്ക് (/m2) | ക്വോട്ട് ചെയ്ത നിരക്ക് (/m2) |
|---|---|---|
| Tack coat | 11.33 | 18.78 |
| MPM 50mm | 271.29 | 284.09 |
| MPM75mm | 355.99 | 375.475 |
| 20mm chipping carpet | 169.78 | 181.90 |
| Seal coat | 67.18 | 75 |

കരാറുകാരൻ മേൽപ്പറഞ്ഞ രീതിയിൽ നിരക്ക് ക്വോട്ട് ചെയ്തിട്ടും എസ്റ്റിമേറ്റ് നിരക്കിനേക്കാളും 0.5% കുറവ് എന്ന് രേഖപ്പെടുത്തി ടെണ്ടർ അംഗീകരിച്ചത് ശരിയായ നടപടിയല്ല. ഇത്തരത്തിലൊരു സിംഗിൾ ടെണ്ടർ ലഭിച്ചിട്ടും റീടെണ്ടർ നടപടികൾ സ്വീകരിക്കാതെ പ്രവൃത്തി നടപ്പിലാക്കിയത് ക്രമ വിരുദ്ധമാണ്. ഇത്തരം അപാകതകൾ ഉണ്ടാകതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-29 മണീട് സ്ക്കൂളിന് സ്പോർട്ട്സ് ഉപകരണം വാങ്ങൽ

| | |
|---|---|
| പ്രോജക്ട് നമ്പരും പേരും | 1116/18, മണീട് സ്കൂൾ സ്പോർട്ട്സ് ഉപകരണം വാങ്ങൽ |
| അടങ്കൽ | 12,34,990 രൂപ (തനത് ഫണ്ട്) |
| ചെലവ് തുക | 12,34,990 രൂപ (ചെക്ക് നമ്പർ 2439007, തീയതി.31.03.2018) |

പൊതു വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ നിർവ്വഹണം നടത്തിയ ഈ പ്രോജക്ട് പ്രകാരം മണീട് ഗവൺമെന്റ് വി.എച്ച്.എസ്. സ്കൂളിലേക്ക് സ്പോർട്ട്സ് ഉപകരണങ്ങൾ വാങ്ങുന്നതിന് ഇ-ടെണ്ടർ നടപടി സ്വീകരിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത യുണൈറ്റഡ് മാർക്കറ്റിംഗ് സ്പോർട്ട്സ് എംപോറിയത്തിന് സപ്ലൈ ഓർഡർ നൽകുകയും പ്രസ്തുത സ്ഥാപനം സ്പോർട്ട്സ് ഉപകരണങ്ങൾ ലഭ്യമാക്കുകയും ചെയ്തിരുന്നു. പോൾവാൾട്ട് , ഹർഡിൽസ്, ഡിസ്കസ് ത്രോ, ഹാമർ എന്നിവയുമായി ബന്ധപ്പെട്ട ഉപകരണങ്ങളാണ് വാങ്ങിയത്.

ലഭിച്ച സ്പോർട്സ് ഉപകരണങ്ങൾ വിദഗ്ദരുടെ മേൽനോട്ടത്തിൽ പരിശോധിച്ചതിൽ ചില ഉപകരണങ്ങൾക്ക് ഗുണമേന്മ കുറവാണെന്ന് കണ്ടെത്തുകയും അവ ഒഴികെയുള്ള ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് രണ്ടാമത്തെ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ടോൾ ബോയ്സ്, കൊച്ചി എന്ന സ്ഥാപനത്തിന് 23.10.2018 തീയതിയിൽ സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട്.
ഗുണമേന്മ കുറഞ്ഞ സ്പോർട്ട്സ് ഉപകരണങ്ങൾ സപ്ലൈ ചെയ്തതിന് യുണൈറ്റഡ് മാർക്കറ്റിംഗ് സ്പോർട്ട്സ് എമ്പോറിയം, തിരുനൽവേലി എന്ന സ്ഥാപനത്തിനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ, പ്രസ്തുത സ്ഥാപനവുമായി കരാർ വെച്ചിരുന്നുവോ, ബാക്കിയുള്ള ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനായുള്ള നടപടികളുടെ നിലവിലെ അവസ്ഥ എന്നിവ വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 7, തീയതി.22.02.2019) നൽകിയിരുന്നു. ആയതിന് ലഭ്യമാക്കിയ മറുപടിയിൽ പറഞ്ഞിരിക്കുന്നത് ഗുണമേന്മ കുറഞ്ഞ സ്പോർട്ട്സ് ഉപകരണങ്ങൾ സപ്ലൈ ചെയ്ത യുണൈറ്റഡ് മാർക്കറ്റിംഗ് സ്പോർട്ട്സ് എംപോറിയം, തിരുനൽവേലി എന്ന സ്ഥാപനത്തിന് തുക നല്കിയിട്ടില്ലെന്നും അവരുടെ ഉപകരണങ്ങൾ നിരസിച്ചതിനാൽ സ്ഥാപനം കരാർ വെച്ചിട്ടില്ല എന്നുമാണ്. രണ്ടാമത്തെ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ടോൾ ബോയ്സ്, കൊച്ചി എന്ന സ്ഥാപനം സാധനങ്ങൾ സപ്ലൈ ചെയ്തിട്ടുണ്ടെന്നും പ്രസ്തുത ഉപകരണങ്ങളുടെ ഗുണനിലവാരവും പ്രവർത്തനവും ടെക്നിക്കൽ കമ്മിറ്റി പരിശോധിച്ച് വരുകയാണെന്നും മറുപടിയിൽ പറഞ്ഞിട്ടുണ്ട്.

ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് മുമ്പ് യുണൈറ്റഡ് മാർക്കറ്റിംഗ് സ്പോർട്ട്സ് എമ്പോറിയവുമായി കരാർ വെയ്ക്കാതിരുന്നതിനും, നിലവാരം കുറഞ്ഞ ഉപകരണങ്ങൾ സപ്ലൈ ചെയതതിന് സ്ഥാപനത്തിനെതിരെ നടപടി സ്വീകരിക്കാതിരുന്നതിനും വിശദീകരണം നല്കേണ്ടതാണ്. കൂടാതെ ടോൾ ബോയ്സ്, കൊച്ചി എന്ന സ്ഥാപനം സപ്ലൈ ചെയ്തിരിക്കുന്ന ഉപകരണങ്ങളുടെ ഗുണനിലവാരവും പ്രവർത്തനവും സംബന്ധിച്ച ടെക്നിക്കൽ കമ്മിറ്റി യുടെ പരിശോധനാ റിപ്പോർട്ടും, സ്ഥാപനം ഹാജരാക്കിയ ബില്ലും ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. പ്രസ്തുത രേഖകൾ ഓഡിറ്റിന് ലഭ്യമാക്കുന്നതുവരെ ഈ പ്രോജക്ടിനായുള്ള ചെലവ് തുക, 12,34,990 രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

# 3-30 മാമലശ്ശേരി സ്കൂൾ ആഡിറ്റോറിയം (രാമമംഗലം ഗ്രാമ പഞ്ചായത്ത് )-നിർമ്മാണം - അപാകതകൾ

| | |
|---|---|
| പ്രൊജക്റ്റ് നം | S0047 / 18 |
| പേര് | മാമലശ്ശേരി സ്കൂൾ ആഡിറ്റോറിയം - രാമമംഗലം ഗ്രാമ പഞ്ചായത്ത് |
| നിർവ്വഹണ ഉദ്യോഗസ്ഥർ | എക്സി.എഞ്ചിനീയർ |
| ബിൽ നം | 47/17-18/23.03.2018- Rs. 1166362/- |

പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ ചേർക്കുന്ന അപാകതകൾ കാണപ്പെട്ടു.

1 . 15 ലക്ഷം രൂപ അടങ്കലിൽ തയ്യാറാക്കിയ ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം ഓഡിറ്റോറിയത്തിന്റെ പൂർത്തീകരണം, തറയുടെ ടൈൽ പാകൽ, ട്രസ് വർക്ക് (457 sq.m), ഫാൾസ് സീലിംഗ് സ്ഥാപിക്കൽ, ഗ്രിൽ സ്ഥാപിക്കൽ എന്നിവ ഉൾപ്പെടുത്തിയിരുന്നു. ടി പ്രവൃത്തി ഏറ്റവും കുറഞ്ഞ നിരക്ക് (Rs .1187389.21 ) ക്വോട്ട് ചെയ്ത കോഡ്സ് കൺസ്ട്രക്ഷൻസ് എന്ന സ്ഥാപനത്തിന് ടെൻഡർ അംഗീകരിച്ച് നൽകിയിരുന്നു.

പ്രവൃത്തിയുടെ നിർവ്വഹണം ആരംഭിച്ചപ്പോൾ ജില്ലാപഞ്ചായത്ത് എൻജിനീയറിങ് വിഭാഗം ഡിസൈൻ ചെയ്ത ടി പ്രവൃത്തി സ്കൂൾ അധികൃതരുടെ നിർദ്ദേശപ്രകാരം ഡിസൈനിൽ മാറ്റം വരുത്തി. പ്രാഥമികമായ പഠനം / അന്വേഷണം എന്നിവ നടത്താതെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയതെന്ന് ഇതിൽ നിന്നും വ്യക്തമാണ്.

2.കോട്ട് ചെയ്ത തുകയിൽ തന്നെ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് വേണ്ടി റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം ചില പ്രധാന ഇനങ്ങൾ ഉപേക്ഷിക്കുകയോ, അളവിൽ കുറവ് വരുത്തുകയോ ചെയ്തു.

പ്രധാന ഇനമായ fixing precoated galvanised iron profile sheet പ്രകാരം ആഡിറ്റോറിയം പൂർണ്ണമായി മേൽക്കൂര ഇടുന്നതിന് 457.57 m2 ആവശ്യമായിരുന്നു.. എന്നാൽ റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം 194.58 m2 മാത്രമാണ് ചെയ്യുന്നത്. ആയതിനാൽ മേൽക്കൂരയുടെ റൂഫിങ്ങ് ജോലികൾ ഭാഗികമായി മാത്രമാണ് പൂർത്തിയാക്കിയിട്ടുള്ളതെന്ന് കാണുന്നു. ഫൈനൽ ബിൽ പ്രകാരം 1166362 /- രൂപയുടെ പ്രവൃത്തിയാണ് നിർവ്വഹിച്ചിട്ടുള്ളത്. അംഗീകാരം ലഭിച്ച പ്രോജക്ട് പ്രകാരം 1500000 രൂപ ചെലവഴിക്കാമെന്നിരിക്കെ ടി പ്രവൃത്തി പൂർണ്ണമാക്കാതെ ഫൈനൽ ബിൽ നൽകിയതായി കാണുന്നു.

ടി പദ്ധതി സ്പിൽ ഓവർ പദ്ധതി ആക്കി 2018 -19 വർഷം പൂർത്തീകരിച്ചിട്ടുണ്ടോ എന്ന വിവരവും ലഭ്യമാക്കിയിട്ടില്ല. പദ്ധതി സ്പിൽ ഓവറാക്കി അടുത്ത സാമ്പത്തിക വർഷം ഇതേ നിരക്കിൽ ചെയ്യുവാൻ സാധിക്കുമോ എന്നും വ്യക്തമല്ല

3. പദ്ധതിയുടെ ഭാഗമായി ഡിസ്മാന്റിൽ ചെയ്ത 20mm steel cut piece-155.6kg, 12mm steel - 26.7kg, 60x50mm GI square pipe (truss) - 205 kg , 40x20mm GI square pipe - 49.08 kg, pre-coated laminated GI sheet- 54.08m2 എന്നീ സാധനങ്ങൾ സ്കൂളിൽ വാഹന ഷെഡ് പണിയുന്നതിനായി നൽകണമെന്ന് സ്കൂൾ ഹെഡ്മാസ്റ്റർ അപേക്ഷ നൽകിയതായി കാണുന്നു. എന്നാൽ ഇത് സംബന്ധിച്ച് ജില്ലാ പഞ്ചായത്ത് കമ്മറ്റി അനുമതി നൽകിയതായി കാണുന്നില്ല. ടി സാധനങ്ങൾ ഉപയോഗിച്ച് സ്കൂളിൽ ഷെഡ് പണിതതിന്റെ വിശദാംശങ്ങളും ലഭ്യമല്ല. ഷെഡ് പണിയാത്ത സാഹചര്യത്തിൽ ടി സാധനങ്ങൾ ലേലം ചെയ്ത് നൽകേണ്ടതാണ്. ടി സാധനങ്ങൾ ലേലം ചെയ്ത് നൽകിയതായും കാണുന്നില്ല. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം. 47/ 05.3.2019) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പദ്ധതിക്കായി ചെലവഴിച്ച 1166362/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-31 കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012 സെക്ഷൻ 2112 ലംഘിച്ച് പൂർത്തീകരണ കാലാവധി 100% ദീർഘിപ്പിച്ചു നൽകി.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | കവുങ്ങാംപറമ്പ് -തൈക്കാവ് റോഡ് മെയിന്റനൻസ് - കിഴക്കമ്പലം ഗ്രാമപഞ്ചായത്ത് |
| പ്രോജക്ട് നമ്പർ | S1154/18 |
| നിർവ്വഹണോദ്യോഗസ്ഥൻ | എക്സിക്യൂട്ടീവ് എഞ്ചിനിയർ, |

| | |
|---|---|
| | എൽ.എസ്.ജി.ഡി. |
| കരാറുകാരൻ | ജയൻ കെ മാത്യു |
| അളവ് പുസ്തകം | 568/16-17 |
| ചെലവ് വിവരം | ബിൽ നമ്പർ 109/31-03-18 രൂപ 1420050/- |
| കരാർ | 353/EE/LSGD/16-17 തീയതി 31-03-17 |
| കരാർ തുക | 1420050/- |

ഈ പ്രവൃത്തി ചെയ്യുന്നതിന് കരാറുകാരൻ 31-03-17ൽ കരാർ വെച്ചിട്ടുണ്ട്. കരാർ പ്രകാരം പൂർത്തികരിക്കേണ്ട തീയതി 30-09-17 (6മാസം) ആണ്. എന്നാൽ കരാർ കാലയളവിൽ പ്രവൃത്തി പൂർത്തീകരിച്ചില്ല. ശക്തമായ മഴ നിലനിൽക്കുന്നതിനാലും ഈ ഭാഗത്തേക്കുള്ള ഒരു കലുങ്ക് അപകടാവസ്ഥയിലായതിനാലും ടി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ഫൈൻ ഒഴിവാക്കി 6മാസം കൂടി കാലാവധി തരണമെന്ന് 30-09-17 ൽ കരാറുകാരൻ അപേക്ഷ നൽകിയിട്ടുണ്ട്. ഇതനുസരിച്ച് AE,AEEഎന്നിവർ ശുപാർശ ചെയ്യുകയും ഫൈനൽ ബിൽ നൽകിയപ്പോൾ ഫൈൻ ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്.

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012 സെക്ഷൻ 2112-1 പ്രകാരം കരാർ ഉടമ്പടിയിൽ വ്യവസ്ഥ ചെയ്ത സമയത്തിൽ തന്നെ പ്രവൃത്തി പൂർത്തീകരിക്കേണ്ടത് കരാറുകാരന്റെ ഉത്തരവാദിത്വമാണ്. കരാറുകാരന്റേതല്ലാത്ത കാരണത്താലുള്ള പൂർത്തീകരണമാവാത്തതിന് പൂർത്തീകരണത്തിനുള്ള Time extension ഒറിജിനൽ സമയത്തിന്റെ 25% ൽ അധികരിക്കാവുന്നതല്ല. എന്നാൽ പൂർത്തീകരണ കാലാവധി കരാറുകാരന്റെ പിഴവു മൂലം ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാം. ഇങ്ങനെ കാലാവധി ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ കാലാവധി തീരുന്നതിന് മുമ്പായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. ആദ്യ തവണ (ഒറിജിനൽ സമയത്തിന്റെ 25%) കാലാവധി ദീർഘിപ്പിക്കുന്നതിന് PAC യുടെ 1% വും ആദ്യ തവണക്കു ശേഷം PACയുടെ 2% വും പിഴയായി ഈടാക്കണം. പൂർത്തീകരണ കാലാവധി പരമാവധി ദീർഘിപ്പിച്ചു നൽകാവുന്നത് ഒറിജിനൽ സമയത്തിന്റെ 50% ആണ്.

ഇതനുസരിച്ച് ടി പ്രവൃത്തിക്ക് പരമാവധി നൽകാവുന്ന പൂർത്തീകരണ കാലാവധി 1.5 മാസമാണ്. അളവു പുസ്തകം പരിശോധിച്ചതിൽ പ്രവൃത്തി ആരംഭിച്ചിരിക്കുന്നത് 10-01-18ൽ ആണ്. അതായത് കരാർ വെച്ച് 10 മാസങ്ങൾക്ക് ശേഷമാണ് പ്രവൃത്തി ആരംഭിച്ചിട്ടുള്ളത്. ഇത്രയും കാലതാമസം വരുത്തിയിട്ടും ഫൈൻ ഒഴിവാക്കിയും കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012 സെക്ഷൻ 2112 ലംഘിച്ച് കാലാവധി ഒറിജിനൽ സമയത്തിന്റെ 100% ദീർഘിപ്പിച്ചു നൽകിയത് ശരിയായ നടപടിയല്ല.

കരാറുകാരൻ നിർവ്വഹണ ഉദ്യോഗസ്ഥനുമായി വെച്ചിട്ടുള്ള കരാർ അനുസരിച്ച് മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിച്ചില്ലെങ്കിൽ നിശ്ചിത കാലാവധിയുടെ 20% (1/5) പിഴയില്ലാതെ അനുവദിക്കാവുന്നതും അതിൽ കൂടുതൽ വരുന്ന 3 മാസം വരെ കരാർ തുകയുടെ 1% പിഴ ചുമത്തിക്കൊണ്ടും പിന്നീട്

വേണ്ടി വരുന്ന ഓരോ 3 മാസത്തിനും കരാർ തുകയുടെ 2% വീതം പിഴ ചുമത്തിക്കൊണ്ടും മാത്രമേ കാലാവധി നീട്ടുകയുള്ളൂ എന്ന് വ്യവസ്ഥ ചെയ്യുന്നു. ഇതനുസരിച്ച് ഈടാക്കേണ്ട ഫൈനിന്റെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| സൈറ്റ് കൈമാറ്റചെയ്ത തീയതി | 31-03-17 |
| കരാർ പ്രകാരം പൂർത്തികരിക്കേണ്ട തീയതി | 30-09-17 |
| പൂർത്തികരിച്ച തീയതി | 30-03-18 |
| വരുത്തിയ കാലതാമസം | 6 മാസം (180 ദിവസം) |
| അനുവദിക്കാവുന്ന ഗ്രേസ് പിരീട് | 36 ദിവസം (05-11-2017 ) |
| ഫൈൻ ഈടാക്കേണ്ട കാലയളവ് | 144ദിവസം |
| ഈടാക്കേണ്ടുന്ന ഫൈൻ | |
| ആദ്യ 3 മാസം @1% (90 ദിവസം)<br>06-11-17 – 05-02-18 | 1420050 @1%= 14200 |
| 06-02-18 -30-03-18 വരെ @2% | 1420050 x 53/90 x2/100 =16725 |
| ആകെ ഫൈൻ | 30925/- (14200 + 16725) |

ടി തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. മരാമത്ത് പ്രവൃത്തികൾക്ക് വെക്കുന്ന കരാറിൽ ഫൈനുമായി ബന്ധപ്പെട്ട് കാലഹരണപ്പെട്ട് പൊതുമരാമത്ത് ചട്ടങ്ങളിലെ വ്യവസ്ഥകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. അതിനാൽ നിലവിൽ ബാധകമായിട്ടുള്ള വ്യവസ്ഥകൾ കരാറിൽ ഉൾപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-32 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് - ധനവിനിയോഗ രേഖകൾ ലഭ്യമല്ല.

| | |
|---|---|
| പ്രോജക്ടിന്റെ | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് |

| | | |
|---|---|---|
| പേര് | സ്കോളർഷിപ്പ് (എസ്. 0779/18) | |
| അടങ്കൽ | 1,80,00,000/- വികസന ഫണ്ട് പൊതുവിഭാഗം | |
| ചെലവ് | 22,00,000/- | DPB No. 7/17-18 |
| | 24,70,975/- | DPB No. 8/17-18 |
| | 24,93,800/- | DPB No. 9/17-18 |
| | 78,35,010/- | DPB No. 14/17-18 |
| | 26,37,263/- | DPB No. 15/17-18 |
| | 153,275/- | DPB No. 19/17-18 |
| | 17790323/- | |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ജില്ലാ സാമൂഹ്യനീതി ഓഫീസർ | |

മേൽ പ്രോജക്ട് നിർവ്വഹണത്തിന്റെ ഭാഗമായി എറണാകുളം ജില്ലയിലെ വിവിധ ഗ്രാമപഞ്ചായത്തുകൾക്കാണ് ജില്ലാപഞ്ചായത്ത് വിഹിതം നൽകിയിട്ടുള്ളത്. എന്നാൽ ബന്ധപ്പെട്ട പഞ്ചായത്തുകളിൽ നിന്നും ധനവിനിയോഗ സാക്ഷ്യപത്രങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയവ ഹാജരാക്കുന്നതിന് രേഖാമൂലം ആവശ്യപ്പെട്ടിട്ടും (എൻക്വയറി നം.57/ 8.3.2019) ലഭ്യമാക്കാത്ത സാഹചര്യത്തിൽ 1,77,90,323/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 3-33 കാന നിർമ്മാണം -തെറ്റായി അളവ് രേഖപ്പെടുത്തിയത് മൂലം അധികം തുക നൽകി

| | |
|---|---|
| പ്രോജക്ടിന്റെ പേര് | അമ്പലംപടി - അംബേദ്കർ റോഡ് -കുന്നത്തുനാട് ഗ്രാമപഞ്ചായത്ത് |
| പ്രോജക്ട് നമ്പർ | S0030/18 |
| നിർവ്വഹണം | എക്സിക്യൂട്ടീവ് എഞ്ചിനിയർ,LSGD |
| കരാറുകാരൻ | ജയൻ കെ മാത്യു |
| അളവു പുസ്തകം | 465/16-17 |
| ചെലവു വിവരം | ബിൽ നമ്പർ 30/21-03-18 രൂപ 892370/- |

ഈ പ്രവൃത്തിയിൽ റോഡിന്റെ വലതുഭാഗത്തായി താഴെപ്പറയുന്ന അളവിൽ രണ്ട് കാന നിർമ്മിച്ചിട്ടുണ്ട്.

എ) 16 x0.98x (1.10 +1.07)/2

ബി) 8.30 x 0.95 x (1+0.58)/2

കാനയുടെ പാർശ്വ ഭിത്തി നിർമ്മിച്ചിരിക്കുന്നത് റീ ഇൻഫോഴ്സ്ഡ് സിമന്റ് കോൺക്രീറ്റിംഗിലാണ്. ഇതിനായി ഉപയോഗിച്ചിരിക്കുന്ന കമ്പിയുടെ അളവും സിമന്റ് കോൺക്രീറ്റിംഗിന്റെ അളവും ചുവടെ

കൊടുക്കുന്നു.

| ഇനം | അളവ് |
|---|---|
| PCC 1:3:6<br>(bed) | 16x0.98x0.10<br>8.30x0.90x0.10 |
| RCC M20 | 2x16x (0.30 +0.20)/2 x (1.10+1.27)/2<br>16x0.98 x0.20<br>2 x8.30 x(0.30 +0.20)/2 x (1+0.58)/2<br>8.30x0.90x0.20 |
| റീ ഇൻഫോഴ്സ്മെന്റ് | 152x (1.1+1.1+0.8)<br>2x8x 15.8<br>80 x (0.79 +0.79 +0.80)<br>2x6 x8.10 |

എ) 16മീറ്റർ നീളത്തിൽ നിർമ്മിച്ച കാനയുടെ പാർശ്വ ഭിത്തിക്കുള്ള റീ ഇൻഫോഴ്സ്മെന്റ് നൽകിയിരിക്കുന്നത് 1.1+1.1+0.8 മീറ്റർ എന്ന അളവിലാണ്. കാനയുടെ ബെഡിന് മുകളിൽ 0.20മീറ്റർ കനത്തിൽ RCC ചെയ്തിട്ടുള്ളതിനാൽ പാർശ്വ ഭിത്തിക്ക് വരാവുന്ന പരമാവധി ഉയരം 0.95 (1.15 – 0.20) ആണ് . എന്നാൽ പാർശ്വ ഭിത്തി (1.10+1.27)/2 മീറ്റർ ഉയരത്തിൽ നിർമ്മിച്ചതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. തെറ്റായി അളവ് രേഖപ്പെടുത്തിയത് അധികച്ചെലവിനിടയാക്കി.

ബി) 8.30മീറ്റർ നീളത്തിൽ നിർമ്മിച്ച കാനയുടെ പാർശ്വ ഭിത്തിക്കുള്ള റീ ഇൻഫോഴ്സ്മെന്റ് നൽകിയിരിക്കുന്നത് 0.79 + 0.79 + 0.8 മീറ്റർ ആണ് കാനയുടെ ബെഡിന് മുകളിൽ 0.20മീറ്റർ കനത്തിൽ RCC ചെയ്തിട്ടുള്ളതിനാൽ പാർശ്വ ഭിത്തിക്ക് വരാവുന്ന പരമാവധി ഉയരം 0.60 (0.80 – 0.20) ആണ് . എന്നാൽ പാർശ്വ ഭിത്തി (1+0.58)/2 മീറ്റർ ഉയരത്തിൽ നിർമ്മിച്ചതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. തെറ്റായി അളവ് രേഖപ്പെടുത്തിയത് അധികച്ചെലവിനിടയാക്കി.അധികച്ചെലവിന്റെ വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | അനുവദിച്ചത് | യഥാർത്ഥത്തിൽ വരുന്ന അളവ് | അധികം (ക്വോട്ട് ചെയ്ത നിരക്ക് @8711/m3) |
|---|---|---|---|
| എ | 2x16x (0.30+0.20)/2 x (1.10+1.27)/2 =9.48m3 | 2x16x (0.30 +0.20)/2 x 0.95 =7.6 m3 | 1.88m3 |
| | | | |

| | | | |
|---|---|---|---|
| ബി | 2x8.30x (0.30+0.20)/2 x(1+0.58)/2 = 3.2785 m3 | 2x8.30x (0.30 +0.20)/2 x 0.60 = 2.49m3 | 0.7885m3 |
| | | | 2.6685m3@ |
| | ആകെ | | 8711/m3=23245 |

അധികം നൽകിയ തുക കരാറുകാരനിൽ നിന്നോ അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

# 3-34 അധിക അളവ് പ്രവൃത്തിക്ക് ടെണ്ടർ നിരക്കിനേക്കാൾ ഉയർന്ന നിരക്ക് അനുവദിച്ചു.

ജില്ലാ പഞ്ചായത്തിൽ ഇ-ടെണ്ടർ മുഖേന നടപ്പാക്കുന്ന പ്രവൃത്തികളിൽ കരാർ പ്രകാരമുള്ള അളവിനേക്കാൾ കൂടുതൽ പ്രവൃത്തി ചെയ്യേണ്ടി വരുമ്പോൾ അധിക അളവ് പ്രവൃത്തിക്ക് കരാറുകാരൻ ഈയിനം പ്രവൃത്തിക്ക് ക്വോട്ട് ചെയ്ത നിരക്കോ എസ്റ്റിമേറ്റ് നിരക്കോ ഏതാണ് കുറവ് അതാണ് 2016-17 വർഷം വരെ അനുവദിച്ചിരുന്നത്. എന്നാൽ, എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ നടന്ന 20-10-2016 ലെ അവലോകനയോഗത്തിന്റെ തീരുമാനപ്രകാരം എക്സ്ട്രാ ഐറ്റത്തിന് പ്രവൃത്തി ചെയ്യുന്ന കരാറുകാരന് അംഗീകൃത ടെണ്ടർ നിരക്ക് മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ഇത് ടെണ്ടർ നോട്ടീസിലും വ്യക്തമാക്കിയിട്ടുണ്ട്. അങ്ങനെ വരുമ്പോൾ ചിലയിനങ്ങൾ അധിക അളവിൽ ചെയ്യേണ്ടിവരികയും ഈയിനങ്ങളുടെ നിരക്ക് കരാറുകാരൻ ക്വോട്ട് ചെയ്ത ശരാശരി നിരക്കിനേക്കാൾ കൂടുതലാവുകയും ചെയ്യുമ്പോൾ അങ്ങനെയുള്ള പ്രവൃത്തികളിൽ കരാറുകാർക്ക് അധികതുക നൽകാൻ ഇടവരുന്നുണ്ട്. കെ.എസ്.എ.-ഇ.കെ.എം.(ഡി.പി.) 634/2018 പ്രകാരം 17-04-2018 ൽ പുറപ്പെടുവിച്ച ജില്ലാപഞ്ചായത്തിന്റെ 01-04-2017 മുതൽ 31-12-2017വരെയുള്ള വരവ് ചെലവ് കണക്കുകളുടെ ഇടക്കാല ഓഡിറ്റ് റിപ്പോർട്ടിന്റെ ഖണ്ഡിക 3-15 ൽ ഇക്കാര്യം ചൂണ്ടിക്കാണിച്ചതിനെത്തുടർന്ന് ജില്ലാപഞ്ചായത്തിന്റെ 2017-18 ലെ പല പ്രവൃത്തികളിലും അധികമായി ചെയ്യുന്ന അളവ് പ്രവൃത്തിക്ക് കരാറുകാരന്റെ ശരാശരി ടെണ്ടർ നിരക്ക് ബാധകമാക്കിയിട്ടുണ്ട്. എന്നാൽ താഴെപറയുന്ന പ്രവൃത്തികളിൽ അധിക അളവ് പ്രവൃത്തിക്ക് ശരാശരി ടെണ്ടർ നിരക്ക് അനുവദിക്കുന്നതിന് പകരം ഈയിനത്തിന് കരാറുകാരൻ ക്വോട്ട് ചെയ്ത് ഉയർന്ന നിരക്കാണ് അനുവദിച്ചിട്ടുള്ളത്.

(1) <u>പാലിശ്ശേരി ഗവ.ഹയർ സെക്കന്ററി സ്കൂൾ മെയിന്റനൻസ്, കറുകുറ്റി ഗ്രാമ പഞ്ചായത്ത്</u>

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്. 864/18 |
| നിർവ്വഹണ ഉദ്യോഗസ്ഥ | എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി. |
| അടങ്കൽ | രൂ. 25,00,000 |
| കരാറുകാരൻ | ശ്രീ. എം.എ.സിന്റോ, മൂഞ്ഞേലി വീട്, ചെമ്പന്നൂർ,അങ്കമാലി |
| കരാർ തുക | രൂ. 15,74,413 |
| അളവുപുസ്തകം | 102/15-16, 164/16-17 |
| കരാർ | നം.125/EE/:SGD/16-17 തീയതി 18-01-2017 |
| ചെലവ് | ട്രഷറി ബിൽ നം. 34/17-18 തീയതി 6-07-2017 രൂ. 929589<br>ട്രഷറി ബിൽ നം. 107/17-18 തീയതി 22-01-2018 രൂ. 512067 |

| ക്രമ നം. | ഇനം | എസ്റ്റിമേറ്റ് പ്രകാരം | ക്വോട്ട് ചെയ്തത് | ചെയ്ത അളവ് | അനുവദിച്ചത് | അനുവദിക്കാവുന്നത് | | അധികം |
|---|---|---|---|---|---|---|---|---|

| | | | | (-18.65%) | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | അളവ് m3 | നിരക്ക് | നിരക്ക് | കുറവ് | | നിരക്ക് | തുക | അളവ് | ടെണ്ടർ കുറവ് | നിരക്ക് | തുക | |
| 1 | Steel work | 1914.8 | 148.96 / kg | 122.15 | 18 % | 2586.5 | 122.15 | 315939 | 1914.8 | 18% | 122.15 | 233893 | 670 |
| | | | | | | | | | 671.70 | 18.65 % | 121.15 | 81376 | |
| | | | | | | | | | ആകെ | | | 315269 | |
| 2 | Inter lock ing | 232.94 m3 | 991.53 | 900.09 | 9.2 % | 257.07 | 900.09 | 231386 | 232.94 | 9.28 % | 900.09 | 209667 | 2256 |
| | | | | | | | | | 24.13 | 18.65 % | 806.60 | 19463 | |
| | | | | | | | | | ആകെ | | 229130 | | |
| ആകെ | | | | | | | | | | | | | 2926 |

(2) <u>മുടിക്കൽ ഗവ.ഹയർ സെക്കന്ററി സ്കൂൾ നിർമ്മാണം-വാഴക്കുളം</u>

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | എസ്. 945/18 |
| നിർവ്വഹണം | എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി. |
| അടങ്കൽ | രൂ. 50,00,000 |
| കരാറുകാരൻ | മെസ്സേഴ്സ് വെള്ളയിൽ കൺസ്ട്രക്ഷൻസ് |
| അളവുപുസ്തകം | 915/15-16 |
| ചെലവ് | രൂ. 3442976 (ചെക്ക് നം.502382 തീയതി 21.5.18) |

| ഇനം നം. | ഇനം | എസ്റ്റിമേറ്റ് പ്രകാരം ($m^3$) | | ക്വോട്ട് ചെയ്തത് 24.25% കുറവ് | | ചെയ്ത അളവ് | അനുവദിച്ചത് | | അനുവദിക്കാവുന്നത് | | | അധികം |
|---|---|---|---|---|---|---|---|---|---|---|---|---|
| | | അളവ് | നിരക്ക് | നിരക്ക് | കുറവ് | | നിരക്ക് | തുക | അളവ് | നിരക്ക് | തുക | |
| 6 | Solid Block (50.6.15) | 66.940 | 5888.79 | 5850 | 0.65% | 79.59 | 5850 | 465602 | 66.94 | 5850 | 391599 | 17584 |
| | | | | | | | | | 12.65 | 4460 | 56419 | |
| | | | | | | | | | ആകെ | | 448018 | |
| ആകെ | | | | | | | | | | | | 17584 |

(3) <u>മൈലാട്ടം പാറ ഇൻഡോർ സ്റ്റേഡിയം-തിരുമാറാടി</u>

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | എസ്. 0735/18 |
| അടങ്കൽ | രൂ. 20,00,000 |
| നിർവ്വഹണം | എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| കരാറുകാരൻ | ശ്രീ. എ.കെ.വാസുദേവൻ |
| എസ്റ്റിമേറ്റ് പി.എ.സി. | രൂ. 18,86,053 |
| ടെണ്ടർ | 14-02-2017 |

| | |
|---|---|
| തീയതി | |
| എസ്റ്റിമേറ്റ് നിരക്ക് | 10.72 % കുറവ് |
| കരാർ തുക | രൂ. 16,83,842 |
| അളവുപുസ്തകം | 530/15-16 |
| കരാർ | നം.236/EE/: LSGD/16-17 തീയതി 06-03-17 |
| ചെലവ് | ട്രഷറി ബിൽ നം. 102/17-18 തീയതി 08-01-2018 രൂ. 1300000 |

| ക്രമ നം. | ഇനം | എസ്റ്റിമേറ്റ് പ്രകാരം | | ക്വോട്ട് ചെയ്തത് (-10.72%) | | ചെയ്ത അളവ് | അനുവദിച്ചത് | | അനുവദിക്കാവുന്നത് | | | അധികം |
|---|---|---|---|---|---|---|---|---|---|---|---|---|
| | | അളവ് m3 | നിരക്ക് m3 | നിരക്ക് | കുറവ് | | നിരക്ക് | തുക | അളവ് | നിരക്ക് | തുക | |
| 1 | RCC 1:2:4 | 9.7 m3 | 8288.81 m3 | 8000 | 3.4% | 16.76 m3 | 8000 | 134096 | 9.70 | 8000 | 77600 | 4252 |
| | | | | | | | | | 7.06 | 7400 | 52244 | |
| | | | | | | | | | ആകെ | | 129844 | |
| 2 | Aluminium Sheet | 358.91 m2 | 742/m2 | 740 | 0.26% | 735.15 m2 | 742 | 544011 | 358.91 | 740 | 265593 | 29348 |
| | | | | | | | | | 376.24 | 662 | 249070 | |
| | | | | | | | | | ആകെ | | 514663 | |
| ആകെ | | | | | | | | | | | | 33600 |

(4) <u>പോഞ്ഞാശ്ശേരി മുള്ളംകുന്ന് റോഡ്-വാഴക്കുളം</u>

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്. 1036/18 |
| അടങ്കൽ | രൂ. 6,00,000 |
| നിർവ്വഹണം | എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി. |
| കരാറുകാരൻ | ശ്രീ. എ.എസ്.ഷാജഹാൻ |
| എസ്റ്റിമേറ്റ് പി.എ.സി. | രൂ. 5,97,961 |
| ടെണ്ടർ തീയതി | 14-02-2017 |
| എസ്റ്റിമേറ്റ് നിരക്ക് | 9.45 % കുറവ് |
| കരാർ തുക | രൂ. 541442 |
| അളവുപുസ്തകം | 734/15-16 |
| കരാർ | നം.270/EE/:LSGD/16-17 തീയതി 20-03-2017 |
| ചെലവ് | ട്രഷറി ബിൽ നം. 108/17-18 തീയതി 21-03-18 രൂ. 3,89,145 |

| ക്രമ നം. | ഇനം | എസ്റ്റിമേറ്റ് പ്രകാരം | ക്വോട്ട് ചെയ്തത് (9.45% കുറവ്) | ചെയ്ത അളവ് | അനുവദിച്ചത് | അനുവദിക്കാവുന്നത് | അധികം |
|---|---|---|---|---|---|---|---|

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | അളവ് m3 | നിരക്ക് | നിരക്ക് | കുറവ് | | നിരക്ക് | തുക | അളവ് | നിരക്ക് | തുക | |
| 1 | CC 1:2: 4 | 4.557 m3 | 7942.38 m3 | 7913 | 0.36 % | 10.966 m3 | 7913 | 86773 | 4.557 | 7913 | 36060 | 4619 |
| | | | | | | | | | 6.409 | 7192 | 46094 | |
| | | | | | | | | | ആകെ | | 82154 | |
| 2 | CC 1:4: 8 | 4.557 m3 | 6348.82 | 6226 | 1.93 % | 21.932 m2 | 6226 | 136549 | 4.557 | 6226 | 28372 | 8305 |
| | | | | | | | | | 17.375 | 5748 | 99872 | |
| | | | | | | | | | ആകെ | | 128244 | |
| ആകെ | | | | | | | | | | | | 12924 |

(5) <u>മെതിപ്പാറ ടാങ്ക് കോട്ടപ്പുറം -മാമലശ്ശേരി റോഡ് പുനരുദ്ധാരണം</u>

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്. 1257/18 |
| നിർവ്വഹണം | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| അടങ്കൽ | രൂ. 23,00,000 |
| കരാറുകാരൻ | ശ്രീ. ബേസിൽ കെ.ഡേവിഡ് |
| എസ്റ്റിമേറ്റ് പി.എ.സി. | രൂ. 22,98,139 |
| ടെണ്ടർ തീയതി | 14-02-2017 |
| എസ്റ്റിമേറ്റ് നിരക്ക് | 8.58 % കുറവ് |
| കരാർ തുക | രൂ. 21,01,032 |
| അളവുപുസ്തകം | 611/15-16 |
| കരാർ | നം.351/AEE/:LSGD/17-18 തീയതി 29-11-17 |
| ചെലവ് | ട്രഷറി ബിൽ നം.239/17-18 തീയതി 27-03-18 രൂ. 2099215 |

| ക്രമ നം | ഇനം | എസ്റ്റിമേറ്റ് പ്രകാരം | | ക്വോട്ട് ചെയ്തത് - 8.58% | | ക്വോട്ട് ചെയ്ത നിരക്കിൽ തുക നൽകിയത് | | അനുവദിക്കാവുന്നത് | | | അധികം |
|---|---|---|---|---|---|---|---|---|---|---|---|
| | | അളവ് m2 | നിരക്ക് /m2 | നിരക്ക് | കുറവ് % | ചെയ്ത അളവ് | തുക | അളവ് | നിരക്ക് | തുക | |
| 1 | Modified penetratiion Macadam | 329.45 | 263.76 | 253.00 | 4.07 | 399.45 | 101195 | 329.45 | 253 | 83351 | 846 |
| | | | | | | | | 70.53 | 241 | 16998 | |
| | | | | | | | | ആകെ | | 100349 | |
| 2 | 20 mm pre-mix | 2880. | 143.22 | 139.50 | 2.60 | 3360 | 468720 | 2880 | 139.50 | 401760 | 4128 |
| | | | | | | | | 480 | 130.90 | 62832 | |
| | | | | | | | | ആകെ | | 464592 | |
| 3 | Seal Coat | 2880 | 65.02 | 62.36 | 4.09 | 3360 | 209530 | 2880 | 62.36 | 179597 | 1402 |
| | | | | | | | | 480 | 59.44 | 28531 | |
| | | | | | | | | ആകെ | | 208128 | |

| | |
|---|---|
| ആകെ | 6376 |

മേൽപ്പറഞ്ഞ പ്രകാരം വിവിധ പ്രവൃത്തികളിലായി കരാറുകാർക്ക് അധികം നൽകിയ 73410 രൂപ തിരികെ ഈടാക്കേണ്ടതാണ്.

# 3-35 ആധുനിക ശ്മശാനം-കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് - അപാകതകൾ

| | |
|---|---|
| പ്രൊജക്റ്റ് നം., പേര് | 762 /18, ആധുനിക ശ്മശാനം- കടുങ്ങല്ലൂർ ഗ്രാമ പഞ്ചായത്ത് |
| നിർവ്വഹണ ഉദ്യോഗസ്ഥർ | എക്സി. എഞ്ചിനീയർ |
| ബിൽ നം . | 64/2017-18 / 26.03.2018 Rs. 3135103/- |

എക്സി. എഞ്ചിനീയർ നടപ്പാക്കിയ ഈ പദ്ധതി പ്രകാരം കടുങ്ങല്ലൂർ ഗ്രാമ പഞ്ചായത്തിൽ ആധുനിക ഗ്യാസ് ക്രിമറ്റോറിയം സ്ഥാപിക്കുവാനാണ് ഉദ്ദേശിച്ചിരിക്കുന്നത് . ഗ്രാമ പഞ്ചായത്ത് വിഹിതം 1000000 രൂപ, ജില്ലാ പഞ്ചായത്ത് വിഹിതം 11245000 രൂപ ഉൾപ്പടെ ആകെ 12245000 രൂപ യാണ് പദ്ധതിയുടെ അടങ്കൽ. 2016 -17 വർഷത്തെ സ്പിൽ ഓവർ പദ്ധതിയായിട്ടാണ് ( 1013 / 17 ) ഈ വർഷം പദ്ധതി നടപ്പാക്കുന്നത്. പദ്ധതി സംബന്ധിച്ച് ശുചിത്വ മിഷന്റെ അംഗീകാരമുള്ള പ്ലാൻ അടിസ്ഥാനമാക്കുന്നതിനു പകരം KITCO - യുടെ ടിപ്പിക്കൽ പ്ലാൻ ആണ് എസ്റ്റിമേറ്റിന് അടിസ്ഥാനമാക്കിയത്. പദ്ധതിയുടെ എസ്റ്റിമേറ്റിൽ സിവിൽ / ഇലക്ട്രിക്കൽ പ്രവൃത്തികൾ മാത്രമാണ് ഈ വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പദ്ധതിയുടെ സിവിൽ വർക്കുകൾ ടെണ്ടർ വിളിച്ചതിൽ (pac 3648217 /-) 3135102.594 രൂപ ക്വോട്ട് ചെയ്ത കെ ബി അഷറഫ് എന്ന കോൺട്രാക്ടർക്ക് 30 .03 .17 ൽ സെലക്ഷൻ നോട്ടീസ് നൽകുകയും , 31/03/2017 -ൽ കരാർ വെയ്ക്കുകയും സൈറ്റ് കൈമാറുകയും ചെയ്തു. കരാർ പ്രകാരം ആറുമാസത്തിനകം പണി പൂർത്തീകരിക്കേണ്ടതായിരുന്നു. മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും 10.02.2017 -ൽ കൺസെന്റ് ലഭിച്ചിരുന്നു.(pcb /esc /സി-319 / 17 / 10022017 ). എന്നാൽ പദ്ധതിക്ക് ജില്ലാ കളക്ടറുടെ അനുമതി ആവശ്യമാണെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് നാളിതുവരെ ലഭ്യമായിട്ടില്ല. തുടർന്ന് പ്രവൃത്തി ആരംഭിച്ചു കഴിഞ്ഞപ്പോൾ പദ്ധതിയുടെ പ്ലാൻ KPBR അനുസൃതമല്ലായെന്നു കാണുകയും ആയതിനാൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് 14.08.2017 ലെ ജില്ലാപഞ്ചായത്ത് കമ്മറ്റിയുടെ 3 (6 )-ാം നമ്പർ തീരുമാനപ്രകാരം അനുമതി നൽകി. എന്നാൽ റിവൈസ്ഡ് എസ്റ്റിമേറ്റ് റിപ്പോർട്ടിലെ ശ്മശാനത്തിന്റെ ഭൂമിയിൽ വെള്ളം കയറുവാൻ സാധ്യതയുണ്ടെന്നും ആയതിനാൽ പദ്ധതി പ്രദേശം മണ്ണിട്ടുയർത്തി കെട്ടിടത്തിന്റെ തറ ഉയർത്തി പണിയുന്നതിനാണ് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പദ്ധതി തയ്യാറാക്കിയപ്പോൾ ടി വസ്തുത പരിഗണിക്കാത്തതിന്റെ കാരണം വ്യക്തമല്ല. കരാർ പ്രകാരം 30.09.2017 -ൽ പണി പൂർത്തിയാക്കേണ്ടിയിരുന്നു. എന്നാൽ കരാറുകാരൻ സമർപ്പിച്ച അപേക്ഷ പ്രകാരം ഫൈൻ ഈടാക്കാതെ തന്നെ കരാർ കാലാവധി 10.03.2018 വരെ നീട്ടി നൽകി. കരാറുകാരന്റെ അപേക്ഷയിൽ 70 % പണി പൂർത്തിയാക്കിയെന്നും ശ്മശാനത്തിന് സാങ്കേതികാനുമതി ലഭിക്കാത്തതിനാൽ പണിനിർത്തിവെയ്ക്കുവാൻ ആവശ്യപ്പെട്ടതിനാലും സാധന സാമഗ്രികളുടെ ലഭ്യതക്കുറവ് മൂലവും കാലാവധി നീട്ടണമെന്നായിരുന്നു ആവശ്യപ്പെട്ടിരുന്നത്. പദ്ധതിയുടെ ഫൈനൽ ബിൽ 26.03.2018 -ൽ നൽകിയിട്ടുണ്ട്.

പദ്ധതിനിർവ്വഹണം സംബന്ധിച്ച് താഴെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1.നിലവിലെ പ്രവൃത്തി മുഖേന പദ്ധതിയുടെ സിവിൽ വർക്കുകൾ മാത്രമാണ് പൂർത്തിയാക്കിയിട്ടുള്ളത്. ഏക വർഷ പ്രോജക്റ്റായി അംഗീകാരം ലഭിച്ച ഈ പദ്ധതിയിൽ പ്രധാന ഇനമായ എൽ.പി.ജി. ഫർണസ് , ചിമ്മിനി , അനുബന്ധ സംവിധാനങ്ങൾ എന്നിവ കൂടി സ്ഥാപിച്ച് ശ്മശാനം പ്രവർത്തനക്ഷമമാക്കേണ്ടിയിരുന്നു. എന്നാൽ പദ്ധതി പൂർത്തിയാക്കി ശ്മശാനം പ്രവർത്തനക്ഷമമാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

2.ശുചിത്വ മിഷന്റെ മാർഗ്ഗരേഖ പ്രകാരം ശ്മശാനങ്ങൾക്ക് ശുചിത്വ മിഷന്റെ അംഗീകാരം ആവശ്യമാണ് . എൽ പി ജി ക്രിമറ്റോറിയം സ്ഥാപിക്കുന്നത് ശുചിത്വ മിഷന്റെ അംഗീകാരമുള്ള സ്ഥാപനങ്ങൾ ആയിരിക്കണമെന്നും മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട് എന്നാൽ പദ്ധതിയുടെ പ്ലാനിന് ശുചിത്വ മിഷന്റെ അംഗീകാരം വാങ്ങിയിട്ടില്ലായെന്ന് കാണുന്നു. എൽ പി ജി ക്രിമറ്റോറിയം സ്ഥാപിക്കുമ്പോൾ ഇപ്പോൾ പണിത കെട്ടിടം ഈ സ്പെസിഫിക്കേഷന് അനുയോജ്യമാണോ എന്നും വ്യക്തമല്ല.

3.പദ്ധതി പ്രദേശം വെള്ളക്കെട്ടുള്ള സ്ഥലമാണെന്നിരിക്കെ എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ ടി വസ്തുത പരിഗണിക്കാതെ തയ്യാറാക്കിയതിനാൽ പിന്നീട് എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടിവന്നു. എന്നാൽ പ്ലാൻ KPBR -ന് അനുസൃതമാക്കുന്നതിനാണ് എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതെന്നാണ് ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളത്. പ്രാഥമികമായ പഠനം / അന്വേഷണം എന്നിവ നടത്താതെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയതെന്ന് ഇതിൽ നിന്നും വ്യക്തമാണ്

4.കരാർ പ്രകാരം 30.09.2017 -ൽ പണി പൂർത്തിയാക്കേണ്ടിയിരുന്നു. എന്നാൽ കരാറുകാരൻ സമർപ്പിച്ച അപേക്ഷ പ്രകാരം ഫൈൻ ഈടാക്കാതെ തന്നെ കരാർ കാലാവധി 10.03.2018 വരെ നീട്ടി നൽകി.സാങ്കേതികാനുമതി വൈകുന്നതിനാലാണ് കരാർ കാലാവധി നീട്ടുന്നതെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കരാറുകാരൻ തന്നെ അപേക്ഷയിൽ പണി 70 % പൂർത്തിയാക്കി എന്ന് വ്യക്തമാക്കിയിട്ടുണ്ട്. സാങ്കേതികാനുമതി നൽകാതെ 70 % പണി എപ്രകാരം പൂർത്തീകരിച്ചു എന്ന് വ്യക്തമല്ല. കൂടാതെ റിവൈസ്ഡ് എസ്റ്റിമേറ്റിൽ ബേസ്മെന്റ് / ഫൗണ്ടേഷൻ എന്നിവയിലെ മാറ്റങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. 70 % പണി പൂർത്തീകരിച്ചതിനു ശേഷം ബേസ്മെന്റ് /ഫൗണ്ടേഷൻ എന്നിവയിലെ മാറ്റങ്ങൾ വരുത്തുവാനും സാധ്യമല്ല. ആയതിനാൽ കരാറുകാരന്റെ ഭാഗത്തെ കാലതാമസത്തിനു പിഴ ഈടാക്കേണ്ടതായിരുന്നു.

5.പ്രവൃത്തിയുടെ ഡിഫെക്ട് ലയബിലിറ്റി പീരീഡ് കഴിയുന്നതിന് മുൻപ് തന്നെ പെർഫോമൻസ് ഗ്യാരണ്ടീ തിരികെ നൽകിയതിന്റെ (23.03.2018 -ൽ )കാരണം വ്യക്തമല്ല.

6.മോണിട്ടറിംഗ് സമിതി റിപ്പോർട്ടിൽ സമിതിയിലെ എല്ലാ അംഗങ്ങളും ഒപ്പിട്ടിട്ടില്ല. ഈ വിഷയം സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.54/07.03.2019)നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.
ആയതിനാൽ പദ്ധതിക്കായി ചെലവഴിച്ച 3135103/- രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു

# 3-36 ജി.എച്ച്.എസ്.എസ്. പഴന്തോട്ടം - സെറാമിക് ടൈൽ പാകിയതിന് അധിക നിരക്ക് നൽകി

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ് 1069/18 |
| അടങ്കൽ | 1,49,093/-<br>(വികസന ഫണ്ട് പൊതുവിഭാഗം) |
| നിർവഹണ ഉദ്യോഗസ്ഥൻ | എക്സിക്യൂട്ടീവ് എഞ്ചിനീയർ<br>(എൽ എസ് ജി ഡി) |
| അളവ് പുസ്തകം | 882/15 |
| കൺവീനർ | എച്ച്. എം., പഴന്തോട്ടം<br>(എസ്റ്റിമേറ്റ് റേറ്റ്) |

ഐക്കരനാട് ഗ്രാമപഞ്ചായത്തിലെ ജി.എച്ച്.എസ്.എസ്. പഴന്തോട്ടം എന്ന സ്കൂളിൽ ക്ലാസ് മുറിയിൽ ടൈൽ പാകുന്നതിനാണ് മേൽ പ്രോജക്ടിൽ ലക്ഷ്യമിട്ടിരുന്നത്. ഈ പ്രോജക്ടിൽ ഒന്നാം ഇനം ആയി ചെയ്തിട്ടുള്ള ടൈൽ പാകൽ എന്ന പ്രവൃത്തിയ്ക്ക് അധിക നിരക്കാണ് നൽകിയിട്ടുള്ളത്. DSR 2016 (Code:11.37) Providing and laying ceramic glazed floor tiles of size 300x300 mm of 1$^{st}$

quality confirming to IS:15622 of approved make, in colors such as white, ivory, Grey, Fume Red, Brown laid on 20mm thick cement mortar 1:4 (1 Cement:4 Course Sand) എന്നതിന് നൽകാവുന്ന നിരക്ക് 643.46/$m^2$(കരാറുകാരൻ) & 598.58/$m^2$ (കൺവീനർ) ആണ്. ഈ നിരക്കാണ് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ അംഗീകരിച്ച് നൽകിയിട്ടുള്ളത്. അതിനു പകരം ഒരു എം.2 ന് 1025.78/$m^2$ നിരക്കിലാണ് സെറാമിക് ടൈൽ പാകൽ എന്ന പ്രവൃത്തിയ്ക്ക് അനുവദിച്ച് നൽകിയിട്ടുള്ളത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| നൽകിയ നിരക്ക് | നൽകിയ നിരക്കും തുകയും | നൽകാവുന്ന നിരക്ക് തുകയും | അധികം നൽകിയ തുക |
|---|---|---|---|
| 1025.78/ $m^2$ | 1025.78x134.7/ $m^2$= 138173/- | 598.58 x 134.7/ $m^2$= 80629/- | 57544/- രൂപ |

അധികമായി നൽകിയ 57,544/- രൂപ ഉത്തരവാദിയായ കൺവീനറിൽ നിന്നോ എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

# 3-37 കരാർ പ്രകാരം അംഗീകരിച്ചതിലും അധികം അളവ് പ്രവൃത്തിക്ക് തുക നല്കി- 6898/- രൂപ തിരികെ ഈടാക്കണം

| | |
|---|---|
| പ്രൊജക്ടിന്റെ പേര്, നമ്പർ | കരിപ്പാട്ടിപ്പടി- ആറ്റുപടി റോഡ് മെയിന്റനൻസ് , രായമംഗലം ഗ്രാമപഞ്ചായത്ത് - എസ് 1168/18 |
| എഗ്രിമെന്റ് നം/ തീയതി | 518/AEE/LSGD/EKM/17-18 30/01/2018 |
| അളവ് പുസ്തക നമ്പർ | 318/16-17 |
| കരാറുകാരന്റെ പേര് | ഏ.കെ ബേബി |
| ഫൈനൽ ബിൽ തുക | 4,93,124 (ട്രഷറി ബിൽ നം.113/17-18 dtd. 23.3.18) |

മേൽപ്പറഞ്ഞ പ്രവൃത്തിയുടെ ഫൈനൽ ബിൽ നല്കിയതിന്റെ വിശദാംശങ്ങൾ:

| | |
|---|---|
| ആകെ പ്രവൃത്തിമൂല്യം | 4,93,124 |
| കുറയ്ക്കുക: ആദായനികുതി-1% | 4,932 |
| നിർമ്മാണത്തൊഴിലാളിക്ഷേമനിധി വിഹിതം-1% | 4,932 |
| കരാറുകാരന് നല്കിയ തുക | 4,83,261 |

ഈ പ്രവൃത്തിയിൽ ഇനം നം. 1, - “Modified Penetration Meccadam 75mm thick using Bitumen S-65.......” എന്ന ഇനം 261.60 m2 @ 355.90/m2 എന്ന അളവിലും നിരക്കിലും ചെയ്യാമെന്നാണ് കരാറുകാരൻ എഗ്രിമെന്റ് ഷെഡ്യൂൾ പ്രകാരം കാണിച്ചിരിക്കുന്നത്. 4,93,124/- രൂപ ഐറ്റം നിരക്കിൽ കരാറെടുത്ത കരാറുകാരന് ഫൈനൽ ബിൽ നല്കിയപ്പോൾ ഈ ഇനത്തിൽ 280.98 m2 ന് 355.90/m2 രൂപ നിരക്കിൽ 1,00,001/- രൂപ നല്കിയിട്ടുണ്ട്. (പേജ് നം. 34 of MB) .

| ഇനം | നല്കാവുന്ന അളവ്/ തുക | നല്കിയ അളവ് / തുക | വ്യത്യാസം |
|---|---|---|---|

| | | | |
|---|---|---|---|
| Modified Penetration Meccadam 75mm thick using Bitumen S-65....... | 261.60 m2<br>x 355.90/m2 =<br>93,103/- | 280.98 m2<br>x 355.90/m2 =<br>100001/- | 100001-93103=<br>6898/- |

എഗ്രിമെന്റ് പ്രകാരം 261.60 m2 -അളവിന് മാത്രമേ ഈ നിരക്ക് അനുവദിക്കാവൂ എന്നിരിക്കെ 19.38 m2 ന് അധികമായി തുക നല്കിയതിന് വിശദീകരണം നല്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക് മറുപടി ലഭിച്ചില്ല. സാങ്കേതിക അനുമതി ലഭിച്ച എസ്റ്റിമേറ്റിലെ ഇനങ്ങളിൽ ആവശ്യമുള്ള പക്ഷം പി.എ.സി.യിൽ അധികമാകാതെ 25% വരെ കൂടുതൽ ചെയ്യാനുള്ള വ്യവസ്ഥയുണ്ട്. എന്നാൽ ആവശ്യകത സംബന്ധിച്ച് ബന്ധപ്പെട്ട എഞ്ചിനീയർമാരുടെ സാക്ഷ്യപത്രമോ അധിക പ്രവൃത്തിക്ക് സപ്ലിമെന്ററി എഗ്രിമെന്റോ തയ്യാറാക്കിയതായി കാണുന്നില്ല. ഈ സാഹചര്യത്തിൽ അധികമായി നല്കിയ 6898/- രൂപ കരാറുകാരനിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

# 3-38 എസ്റ്റിമേറ്റ് റിപ്പോർട്ടിൽ നിന്നും വ്യതിചലിച്ച് എസ്റ്റിമേറ്റിൽ മറ്റൊരു ഇനം ഉൾപ്പെടുത്തിയത് അധികച്ചെലവിനിടയാക്കി .

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പള്ളിയങ്ങാടി അരീക്കൽറോഡ്-കറുകുറ്റി ഗ്രാമപഞ്ചായത്ത് |
| പ്രോജക്ട് നമ്പർ | S0007/18 |
| നിർവ്വഹണം | അസിസ്റ്റന്റ് എക്സികൃൂട്ടീവ് എഞ്ചിനിയർ,LSGD |
| കരാറുകാരൻ | പി.വി.ബേബിച്ചൻ , 8.59% കുറവ് |
| അളവു പുസ്തകം | 381/16-17ബിൽ നമ്പർ 60/13-03-18 രൂപ 455324/- |
| ചെലവു വിവരം | ബിൽ നമ്പർ 60/13-03-18 രൂപ 455324/- |

കറുകുറ്റി ഗ്രാമപഞ്ചായത്തിലെ പള്ളിയങ്ങാടി അരീക്കൽറോഡ് മെയിന്റനൻസിന് 313m2 വിസ്തീർണത്തിൽ 50mmകനത്തിൽ modified penetration maccadam ചെയ്യുന്നതിനാണ് എസ്റ്റിമേറ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ എസ്റ്റിമേറ്റിൽ 75mmകനത്തിൽ modified penetration maccadam ചെയ്യുന്നതിനുള്ള ഇനമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതനുസരിച്ച് ടെണ്ടർ ചെയ്താണ് പ്രവൃത്തി നടപ്പിലാക്കിയിട്ടുള്ളത്.എസ്റ്റിമേറ്റ് റിപ്പോർട്ടിൽ നിന്നും വ്യതിചലിച്ച് Modified penetration maccadam 75mm thick using Bitumen S-65 എന്ന ഇനം ചെയ്തത് അധികച്ചെലവിനിടയാക്കി. വിശദാംശം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| Modified penetration maccadam 75mm thick using Bitumen S-65 അനുവദിച്ച അളവും തുകയും | 313.0840 m2 @325.3749/m2 (ക്വോട്ട് ചെയ്ത നിരക്ക്) =101870/- |
| യഥാർത്ഥത്തിൽ ചെയ്യേണ്ട ഇനവും ഡേറ്റ പ്രകാരം അനുവദിക്കേണ്ട നിരക്കും (കോസ്റ്റ് ഇൻഡക്സ് 49.02) | Modified penetration maccadam 50mm thick using Bitumen S-65<br>[illegible] |

| | |
|---|---|
| | 271.29/m2 |
| കരാറുകാരൻ ക്വോട്ട് ചെയ്തത പ്രകാരം അനുവദിക്കാവുന്ന നിരക്ക് (8.59% കുറവ്) | 248/m2 |
| അനുവദിക്കാവുന്ന തുക | 313.0840 m2 @ 248 = 77645 |
| അധികം ചെലവഴിക്കാനിടയായത് | 24225/- |

ഈ വിധം അധികം ചെലവഴിക്കാനിടയായത് എസ്റ്റിമേറ്റ് തയ്യാറാക്കുകയും അംഗീകാരം നൽകുകയും ചെയ്ത അസിസ്റ്റന്റ് എഞ്ചിനീയർ,അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരുടെ ഭാഗത്തുള്ള വീഴ്ചയാണ്. ഇത്തരത്തിൽ അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. അധികം ചെലവഴിക്കാനിടയായ തുക എസ്റ്റിമേറ്റിന് അംഗീകാരം നൽകിയ എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

# 3-39 അങ്കണവാടി ശീതീകരണം -പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പ്രൊജക്റ്റ് നം.,പേര് | SO 1130/2018, അങ്കണവാടി ശീതീകരണം |
| നിർവ്വഹണ ഉദ്യോഗസ്ഥ | പ്രോഗ്രാം ഓഫീസർ ,ICDS സെൽ , എറണാകുളം |
| ബിൽ നം | 02/17-18/23.03.2018 Rs. 598500/- |

പദ്ധതി പ്രകാരം മലയാറ്റൂർ ഡിവിഷനിലെ തിരഞ്ഞെടുത്ത പതിനഞ്ച് അങ്കണവാടികളിൽ എ. സി സ്ഥാപിക്കുന്നതിന് ലക്ഷ്യമിട്ടിരുന്നു. ഇതിലേയ്ക്കായി 1.5 TONNE 5 STAR SPLIT AC WITH 4kVA VGUARD STABILISER (+ ഇൻസ്റ്റലെഷൻ) വാങ്ങുന്നതിന് ഇ- ടെണ്ടർ വിളിച്ചിരുന്നു. കുറഞ്ഞ തുക (598500/- രൂപ) ക്വോട്ട് ചെയ്ത ശ്രീ ജിബിൻ റോയ് -ക്ക് കരാർ നൽകുകയും ചെയ്തു. സമർപ്പിച്ച ടെണ്ടർ, കരാർ എന്നിവ പ്രകാരം ELECTROLUX ES18M5C- ALTW MODEL AC (I.5 TON , 5 STAR ) + VGUARD 4KVA STABILISER എന്നിവ പതിനഞ്ച് എണ്ണം സ്ഥാപിച്ചുനൽകുന്നതിനാണ് ( SUPPLY & I NSTALLATION) ടി തുക ക്വോട്ട് ചെയ്തിരുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ പതിനഞ്ച് അങ്കണവാടികളിലും ഇവ സ്ഥാപിച്ചതിന്റെയും, വെന്റിലേഷൻ അടയ്ക്കൽ , വയറിംഗ് , എം സി ബി , ഐസോലേറ്റർ, പവർ പ്ലഗ് തുടങ്ങിയവ സ്ഥാപിക്കൽ, മറ്റ് ചെലവുകൾ എന്നിവയുടെ ബില്ലുകൾ ഹാജരാക്കിയിട്ടുണ്ട്. 23.03.2018 ലെ BILL No. 02/18 പ്രകാരം 598500/- രൂപ കരാറുകാരന് നല്കുകയും ചെയ്തു.
പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ ചേർക്കുന്ന അപകതകൾ കാണപ്പെട്ടു .
1.തിരഞ്ഞെടുത്ത പതിനഞ്ച് അങ്കണവാടികളിൽ എഞ്ചിനീയറിംഗ് വിഭാഗം പരിശോധന നടത്തി എ സി സ്ഥാപിക്കുന്നതിന് അനുയോജ്യമാണോ എന്നത് സംബന്ധിച്ച പരിശോധനാ റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല .
2.കരാർ പ്രകാരം ELECTROLUX കമ്പനിയുടെ 5 സ്റ്റാർ എ സി 15 എണ്ണം സ്ഥാപിക്കേണ്ടിയിരുന്നു. എന്നാൽ ഹാജരാക്കിയ ബിൽ പ്രകാരം ഒരെണ്ണം VIDEOCON കമ്പനിയുടെ 3 സ്റ്റാർ എ സി യാണ് സ്ഥാപിച്ചത്.കരാർ ലംഘനം നടത്തിയിട്ടും കരാറുകാരന് ഈ വിഷയം പരിശോധിക്കാതെ മുഴുവൻ തുകയും നൽകി .
3.സ്റ്റോർ പർച്ചേസ് മാന്വൽ ഖ. 7-33-II-d പ്രകാരം ബ്രാൻഡ് നെയിം ഉപയോഗിക്കാൻ പാടില്ലാ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ടെണ്ടർ നോട്ടിഫിക്കെഷനിൽ VGUARD 4KVA STABILISER എന്ന് ഉൾപ്പെടുത്തിയിരിക്കുന്നു.
4. എ.സി. കൾ തൃപ്തികരമായി ഇൻസ്റ്റാൾ ചെയ്തത് സംബന്ധിച്ചും എ.സി.കൾ നിലവിൽ പ്രവർത്തിപ്പിക്കുന്നത് സംബന്ധിച്ചും എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പരിശോധനാ റിപ്പോർട്ട് ഇല്ലാതെ തന്നെ തുക നൽകിയതായി കാണുന്നു.
5. എ.സി. കൾ അങ്കണവാടികളുടെ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.
6. എ സി കളുടെ വാറന്റി സംബന്ധിച്ച സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കിയിട്ടില്ല.

ആയതിനാൽ പദ്ധതിക്കായി ചെലവഴിച്ച 598500/- രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു

# 3-40 ഒലിയൻകുന്നു -sc കോളനി റോഡ് മെയിന്റനൻസ് -അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം, പേര് | S0209 / 2018,<br>ഒലിയൻകുന്ന -SC കോളനി റോഡ് മെയിന്റനൻസ് -പാലക്കുഴ GP |
| നിർവ്വഹണ ഉദ്യോഗസ്ഥ | അസി.എക്സി. എഞ്ചിനീയർ |
| ബിൽ നം. | 244/17-18 /28.03.2018 Rs. 415532/- |

പദ്ധതി പ്രകാരം പാലക്കുഴ ഗ്രാമ പഞ്ചായത്തിലെ ഒലിയൻ കുന്ന -SC കോളനി റോഡിലെ പോട്ട് ഹോൾ ഫില്ലിംഗ്, റീ ടാറിംഗ്, ഐറിഷ് ഡ്രെയിൻ എന്നീ പ്രവൃത്തികൾ നിർവ്വഹിച്ചിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ നിർവ്വഹണത്തിൽ താഴെ ചേർക്കുന്ന അപാകതകൾ കാണുന്നു:-

1. പ്രൊജക്ട് പ്രൊഫോർമയിൽ ആസ്തിയുടെ യുണീക് നമ്പർ ഉൾപ്പെടുത്തിയിട്ടില്ല . ആസ്തിയുടെ നമ്പർ ചേർക്കുന്നതിന് പകരം 1 എന്ന് മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ടി റോഡ് ഗ്രാമ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിർ ഉൾപ്പെട്ടിരിക്കുന്നതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല
2. പദ്ധതി പൂർത്തീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ടി ആസ്തിയിൽ വന്ന മാറ്റങ്ങൾ ഗ്രാമ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല
3. 13-ാം പദ്ധതി മാർഗ്ഗരേഖ പ്രകാരം ഗ്രാമ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ചേർത്ത 6 മീറ്ററിൽ കുറയാത്ത വീതിയുള്ള റോഡുകൾ മെച്ചപ്പെടുത്തുന്ന പദ്ധതികൾ മാത്രമാണ് ജില്ലാ പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നത്. പദ്ധതിയുടെ എം ബുക്ക് (നം 602 / 15 - 16 ) പരിശോധിച്ചതിൽ ഐറിഷ് ഡ്രെയിൻ, ക്യാരിയേജ് വേ എന്നിവയുടെ ആകെ വീതി പല സ്ഥലത്തും പരമാവധി അഞ്ച് മീറ്ററിൽ താഴെ മാത്രമാണെന്ന് കാണുന്നു.

ഇത് സംബന്ധിച്ച് അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.40) നൽകിയിരുന്നു. ലഭ്യമാക്കിയ മറുപടിയിൽ റോഡിന് 6 മീറ്റർ വീതി ഉള്ളതാണെന്നും പദ്ധതി പൂർത്തിയാക്കിയതിന്റെ വിവരം ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പദ്ധതി പൂർത്തിയാക്കി ഒരു വർഷമായിട്ടും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്താത്തതിന്റെ കാരണം വ്യക്തമല്ല. തുടർനടപടികളുടെ വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

# 3-41 കാലിബാരലിന്റെ വില ബില്ലിൽ കുറച്ചിട്ടില്ല - 38,556/-രൂപ തിരികെ ഈടാക്കേണ്ടതാണ്.

എറണാകുളം ജില്ലാ പഞ്ചായത്തിന്റെ 2017-18 വർഷത്തെ താഴെപ്പറയുന്ന മരാമത്ത് പ്രവൃത്തികളിൽ ഉപയോഗിച്ചിരിക്കുന്ന ബിറ്റുമിന്റെ കാലി ബാരലിന്റെ വില കുറയ്ക്കാതെയാണ് ഫൈനൽ ബിൽ നല്കിയിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെച്ചേർക്കുന്നു:

1.

| | |
|---|---|
| പ്രൊജക്ടിന്റെ പേര്, നമ്പർ | ഏഞ്ചൽ വോയ്സ് -അനിപ്രത്താഴം റോഡ് മെയിന്റനൻസ്- എസ് 105/18 |
| എഗ്രിമെന്റ് നം/ തീയതി | 85/AEE/LSGD/EKM/17-18 25/09/2017 |
| അടങ്കൽ | 445224 |
| അളവ് പുസ്തക നമ്പർ | 90/16-17 |
| കരാറുകാരന്റെ പേര് | പ്രിൻസ് എം.പി. |

| | |
|---|---|
| ഉപയോഗിച്ച ബിറ്റുമിന്റെ അളവ് - VG-30 | 3240.94 kg (21 ബാരൽ) |
| RS-I | 287.04kg (2 ബാരൽ) |
| ഫൈനൽ ബിൽ തുക | 444709 (ട്രഷറി ബിൽ നം. 208/17-18 dtd. 26.03.2018) |

മേൽപ്പറഞ്ഞ പ്രവൃത്തിയുടെ ഫൈനൽ ബിൽ നല്കിയതിന്റെ വിശദാംശങ്ങൾ:

| | |
|---|---|
| ആകെ പ്രവൃത്തിമൂല്യം | 4,44,709 |
| കുറയ്ക്കുക: ആദായനികുതി-1% | 4,448 |
| നിർമ്മാണത്തൊഴിലാളിക്ഷേമനിധി വിഹിതം-1% | 4,447 |
| 25 % സെക്യൂരിറ്റി റിടെൻഷൻ | 1,11,177 |
| കരാറുകാരന് നല്കിയ തുക | 3,24,637 |

ഈ പ്രവൃത്തിയിൽ ആകെ ഉപയോഗിച്ച 21 ബാരൽ VG-30 ബിറ്റുമെന്റെ കാലിബാരലിന്റെ വിലയും, 2 ബാരൽ RS-I ബിറ്റുമെന്റെ കാലിബാരലിന്റെ വിലയും ബില്ലിൽ കുറച്ചിട്ടില്ല.

കാലിബാരലിന്റെ വിലയായി കുറവ് വരുത്തേണ്ടത് :

| | |
|---|---|
| VG-30 | 21 x 238=4998 |
| RS-I | 2 x 238=476 |
| ആകെ | 5,474/- |

II.

| | |
|---|---|
| പ്രൊജക്ടിന്റെ പേര്, നമ്പർ | നാലാം മൈൽ- കൊള്ളിക്കാട്ടുശ്ശേരി റോഡ് ടാറിംഗ് - എസ് 0 045/18 |
| എഗ്രിമെന്റ് നം/ തീയതി | 128/AEE/LSGD/EKM/17-18 04/12/2017 |
| അടങ്കൽ | 4,48,860/- |
| അളവ് പുസ്തക നമ്പർ | 152/16-17 |
| കരാറുകാരന്റെ പേര് | പ്രിൻസ് എം.പി |
| ഉപയോഗിച്ച ബിറ്റുമിന്റെ അളവ് -VG-30 | 4029.52 kg (26 ബാരൽ) |
| RS-I | 391.58 kg (2 ബാരൽ) |
| ഫൈനൽ ബിൽ തുക | 4,40,632 (ട്രഷറി ബിൽ നം.212/17-18 dtd. 26.03.2018) |

മേൽപ്പറഞ്ഞ പ്രവൃത്തിയുടെ ഫൈനൽ ബിൽ നല്കിയതിന്റെ വിശദാംശങ്ങൾ:

| | |
|---|---|
| ആകെ പ്രവൃത്തിമൂല്യം | 4,40,632 |
| കുറയ്ക്കുക: ആദായനികുതി-1% | 4,407 |
| നിർമ്മാണത്തൊഴിലാളിക്ഷേമനിധി വിഹിതം-1% | 4,406 |
| 25 % സെക്യൂരിറ്റി റിടെൻഷൻ | 1,10,158 |
| കരാറുകാരന് നല്കിയ തുക | 3,21,661 |

ഈ പ്രവൃത്തിയിൽ ആകെ ഉപയോഗിച്ച 26 ബാരൽ VG-30 ബിറ്റുമിന്റെ കാലിബാരലിന്റെ വിലയും, 2 ബാരൽ RS-I ബിറ്റുമിന്റെ കാലിബാരലിന്റെ വിലയും ബില്ലിൽ കുറച്ചിട്ടില്ല.
കാലിബാരലിന്റെ വിലയായി കുറവ് വരുത്തേണ്ടത് :

| | |
|---|---|
| VG-30 | 26 x 238=6188 |
| RS-I | 2 x 238=476 |
| ആകെ | 6,664/- |

III.

| | |
|---|---|
| പ്രൊജക്ടിന്റെ പേര്, നമ്പർ | ആറ്റുവൈപ്പ് - തെങ്ങേത്ത് കടവ്- റേഷൻകട റോഡ് - വയൽക്കര, കുന്നുകര ഗ്രാമപഞ്ചായത്ത് - എസ് 1022/18 EE |
| എഗ്രിമെന്റ് നം/ തീയതി | 346/AEE/LSGD/EKM/17-18 04/12/2017 |
| അടങ്കൽ | 23,00,000/- |
| അളവ് പുസ്തക നമ്പർ | 903/15-16 |
| കരാറുകാരന്റെ പേര് | വിൽസൺ തോമസ് |
| ഉപയോഗിച്ച ബിറ്റുമിന്റെ അളവ് -VG-30 | 5903.404 kg (38 ബാരൽ) |
| RS-I | 546.61 kg (3 ബാരൽ) |
| ഫൈനൽ ബിൽ തുക | 18,81,867 ( ട്രഷറി ബിൽ നം.235/17-18, 26.3.2018) |

മേൽപ്പറഞ്ഞ പ്രവൃത്തിയുടെ ഫൈനൽ ബിൽ നല്കിയതിന്റെ വിശദാംശങ്ങൾ:

| | |
|---|---|
| ആകെ പ്രവൃത്തിമൂല്യം | 18,81,867 |
| കുറയ്ക്കുക: ആദായനികുതി-1% | 18,491 |
| നിർമ്മാണത്തൊഴിലാളിക്ഷേമനിധി വിഹിതം-1% | 18,491 |
| 25 % സെക്യൂരിറ്റി റിടെൻഷൻ | 4,70,467 |
| കരാറുകാരന് നല്കിയ തുക | 13,74,418 |

ഈ പ്രവൃത്തിയിൽ ആകെ ഉപയോഗിച്ച 38 ബാരൽ VG-30 ബിറ്റുമിന്റെ കാലിബാരലിന്റെ വിലയും, 3 ബാരൽ RS-I ബിറ്റുമിന്റെ കാലിബാരലിന്റെ വിലയും ബില്ലിൽ കുറച്ചിട്ടില്ല.

<u>കാലിബാരലിന്റെ വിലയായി കുറവ് വരുത്തേണ്ടത് :</u>

| | |
|---|---|
| VG-30 | 38 x 238=9044 |
| RS-I | 3 x 238=714 |
| ആകെ | 9,758/- |

IV.

| | |
|---|---|
| പ്രൊജക്ടിന്റെ പേര്, നമ്പർ | കരിപ്പാട്ടിപ്പടി- ആറ്റുപടി റോഡ് മെയിന്റനൻസ് , രായമംഗലം ഗ്രാമപഞ്ചായത്ത് - എസ് 277/18 AEE |
| എഗ്രിമെന്റ് നം/ തീയതി | 518/AEE/LSGD/EKM/17-18 30/01/2018 |
| അടങ്കൽ | 5,00,000 |
| അളവ് പുസ്തക നമ്പർ | 318/16-17 |

| | |
|---|---|
| കരാറുകാരന്റെ പേര് | എ.കെ. ബേബി |
| ഉപയോഗിച്ച ബിറ്റുമിന്റെ അളവ് -VG-30 | 3345.09 kg (22 ബാരൽ) |
| RS-I | 296.78 kg (2 ബാരൽ) |
| ഫൈനൽ ബിൽ തുക | 4,93,124 (ട്രഷറി ബിൽ നം.113/17-18 dtd. 23.3.18) |

മേൽപ്പറഞ്ഞ പ്രവൃത്തിയുടെ ഫൈനൽ ബിൽ നല്കിയതിന്റെ വിശദാംശങ്ങൾ:

| | |
|---|---|
| ആകെ പ്രവൃത്തിമൂല്യം | 4,93,124 |
| കുറയ്ക്കുക: ആദായനികുതി-1% | 4,932 |
| നിർമ്മാണത്തൊഴിലാളിക്ഷേമനിധി വിഹിതം-1% | 4,932 |
| കരാറുകാരന് നല്കിയ തുക | 4,83,261 |

ഈ പ്രവൃത്തിയിൽ ആകെ ഉപയോഗിച്ച 22 ബാരൽ VG-30 ബിറ്റുമിൻ കാലിബാരലിന്റെ വിലയും, 2 ബാരൽ RS-I ബിറ്റുമിൻ കാലിബാരലിന്റെ വിലയും ബില്ലിൽ കുറച്ചിട്ടില്ല.

<u>കാലിബാരലിന്റെ വിലയായി കുറവ് വരുത്തേണ്ടത് :</u>

| | |
|---|---|
| VG-30 | 22 x 238=5236 |
| RS-I | 2 x 238=476 |
| ആകെ | 5,712/- |

V.

| | |
|---|---|
| പ്രൊജക്റ്റിന്റെ പേര്, നമ്പർ | കോട്ടപ്പുറം -ആറ്റുവേലി ടാങ്ക് റോഡ് രാമമംഗലം ഗ്രാമപഞ്ചായത്ത് - എസ് 082/18 (AEE) |
| എഗ്രിമെന്റ് നം/ തീയതി | 186/AEE/LSGD/EKM/17-18 19/10/2017 |
| അടങ്കൽ തുക | 34,34,972/- |
| അളവ് പുസ്തക നമ്പർ | 610/15-16 |
| കരാറുകാരന്റെ പേര് | എബി.കെ മാത്യു |
| ഉപയോഗിച്ച ബിറ്റുമിന്റെ അളവ് - VG-30 | 13569.25 kg (87 ബാരൽ) |
| RS-I | 1232.24kg ( 7 ബാരൽ) |
| ഫൈനൽ ബിൽ തുക | 1) 20,56,747 ( ട്രഷറി ബിൽ നം.158/17-18 dtd. 24.3.18)<br>2) 8,68,818 (ട്രഷറി ബിൽ നം.211/17-18/ 27.3.2018) |

മേൽപ്പറഞ്ഞ പ്രവൃത്തിയുടെ ഫൈനൽ ബിൽ നല്കിയതിന്റെ വിശദാംശങ്ങൾ:

| | |
|---|---|
| ആകെ പ്രവൃത്തിമൂല്യം (Ist & Partbill) | 20,56,747 |
| കുറയ്ക്കുക: ആദായനികുതി-1% | 20,567 |
| നിർമ്മാണത്തൊഴിലാളിക്ഷേമനിധി വിഹിതം-1% | 20,567 |
| കാലി ബാരലിന്റെ വില @ 238/ Barrel- 87 x 238 | 20,706 |
| 25% - പിടിച്ച് വെച്ച തുക | 5,14,187 |
| 2.5 % -റി ടെൻഷൻ | 51,419 |

| | |
|---|---|
| കരാറുകാരന് നല്കിയ തുക | 14,29,301 |

| | |
|---|---|
| ആകെ പ്രവൃത്തിമൂല്യം (IInd & Final tbill) | 29,25,565 |
| കുറയ്ക്കുക: ആദ്യ പാർട്ട് ബിൽ തുക | 20,56,747 |
| ആകെ | 8,68,818 |
| കുറയ്ക്കുക : ആദായനികുതി-1% | 8,688 |
| നിർമ്മാണത്തൊഴിലാളിക്ഷേമനിധി വിഹിതം-1% | 8,688 |
| | 8,51,442 |
| കരാറുകാരന് നല്കിയ ആകെ തുക (14,29,301 + 8,51,442) | 22,80,743 |

ഈ പ്രവൃത്തിയിൽ ആകെ ഉപയോഗിച്ച ബിറ്റുമിൻ കാലിബാരലിന്റെ വിലയായി പിടിച്ചിരിക്കുന്നത് VG-30 ബിറ്റുമിൻ കാലിബാരലിന്റെ വില മാത്രമാണ്.17 ബാരൽ RS-I ബിറ്റുമിൻ ഉപയോഗിച്ചതിന്റെ ബാരലുകളുടെ വില ബില്ലിൽ കുറച്ചിട്ടില്ല.

<u>കാലിബാരലിന്റെ വിലയായി കുറവ് വരുത്തേണ്ടത് :</u>

| | |
|---|---|
| VG-30 | Nil |
| RS-I | 17 x 238=4046 |
| ആകെ | 4,046/- |

VI.

| | |
|---|---|
| പ്രൊജക്ടിന്റെ പേര്, നമ്പർ | കിടങ്ങയം ഐ.റ്റി.സി തലക്കോട് റോഡ് മെയിന്റനൻസ് , ചോറ്റാനിക്കര ഗ്രാമപഞ്ചായത്ത് - എസ് 266/18 AEE |
| എഗ്രിമെന്റ് നം/ തീയതി | 319/AEE/LSGD/EKM/17-18 20/11/2017 |
| അടങ്കൽ | 10,00,000 |
| അളവ് പുസ്തക നമ്പർ | 318/16-17 |
| കരാറുകാരന്റെ പേര് | ജേക്കബ് എം.പി |
| ഉപയോഗിച്ച ബിറ്റുമിന്റെ അളവ് -VG-30 | 3846.59 kg (25 ബാരൽ) |
| SS-I | 272 Kg (2 ബാരൽ) |
| RS-I | 291.41 kg (2 ബാരൽ) |

മേൽപ്പറഞ്ഞ പ്രവൃത്തിയുടെ ഫൈനൽ ബിൽ നല്കിയതിന്റെ വിശദാംശങ്ങൾ:

| | |
|---|---|
| ആകെ പ്രവൃത്തിമൂല്യം | 9,14,605 |
| കുറയ്ക്കുക: ആദായനികുതി-1% | 9,147 |
| നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം -1% | 9,147 |
| 25 % പിടിച്ച് വെച്ച തുക | 2,28,651 |
| കരാറുകാരന് നല്കിയ തുക | 6,67,661 |

ഈ പ്രവൃത്തിയിൽ ആകെ ഉപയോഗിച്ച 22 ബാരൽ VG-30 ബിറ്റുമിൻ കാലിബാരലിന്റെ വിലയും, 2 ബാരൽ RS-I ബിറ്റുമിൻ കാലിബാരലിന്റെ വിലയും ബില്ലിൽ കുറച്ചിട്ടില്ല.

<u>കാലിബാരലിന്റെ വിലയായി കുറവ് വരുത്തേണ്ടത് :</u>

| | |
|---|---|
| VG-30 | 25 x 238=5950 |
| RS-I | 2 x 238=476 |
| SS-I | 2 x 238= 476 |
| | |

| | |
|---|---|
| ആകെ | 6,902/- |

മേൽപ്പറഞ്ഞ പ്രവൃത്തികളിൽ ഫൈനൽ ബിൽ തുക നല്കിയപ്പോൾ കാലിബാരലിന്റെ വില കുറയ്ക്കാതിരുന്നതിന് കാരണം വിശദീകരിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല. കാലിബാരലിന്റെ വിലയായി വിവിധ പ്രവൃത്തികളിൽ നിന്ന് 38,556/-രൂപ തിരികെ ഈടാക്കേണ്ടതാണ്.

# 3-42 എലുവിച്ചിറ കോളനി സൈഡ് ഭിത്തി സംരക്ഷണം-ആവോലി ഗ്രാമപഞ്ചായത്ത്- അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം. | 533/18 |
| എസ്റ്റിമേറ്റ് തുക | 10,00,000 PAC: 924024/- |
| കരാറുകാരൻ | ബെന്നി ഒ. എം. |
| ചെലവ് | 895712/-(ബിൽ നം.137/17-18 dt.24.3.18) |
| എം ബുക്ക് നം. | 386/16-17 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി.എക്സി.എഞ്ചിനീയർ |

മേൽപ്പറഞ്ഞ മരാമത്ത് പണി സംബന്ധിച്ച് താഴെകൊടുക്കുന്ന അപാകതകൾ കാണുന്നു.

1. ഐറ്റം നം.1 -Earthwork excavation പ്രകാരം കുഴിച്ചെടുത്ത 115.045m3 മണ്ണ് ഏത് വിധത്തിൽ വിനിയോഗിച്ചു എന്നത് വ്യക്തമല്ല. ടി മണ്ണ് ഉപയോഗിക്കാതെ Mbook page no.24 പ്രകാരം 62.50m3 മണ്ണ് ഫില്ലിങ്ങിന് സപ്ലൈ ചെയ്ത മണ്ണിന്റെ വിലയായി 23,937.50 രൂപ (എക്സ്ട്രാ ഐറ്റം)കരാറുകാരന് നൽകിയിട്ടുണ്ട്.

2. അത് പോലെതന്നെ ടി ഇനം പ്രകാരം കട്ട് ചെയ്തെടുത്ത dry rubble 34.60m3 (page no.1 of MB) ഏത് വിധത്തിൽ വിനിയോഗിച്ചു എന്നും Mbook ൽ രേഖപ്പെടുത്തിയിട്ടില്ല. Mbook page no.19 പ്രകാരം 9.404m3 departmental dry rubble workന് 18338 രൂപയും (ഐറ്റം 3) 30.039m3 dry rubble workന് 84,109/- രൂപയും (ഐറ്റം 2)കരാറുകാരന് നൽകിയിട്ടുണ്ട്.

3. അസിസ്റ്റന്റ് എഞ്ചിനിയറുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം ശ്രീമതി ചിന്നമ്മ, താനിക്കുന്നേൽ, ശ്രീ. കുഞ്ഞുമോൻ, പാറക്കൽ ഹൗസ് എന്നിവർക്ക് retaining wall, side wall എന്നിവ നിർമ്മിച്ചു നൽകിയിട്ടുണ്ട്.

മേൽപ്പറഞ്ഞ അപാകതകൾക്ക് മറുപടി നൽകണമെന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ലാത്തതിനാൽ കരാറുകാരന് നൽകിയ തുക 108046.50രൂപ (23937.50 + 84109) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-43 ഉടുമ്പൻ തണ്ട് കുടിവെള്ള പദ്ധതി പൂർത്തീകരണം - അപാകതകൾ

| | |
|---|---|
| പ്രവൃത്തി | ഉടുമ്പൻ തണ്ട് കുടിവെള്ള പദ്ധതി പൂർത്തീകരണം -കല്ലൂർക്കാട് ഗ്രാമപഞ്ചായത്ത് |
| പ്രൊജക്ട് | SO 905/18 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | എക്സിക്യൂട്ടീവ് എഞ്ചിനീയർ – എൽ.എസ്.ജി.ഡി. |
| കൺവീനർ | ശ്രീ. കെ . എം ജോർജ് കുട്ടി |

| | |
|---|---|
| എം ബുക്ക് | 645/15-16 |
| അടങ്കൽ | 27,12,000/- |
| ചെലവഴിച്ച തുക | 16,98,974/-bill no. 113/17-18 dtd 29-7-17 |

എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം നിലവിൽ കിണറും 20,000/- ലിറ്റർ കപ്പാസിറ്റിയുള്ള വാട്ടർ ടാങ്ക് ഉള്ളതുമായ കുടിവെള്ള പദ്ധതിക്കായി 4,400 metre (80 mm GI – 1100 mtr, 75 mm PVC- 900 mtr, 63 mm PVC- 1200 mtr, 25 mm – 1200 mtr) പൈപ്പ് ഇടുന്നതിനും മോട്ടോർ ഷെഡ് പണിയുന്നതിനും മോട്ടോർ പമ്പ് സെറ്റ് വാങ്ങുന്നതിനുമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്.

എം ബുക്ക് പ്രകാരം 3,959.30 metre (80 mm GI – 1172.5 mtr, 75 mm PVC- 815 mtr, 63 mm PVC- 800.70 mtr, 25 mm – 1171.10 mtr) പൈപ്പ് ഇടുകയും മോട്ടോർ ഷെഡ് പണിയുകയും ചെയ്തിട്ടുണ്ട്. മോട്ടോർ പമ്പ് സെറ്റ് വാങ്ങിയിട്ടില്ല.

നിലവിലുണ്ടായിരുന്ന കിണറും 20,000/- ലിറ്റർ കപ്പാസിറ്റിയുള്ള വാട്ടർ ടാങ്കും മുൻ വർഷങ്ങളിൽ ജില്ലാ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് പണിതതാണ്. ഇപ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. കൂടാതെ മോട്ടോർ പമ്പ് സെറ്റ് ഒഴിവാക്കിയതിന്റെ കാരണവും വ്യക്തമാക്കേണ്ടതാണ്. 16,98,974/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

<u>പ്രവൃത്തിയിലെ അപാകതകൾ</u>

1. ഈ പ്രവൃത്തി എപ്രകാരമാണ് നടപ്പിലാക്കുന്നത് എന്നത് സംബന്ധിച്ച ഒരു വിവരവും ഫയലിൽ ലഭ്യമല്ല. ഇത് വാട്ടർ അതോറിറ്റിയെ ഏല്പിച്ചിട്ടില്ല. എങ്ങനെയാണ് വീടുകളിൽ വെള്ളം എത്തിക്കുന്നത് എന്നോ വെള്ളത്തിന്റെ തുക എപ്രകാരമാണ് ഗുണഭോക്താക്കളിൽ നിന്ന് ഈടാക്കുന്നതെന്നോ ഫയലിൽ വ്യക്തമാക്കിയിട്ടില്ല.

2. ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ ആരാണ് എന്നത് സംബന്ധിച്ച ഒരു വിവരവും ഫയലിൽ ലഭ്യമല്ല. ഇത് പൊതു ആവശ്യത്തിനാണോ അല്ലെങ്കിൽ സ്വകാര്യ വ്യക്തികൾക്കാണോ എന്നത് സംബന്ധിച്ച ഒരു വിവരവും ഫയലിൽ ലഭ്യമല്ല.

3. എം ബുക്ക് പ്രകാരം പ്രവൃത്തികൾ എവിടെയാണ് ചെയ്തത് എന്ന് വ്യക്തമല്ല. അതായത് പൈപ്പ് ഇട്ടിരിക്കുന്ന റോഡിന്റെ പേരോ സ്വകാര്യ വ്യക്തികളുടെ സ്ഥലത്തിന്റെ വിശദാംശങ്ങളോ ലഭ്യമല്ല.

4. ഈ പദ്ധതിക്ക് മോട്ടോർ പമ്പ് സെറ്റ് വാങ്ങാത്തതിന്റെ കാരണവും ലഭ്യമല്ല.

# 3-44 റോഡ് സംരക്ഷണത്തിനായുള്ള പ്രോജക്ടിന് വകയിരുത്തിയ തുക വിവിധ എസ്.സി കുടുംബങ്ങൾക്ക് പ്രത്യേകം ചുറ്റുമതിൽ കെട്ടി നൽകുന്നതിന് ചെലവഴിച്ചു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഈസ്റ്റ് വെളിയത്തുനാട് ഫാംറോഡ് കോളനി - കരുമാലൂർ ഗ്രാമപഞ്ചായത്ത് |
| പ്രോജക്ട് നമ്പർ | S0660/18 |
| നിർവ്വഹണം | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ,LSGD |
| കരാറുകാരൻ | K.Rജയപ്രകാശ് |
| അളവു പുസ്തകം | 25/16-17 |
| ചെലവു | ബിൽ നമ്പർ 187/24-03-18 |

| | |
|---|---|
| വിവരം | രൂപ886759/- |

കരുമാലൂർ ഗ്രാമപഞ്ചായത്തിലെ 10,11 വാർഡുകളിലെ ഫാംറോഡ് കോളനി സൈഡ് സംരക്ഷണം പദ്ധതിയിൽ 288മീറ്റർ നീളത്തിൽ റോഡ് DRമേസനറിയിൽ കല്ലുകെട്ടി സംരക്ഷിക്കുന്നതിനും കോളനിക്കുള്ളിലെ നടപ്പാതകളിൽ ടൈൽ വിരിക്കുന്നതിനുമായിരുന്ന എസ്റ്റിമേറ്റ്. കോളനിക്കുള്ളിലെ നടപ്പാതകളിൽ ടൈൽ വിരിച്ചതു കൂടാതെ ഗ്രാമപഞ്ചായത്തിലെ മേൽ വാർഡുകളിലെ പട്ടികജാതി ഗുണഭോക്താക്കളുടെ ആവശ്യപ്രകാരം വ്യക്തിഗതമായി കോമ്പൗണ്ട് വാൾ ചെയ്തു കൊടുക്കുന്നതിന് 27-01-18 ൽ കൂടിയ ജില്ലാ പഞ്ചായത്ത് കമ്മിറ്റി തീരുമാനിക്കുകയും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറോട് ഇക്കാര്യം ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഗുണഭോക്താക്കളായി 11ാം വാർഡിലെ 8 പേരേയും 10ാം വാർഡിലെ 6 പേരേയും മേൽ തീയതിയിൽ കൂടിയ ജില്ലാ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. കോമ്പൗണ്ട് വാൾ കെട്ടുന്നതിന് എക്സ്ട്രാ ഇനങ്ങൾ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് പുതുക്കി പദ്ധതി നടപ്പിലാക്കുകയാണ് ചെയ്തിട്ടുള്ളത്.

കോമ്പൗണ്ട് വാൾ കെട്ടുന്നതിന് ചെലവഴിച്ച തുകയുടെ വിവരം ചുവടെ കൊടുക്കുന്നു.

| ഇനം | ചെലവഴിച്ച തുക |
|---|---|
| എർത്ത് വർക്ക് എക്സ്കവേഷൻ | 11886 |
| DRമേസനറി | 246590 |
| റീ ഇൻഫോഴ്സ്ഡ് കോൺക്രീറ്റിംഗ് 1:2:4 | 14498 |
| സ്റ്റീൽ ഇൻഫോഴ്സ്മെന്റ് | 10286 |
| സോളിഡ് ബ്ളോക്ക് ഉപയോഗിച്ചുള്ള ഭിത്തി നിർമ്മാണം | 182546 |
| 12mmസിമന്റ് പ്ലാസ്റ്ററിംഗ് | 7214 |
| ആകെ | 473020 |

ടി പ്രോജക്ടിനായി വകയിരുത്തിയ തുകയുടെ ഏകദേശം 50% വികസന ഫണ്ട് ഉപയോഗിച്ച് വ്യക്തിഗതമായി വിവിധ എസ്.സി കുടുംബങ്ങൾക്ക് പ്രത്യേകം ചുറ്റമതിൽ കെട്ടി നൽകുകയാണ് ചെയ്തിരിക്കുന്നത്. എസ്.സി കുടുംബങ്ങൾക്ക് ചുറ്റമതിൽ നിർമ്മിച്ച് നൽകുന്നതിന് വികസനഫണ്ട് ചെലവഴിക്കാമെന്ന് ജി.ഒ(എം.എസ്) നം 80/2017/തസ്വഭവ തീയതി 03-04.2017 നമ്പർ സബ്സിഡി മാർഗ്ഗരേഖയിൽ പറയുന്നില്ല. കൂടാതെ ഇത് ജില്ലാ പഞ്ചായത്തിന്റെ അനിവാര്യ ചുമതലയിലോ പൊതുവായ ചുമതലയിലോ പെടുന്ന വിഷയവുമല്ല. ആകെ കെട്ടി നൽകിയ മതിലിന്റെ നീളമാണ് അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഓരോ വീടിന്റേയും ചുറ്റമതിലിന്റെ നീളവും പ്രത്യേകം രേഖപ്പെടുത്താത്തതിനാൽ ഓരോ വ്യക്തിക്കും എത്ര രൂപ ചെലവഴിച്ചുവെന്നും വ്യക്തമല്ല.

പദ്ധതി മാർഗ്ഗരേഖയിൽ പറയാത്ത ഇനം പ്രവൃത്തി വികസനഫണ്ട് ഉപയോഗിച്ച് ചെയ്തതിന് വിശദീകരണമാവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം.36) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല. കുടിവെള്ളം, വൈദ്യുതി, റോഡ്, നടപ്പാത എന്നീ പൊതുസൗകര്യങ്ങൾ ഏർപ്പെടുത്തുന്ന പ്രോജക്ടുകളാണ് പദ്ധതി മാർഗ്ഗരേഖ പ്രകാരം പട്ടികജാതി കോളനികളിൽ നടപ്പാക്കാവുന്നത്. പദ്ധതി മാർഗ്ഗരേഖയിലെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ചാണ് പ്രോജക്ടുകൾ നടപ്പാക്കുന്നതെന്ന് നിർവ്വഹണോദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതാണ്. പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി വികസനഫണ്ടിൽ നിന്നും ചെലവഴിച്ച 4,73,020/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

# 3-45 സോളിഡ് ബ്ളോക്ക് ഉപയോഗിച്ചുള്ള ഭിത്തി നിർമ്മാണം- ഭിത്തിയുടെ ഭാഗമായി വരുന്ന കോളത്തിന്റെ അളവ് കുറവു ചെയ്യാതെ തുക അനുവദിച്ചു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഊരമന GHSS വനിത വിശ്രമമുറി -രാമമംഗലം ഗ്രാമപഞ്ചായത്ത് |
| പ്രോജക്ട് നമ്പർ | S0481/18 |
| നിർവ്വഹണം | അസിസ്റ്റന്റ്എക്സിക്യൂട്ടീവ് എഞ്ചിനിയർ,LSGD |
| കരാറുകാരൻ | എൽദോസ് ഫിലിപ്പ് |
| അളവു പുസ്തകം | 595/15-16 |
| ചെലവു വിവരം | ബിൽ നമ്പർ 231/26-03-18 രൂപ1160864/- |

ഈ പ്രവൃത്തിയുടെ അളവു പുസ്തകം പേജ് 28ൽ 2.75 മീറ്റർ നീളത്തിൽ സോളിഡ് ബ്ളോക്ക് ഉപയോഗിച്ച് ഭിത്തി നിർമ്മിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട് (31.10 x 0.20x 2.75 മീറ്റർ ). ഈ കെട്ടിട നിർമ്മാണത്തിൽ 0.30 x 0.20 x 2.90 മീറ്റർ അളവിലുള്ള 10 കോളങ്ങളും നിർമ്മിച്ചിട്ടുണ്ട്. സോളിഡ് ബ്ലോക്ക് ഉപയോഗിച്ച് ഭിത്തി നിർമ്മിച്ചതിന് തുക അനുവദിച്ചപ്പോൾ ഭിത്തിയുടെ ഭാഗമായി വരുന്ന കോളത്തിന്റെ അളവ് കുറവു ചെയ്യാതെ തുക അനുവദിച്ചത് അധികം നൽകാനിടയാക്കി. അധികം നൽകിയ തുകയുടെ വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| ഭിത്തിയുടെ ഭാഗമായി വരുന്ന കോളത്തിന്റെ അളവ് | 10x 0.30x0.20x2.75 =1.65 m3 |
| അനുവദിച്ച അളവും നിരക്കും | 14.409 m3 @6000 ( എസ്റ്റിമേറ്റ് അളവിന് ക്വോട്ട് ചെയ്ത നിരക്ക് )<br>1.35m3 @5137.50 (എസ്റ്റിമേറ്റ് അളവിലും കൂടുതൽ ചെയ്ത അളവിന് എസ്റ്റിമേറ്റ് നിരക്കിൽ നിന്നും average below കുറവു ചെയ്തിട്ടുള്ള നിരക്ക് ) |
| ഭിത്തിയുടെ ഭാഗമായി വരുന്ന കോളത്തിന്റെ അളവ് കുറവ് ചെയ്യാതിരുന്നതു വഴി അധികം നൽകിയ തുക | 1.35m3 @5137.50 = 6936<br>0.30 m3 @6000 = 1800<br>1.65 m3 = 8736/- |

അധികം നൽകിയ തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. (ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.36) മറുപടി നൽകിയില്ല)

# 3-46 ടാറിംഗ് പ്രവൃത്തി - സ്പെസിഫിക്കേഷൻ അനുവദിക്കുന്നത് അപാകത

ജില്ലാ പഞ്ചായത്തിന് ടാറിംഗ് പ്രവൃത്തിയിൽ ഉൾപ്പെട്ട '20mm thick -Graded Premix Carpet..' Seal

Coat..' എന്നി പ്രവൃത്തികൾ 'manual means' പ്രകാരമാണ് ചെയ്യുന്നത്. എന്നാൽ പല പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും ടാറിംഗ് പ്രവൃത്തികളും ചെയ്യുന്നത് 'mechanical means' പ്രകാരമാണ്.

കോസ്റ്റ് ഇൻഡക്സ് 49.02 പ്രകാരം 'mechanical means' പ്രകാരവും 'manual means' പ്രകാരവും തമ്മിലുള്ള നിരക്കിന്റെ വ്യത്യാസം താഴെ കൊടുക്കുന്നു.

| പ്രവൃത്തി | നല്കുന്ന നിരക്ക് bymanual means(Item no.) | നൽകാവുന്നനിരക്ക് (mechanical means) |
|---|---|---|
| '20mm thick - Graded Premix Carpet. | 169.79 (75.5.9.1.2pb) | 147.76/m2 (75.5.9.2.2pb) |
| Seal Coat. | 67.18 75.5.12.A.3.2pb) | 54.80/m2 (75.5.12.B.3.2pb) |
| ആകെ | 236.97 | 202.26 |

ഇപ്രകാരം ഒരു ചതുരശ്ര മീറ്റർ റോഡ് ടാർ ചെയ്യുന്നതിന് 34.71/- രൂപ നിരക്കിൽ അധികം നൽകുന്നു. തന്മൂലം കോടി കണക്കിന് രൂപയാണ് ജില്ലാ പഞ്ചായത്തിന് വാർഷിക നഷ്ടം വരുന്നത്. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# 3-47 കരിങ്കല്ല് ഉപയോഗിച്ച് സംരക്ഷണഭിത്തി നിർമിച്ചത് അധിക നിരക്ക് നല്കി

| | |
|---|---|
| പ്രവൃത്തി | കടവ് കുളം അത്താണി മുക്ക് റോഡ്, കോട്ടുവള്ളി ഗ്രാമ പഞ്ചായത്ത് |
| പ്രോജക്ട് | So 506/18 |
| കരാറുകാരൻ | ശ്രീ. ഒ.പി ബൈജു |
| എം ബുക്ക് | 242/16-17 |
| ചെലവ് തുക | 20,05,870/- |

ഈ പ്രവൃത്തിയിൽ ഡാറ്റ ഐറ്റം നം. od 57248/17-18 പ്രകാരം DR mansory. പ്രവൃത്തിക്ക് എസ്റ്റിമേറ്റ് അനുസരിച്ച് (Cost Index) ഒരു ഘനമീറ്ററിന് 3788.08/- രൂപ കണക്കാക്കുകയും ടെൻഡർ പ്രകാരം ഒരു ഘനമീറ്ററിന് 3000/- രൂപ കണക്കാക്കി 67.5ഘനമീറ്ററിന് 2,02,500/- രൂപ നൽകിയിട്ടുണ്ട്. ഈ പ്രവൃത്തിക്ക് ഐറ്റം നം. 60.7.1 പ്രകാരം നൽകേണ്ട നിരക്ക് 2860.10/ m3 ആണ്. DR mansory പ്രവൃത്തിക്ക് അധികം നിരക്ക് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതിന് വിശദീകരണം നൽകേണ്ടതാണ്. മാത്രമല്ല അധിക നിരക്ക് നൽകിയത് വഴി കൂടുതലായി നൽകിയ തുക കണക്കാക്കി തിരികെ ഈടാക്കേണ്ടതാണ്.

# 3-48 ഭിത്തി നിർമ്മാണം - 30x20x15 വലുപ്പത്തിലുള്ള സോളിഡ് ബ്രിക്സ് ഉപയോഗിച്ച്

# 20 സെ.മി കനത്തിൽ ഭിത്തി നിർമ്മിക്കുന്നത് അപാകത

ജില്ലാ പഞ്ചായത്ത് നടപ്പിലാക്കിയ പല പ്രവൃത്തികൾക്കും 20 സെ.മി കനത്തിൽ ഭിത്തി നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയത് ഐറ്റം നം.50.6.2.2 പ്രകാരം 30x20x15 വലുപ്പത്തിലുള്ള സോളിഡ് ബ്രിക്സ് ഉപയോഗിച്ചാണ്. 20 സെ.മി കനത്തിൽ ഭിത്തി നിർമ്മിക്കുന്നതിന് ഐറ്റം നം.50.6.1.5 പ്രകാരം 30x20x20 വലുപ്പത്തിലുള്ള സോളിഡ് ബ്രിക്സ് ഉപയോഗിച്ചുള്ള ഡാറ്റ പ്രകാരമാണ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതാണ്. ഐറ്റം നം.50.6.1.5 പ്രകാരമുള്ള നിരക്കിനേക്കാൾ അധികം തുകയാണ് ഐറ്റം നം. 50.6.2.2 പ്രകാരം നൽകുന്നത്.

| | |
|---|---|
| പ്രവൃത്തി | വനിത ഫ്രണ്ട് ലി വിശ്രമമുറി, കുട്ടമ്പുഴ ഗ്രാമ പഞ്ചായത്ത് |
| പ്രൊജക്ട് | So 424/18 |
| കരാറുകാരൻ | ശ്രീ. ഒ.പി. പൈലി |
| എം ബുക്ക് | 170/16-17 |
| ചെലവ് തുക | 13,29,660/- |

ഈ പ്രവൃത്തിക്ക് ഡാറ്റ ഐറ്റം നം. നം.50.6.2.2 പ്രകാരം 30x20x15 വലുപ്പത്തിലുള്ള സോളിഡ് ബ്രിക്സ് പ്രവൃത്തിക്ക് എസ്റ്റിമേറ്റ് പ്രകാരം(Cost Index) ഒരു ഘനമീറ്ററിന് 6110.72/- രൂപ കണക്കാക്കുകയും ടെണ്ടർ പ്രകാരം ഒരു ഘനമീറ്ററിന് 5900/- രൂപ കണക്കാക്കി 20.945ഘനമീറ്ററിന് 1,23,575/- രൂപ നൽകിയിട്ടുണ്ട്. ഈ പ്രവൃത്തിക്ക് ഐറ്റം നം.50.6.1.5 പ്രകാരം നൽകേണ്ട നിരക്ക് 5888.00/m3 ആണ്. അധികം നൽകിയ തുക കണക്കാക്കി ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്.

# 3-49 ഒരേ ഇനത്തിലുള്ള ടൈൽ വിരിക്കുന്നതിന് വ്യത്യസ്ത നിരക്കുകൾ നൽകി

80 സെ.മി. കനമുള്ള കോൺക്രീറ്റ് കട്ട ഉപയോഗിച്ച് കട്ട വിരിക്കുന്നതിന് എസ്റ്റിമേറ്റ് പ്രകാരം പല നിരക്കാണ് കണക്കാക്കിയിട്ടുള്ളത്. മോർഡ് മെറ്റീരിയൽ ഐറ്റം M 379 പ്രകാരം Interlocking blocks 80mm thickness – വില 370 രൂപയാണ്. ഇതിന്റെ കോസ്റ്റ് ഇൻഡക്സ് ഉൾപ്പടെയുള്ള വില 370 +181( cost index 49.02) = 551/- രൂപ മാത്രമാണ്. (ഇത് പ്രകാരം കട്ട വിരിക്കുന്നതിന് എസ്റ്റിമേറ്റ് പ്രകാരം നൽകാവുന്ന നിരക്ക് ഒരു ചതുരശ്രമീറ്ററിന് 921/- രൂപയാണ് .)

ചെയ്ത പ്രവൃത്തികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1.

| | |
|---|---|
| പ്രവൃത്തി | പുന്നയം വേങ്ങൂർ റോഡ്, വേങ്ങൂർ ഗ്രാമ പഞ്ചായത്ത് |
| പ്രൊജക്ട് | So 286/18 |
| കരാറുക്കാരൻ | ശ്രീ. സോജൻ എൻ ജോർജ് |
| എം ബുക്ക് | 697/15-16 |
| കോസ്റ്റ് ഇൻഡക്സ് | 46.08 |

| | |
|---|---|
| കട്ട വിരിച്ചതിന് എസ്റ്റിമേറ്റ് തുക | 350 m2 x 1122.29/m2 = 3,92,801 |
| കട്ട വിരിച്ചതിന് നൽകിയ തുക | 295.38 m2 x 940/m2 = 2,77,657/- |
| ബിൽ തുക | 1297224 തീ.30-12-17 |

2.

| | |
|---|---|
| പ്രവൃത്തി | തോട്ടുവ കൃഷ്ണൻ കുട്ടി റോഡ്, കൂവപ്പടി ഗ്രാമ പഞ്ചായത്ത് |
| പ്രൊജക്റ്റ് | So 1347/18 |
| കരാറുകാരൻ | ശ്രീ. കെ. ആർ ജയപ്രകാശ് |
| എം ബുക്ക് | 594/15-16 |
| കോസ്റ്റ് ഇൻഡക്സ് | 46.08 |
| കട്ട വിരിച്ചതിന് എസ്റ്റിമേറ്റ് തുക | 453.75 m2 x 921.89/m2 = 4,18,307 |
| കട്ട വിരിച്ചതിന് നൽകിയ തുക | 453.75 m2 x 948/m2 = 4,30,155/- |

ഒരേ ഇനത്തിന് രണ്ട് നിരക്ക് പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിയതിന് വിശദീകരണം നൽകേണ്ടതും നിരക്ക് അധികരിച്ചത് വഴി അധികം നൽകിയ തുക ഈടാക്കേണ്ടതുമാണ്.

# 3-50 എസ്റ്റിമേറ്റിനേക്കാൾ വളരെ അധികം അളവിൽ കമ്പി ഉപയോഗിച്ചത് - എം ബുക്ക് ഹാജരാക്കിയില്ല

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| പ്രവൃത്തി | മുളന്തുരുത്തി ഹയർ സെക്കണ്ടറി സ്കൂൾ നിർമാണം, മുളന്തുരുത്തി ഗ്രാമ പഞ്ചായത്ത് |
| പ്രോജക്റ്റ് | So 772/18 |
| കരാറുക്കാരൻ | ശ്രീ. പി എച്ച് ഇലിയാസ് |
| എം ബുക്ക് | ഹാജരാക്കിയില്ല |
| അടങ്കൽ | Rs. 50,00,000/- |
| ആകെ ചെയ്ത പ്രവൃത്തി | 40,71,667/- |

മുളന്തുരുത്തി ഹയർ സെക്കണ്ടറി സ്കൂൾ നിർമാണ പ്രവൃത്തിയാണ് ചെയ്തിട്ടുള്ളത്. എസ്റ്റിമേറ്റ് പ്രകാരം ഫൂട്ടിംഗ്, കോളം, ലിന്റിൽ, ബീം, സ്ലാബ് എല്ലാം ഉൾപ്പെടെ ആകെ കമ്പി ഉപയോഗിച്ചുള്ള കോൺക്രീറ്റിംഗ് അളവ് 97.425 m3 ആണ്. എസ്റ്റിമേറ്റ് പ്രകാരം ഇതിന് ആവശ്യമായ കമ്പിയുടെ തൂക്കം കണക്കാക്കിയത് 8916.619 qtl.ആണ്. അതായത് 91.52kg/ m3 ആണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ബിൽ പ്രകാരം ചെയ്ത കോൺക്രീറ്റിംഗ് അളവ് 94.888 m3 മാത്രമാണ്. ഉപയോഗിച്ച കമ്പിയുടെ തൂക്കം 12,982.507 കിലോയാണ്. കമ്പിയുടെ വിലയായി 11,03,513/- രൂപ നൽകിയിട്ടുണ്ട്. അതായത് ഒരു ഘനമീറ്റർ കോൺക്രീറ്റിംഗിന് 136.81 കിലോ കമ്പി ഉപയോഗിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയുടെ എംബുക്ക് ഓഡിറ്റിന്

ഹാജരാക്കിയില്ല. എസ്റ്റിമേറ്റിനേക്കാൾ വളരെ അധികം അളവിൽ കമ്പി ഉപയോഗിച്ചത് സംബന്ധിച്ച് വിശദീകരണം നൽകേണ്ടതാണ്. എംബുക്ക് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

# 3-51 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി - എസ്റ്റിമേറ്റ് റിവൈസ് ചെയ്തു -കാരണം വ്യക്തമല്ല

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| പ്രവൃത്തി | പോളചിറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി, കുന്നത്ത്നാട് ഗ്രാമ പഞ്ചായത്ത് |
| പ്രോജക്റ്റ് | So 96/18 |
| കരാറുകാരൻ | ശ്രീ. ടി ബി ജബ്ബാർ |
| എം ബുക്ക് | 466/16-17 |
| അടങ്കൽ | Rs. 22,00,000/- |
| ആകെ ചെയ്ത പ്രവൃത്തി | 19,38339/- |

പോളചിറ ലിഫ്റ്റ് ഇറിഗേഷൻ പ്രൊജക്റ്റിന്റെ എസ്റ്റിമേറ്റ് പ്രകാരം 50 mm pvc പൈപ്പ് 1050 മീറ്റർ ഇടുന്നതിന് 236.47/m പ്രകാരം 2,48,293 രൂപയും, 110 mm pvc പൈപ്പ് 1000 മീറ്റർ ഇടുന്നതിന് 448.36/m പ്രകാരം 4,48,360/- രൂപയും, മോട്ടോർ പമ്പ് സെറ്റ് സ്ഥാപിക്കുന്നതിന് 2,61,043/- രൂപയും, മറ്റ് ഇനങ്ങൾക്കായി 12,42,304/- രൂപയും ഉൾപ്പെടുത്തിയിരുന്നു. എന്നാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് ഒറിജിനൽ എസ്റ്റിമേറ്റ് പ്രകാരമുള്ള പല പ്രവൃത്തികളും ഒഴിവാക്കുകയും എസ്റ്റിമേറ്റിലുള്ള ചില പ്രവൃത്തികൾ കൂട്ടി നൽകുകയും ചില പ്രവൃത്തികൾ എക്സ്ട്രാ പ്രവൃത്തിയായി ചെയ്തിട്ടുമുണ്ട്. എന്നാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യാനുള്ള കാരണം വ്യക്തമല്ല.

എംബുക്ക് പ്രകാരം 50 mm pvc പൈപ്പ് ഒഴിവാക്കുകയും പകരം, 110 mm pvc പൈപ്പ് 2142 മീറ്റർ ഇട്ടതിന് 448.36/m പ്രകാരം 9,60,387/- രൂപയും, എക്സ്ട്രാ പ്രവത്തിയായി 75 mm pvc പൈപ്പ് 1296.9 മീറ്റർ ഇട്ടതിന് 301.53/m പ്രകാരം 3,91,054/- രൂപയും നൽകിയിട്ടുണ്ട്. കൂടാതെ മോട്ടോർ പമ്പ് സെറ്റ് സ്ഥാപിക്കുന്നത് ഒഴിവാക്കുകയും ചെയ്തു. ഇപ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്യാനുള്ള കാരണം വ്യക്തമല്ല. മോട്ടോർ പമ്പ് സെറ്റ് സ്ഥാപിക്കുന്നത് ഒഴിവാക്കിയതിന്റെ കാരണം വ്യക്തമല്ല. മാത്രമല്ല പൈപ്പ് ഇട്ട റോഡിന്റെ ചെയിനേജ് രേഖപ്പെടുത്തിയിട്ടില്ല. 50 mm pvc പൈപ്പ് ഒഴിവാക്കി 110 mm pvc പൈപ്പ് ഇടാനുള്ള കാരണവും വ്യക്തമല്ല. എസ്റ്റിമേറ്റ് റിവൈസ് ചെയ്തതിന് വിശദീകരണം നൽകിയിട്ടില്ല. മേൽ കാരണങ്ങളാൽ ചെലവഴിച്ച 1938330/- രൂപ തടസ്സപ്പെടുത്തുന്നു. എസ്റ്റിമേറ്റ് റിവൈസ് ചെയ്തതിന് വിശദീകരണം നൽകേണ്ടതാണ്.

# 3-52 വലിയ കുളം വാട്ടർ റീച്ച് പ്രൊജക്ട് - അപാകതകൾ

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| പ്രവൃത്തി | വലിയകുളം വാട്ടർ റീച്ച് പദ്ധതി, കുമ്പളങ്ങി ഗ്രാമ പഞ്ചായത്ത് |
| പ്രോജക്റ്റ് | So399 /18 |
| കരാറുകാരൻ | ശ്രീ. വസീർ മുഹമ്മദ് |
| എം ബുക്ക് | 748/15-16 |

| | |
|---|---|
| അടങ്കൽ | Rs. 12,00,000/- |
| ആകെ ചെയ്ത പ്രവൃത്തി | 11,36,807/- |

എസ്റ്റിമേറ്റ് പ്രകാരം കുളത്തിന്റെ നിലവിലുള്ള 67 മീറ്റർ നീളത്തിലും 0.60മീറ്റർ വീതിയിലും 2 മീറ്റർ ഉയരത്തിലുമുള്ള 80.40 m3 DR പൊളിച്ച് മാറ്റി അവിടെ 2.35 മീറ്റർ ഉയരത്തിൽ സംരക്ഷണ ഭിത്തി നിർമിച്ച് അതിന്റെ മുകളിൽ സോളിഡ് ബ്രിക്സ് ഉപയോഗിച്ച് കോമ്പൌണ്ട് വാൾ നിർമിക്കുകയാണ് പ്രവൃത്തി. എംബുക്ക് പ്രകാരം പൊളിച്ചെടുത്ത കരിങ്കൽ കെട്ടിന്റെ അളവ് കാണിച്ചിട്ടുള്ളത് 67 x 0.30 x 2 = 40.2 m3 ആണ്. ഇതിന്റെ 70% ആയ 28.14 m3 മാത്രമാണ് ആകെ DR മേസണറിയിൽ നിന്ന് കുറവ് ചെയ്തത്.

ഇപ്രകാരം DR മേസണറി പ്രവൃത്തിക്ക് 105.63 x 2734/m3 = 2,88,792/- രൂപയും ഡിപ്പാർട്ട്മെന്റൽ കല്ല് ഉപയോഗിച്ച് DR മേസണറി പ്രവൃത്തിക്ക് 28.14m3 x 923/m3 = 25999/- രൂപയും നൽകിയിട്ടുണ്ട്.

ഓഡിറ്റ് പരാമർശം

1. എസ്റ്റിമേറ്റ് പ്രകാരം കുളത്തിന്റെ നിലവിലുള്ള 67 മീറ്റർ നീളത്തിലും 0.60മീറ്റർ വീതിയിലും 2 മീറ്റർ ഉയരത്തിലുമുള്ള 80.40 m3 കല്ല് കണക്കാക്കുകയും എന്നാൽ എംബുക്ക് പ്രകാരം പൊളിച്ചെടുത്ത കരിങ്കൽ കെട്ടിന്റെ അളവ് കാണിച്ചിട്ടുള്ളത് 67 x 0.30 x 2 = 40.2 m3 ആണ്. ഇതിന്റെ 70% ആയ 28.14 m3 മാത്രമാണ് ഡിപ്പാർട്ട്മെന്റൽ കല്ല് ആയി കാണിച്ചിട്ടുള്ളത്. മാത്രമല്ല രണ്ട് മീറ്റർ ഉയരമുള്ള കരിങ്കൽ കെട്ടിന്റെ വീതി 0.30 മീറ്റർ എന്നതും അന്വേഷിക്കേണ്ടതാണ്.

2. ടി സ്ഥലം നേരിട്ട് കണ്ടതിൽ കോമ്പൗണ്ട് വാൾ നിർമിച്ചിരിക്കുന്നത് 15 cm വീതിയിലാണ്. എന്നാൽ എംബുക്ക് പ്രകാരം 20cm കനം രേഖപ്പെടുത്തിയിരിക്കുന്നു. ആകെ 10.667 m3 ന് 5577/m3 പ്രകാരം 59489/- രൂപ നൽകിയിട്ടുണ്ട്. ഭിത്തിയുടെ ശരിയായ അളവ് കണക്കാക്കി അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്. മേൽ പ്രവൃത്തി സംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് ഓഡിറ്റ് ശിപാർശ ചെയ്യുന്നു.

# 3-53 മൾട്ടിസ്പെഷ്യാലിറ്റി വെറ്ററിനറി ആശുപത്രി- 1.98 കോടി രൂപ അക്കൗണ്ടിൽ ഉണ്ടായിട്ടും പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല.

ജില്ലാ പഞ്ചായത്തിന്റെ 2014-15 വർഷത്തെ പദ്ധതിയിൽ "മൃഗങ്ങളെ കിടത്തി ചികിത്സിക്കുന്നതിനായി മൾട്ടി സ്പെഷ്യാലിറ്റി വെറ്ററിനറി ആശുപത്രി" സ്ഥാപിക്കുന്നതിനായി ജില്ലയിലെ വിവിധ തലത്തിലുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വിഹിതം ഉൾപ്പെടുത്തി 2കോടി രൂപ അടങ്കൽ വകയിരുത്തി പ്രൊജക്ടിന് 30.05.2014-ൽ ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങിയിരുന്നു. കേരള വെറ്ററിനറി യൂണിവേഴ്സിറ്റിയുടെ സാങ്കേതിക സഹകരണത്തോടെ സ്ഥാപിക്കാനുദ്ദേശിച്ച ആശുപത്രിക്കുവേണ്ടി വടവുകോട് -പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിലെ വരിക്കോലി ഗവ. യു.പി സ്കൂളിന്റെ 47 സെന്റ് സ്ഥലം വിട്ട് നല്കുന്നതിന് സർക്കാരിനോട് അഭ്യർത്ഥിക്കാൻ തീരുമാനിച്ചു. എന്നാൽ ഈ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച റവന്യൂരേഖകൾ ലഭ്യമല്ലാത്തതിനാൽ, ഈ സ്ഥലത്തിനു പകരം വടവ്കോട്-പുത്തൻകുരിശ് പഞ്ചായത്തിൽത്തന്നെയുള്ള വടയമ്പാത്തുമലയിൽ പഞ്ചായത്തിന്റെ ഉടമസ്ഥാവകാശത്തിലുള്ള ഒരു ഏക്കർ അറുപത് സെന്റ് സ്ഥലത്തിൽനിന്ന് 80 സെന്റ് സ്ഥലം വെറ്ററിനറി ആശുപത്രി നിർമ്മിക്കാൻ വിട്ടുനല്കാമെന്ന് 28.10.2014 ൽ

വടവ്കോട് -പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനിച്ച് ജില്ലാ പഞ്ചായത്തിനെ അറിയിച്ചു.

ഇതിന്റെ അടിസ്ഥാനത്തിൽ നിർദ്ദിഷ്ട മൃഗാശുപത്രിയുടെ വിശദമായ പ്ലാനും, ഡിസൈനും തയ്യാറാക്കാനായി തിരുവനന്തപുരം കോളേജ് ഓഫ് എൻജിനീയറിംഗിനെയും, സോയിൽ ടെസ്റ്റ് ഉൾപ്പെടെയുള്ള പ്രാഥമികപ്രവർത്തനങ്ങൾ നടത്തുന്നതിനായി മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറെയും 24.10.2014 ലെ ജില്ലാ പഞ്ചായത്ത് ഭരണസമിതി ചുമതലപ്പെടുത്തി.

ഈ പദ്ധതി ഗ്രാമ-ബ്ലോക്ക് -നഗരസഭ വിഹിതങ്ങൾ ഉൾപ്പെടുത്തി സംയുക്തപ്രൊജക്ടായി നടപ്പാക്കാനാണ് ആസൂത്രണസമിതി അംഗീകാരം നല്കിയിരിക്കുന്നത് എന്നതിനാൽ ഓരോ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെയും വിഹിതം നിശ്ചയിച്ചും തീരുമാനിച്ചിരുന്നു. അതുപ്രകാരം 31.03.2018 വരെ ലഭ്യമായ തുക ചുവടെച്ചേർക്കുന്നു.

| തദ്ദേശസ്വയം ഭരണസ്ഥാപനം | പ്രൊജക്ടുകളിലൂടെ വകയിരുത്തിയ വിഹിതം | ലഭ്യമായ വിഹിതം |
|---|---|---|
| ഗ്രാമപഞ്ചായത്ത് @ 2,00,000 | 1,48,74,991 | 1,24,17,767 |
| ബ്ലോക്ക് പഞ്ചായത്ത് @ 3,00,000 | 38,00,000 | 34,00,000 |
| മുനിസിപ്പാലിറ്റി- @ 5,00,000 | 44,00,000 | 4,00,000 |
| ജില്ലാപഞ്ചായത്ത് - 25,00,00 | 35,75,547 | 36,00,000 |
| ആകെ അടങ്കൽ | 2,66,50,538 | 1,98,17,767 |

മൾട്ടി സ്പെഷ്യാലിറ്റി വെറ്ററിനറി ആശുപത്രി എന്ന ഈ പ്രൊജക്ടിനായി ആകെ വകയിരുത്തിയതിൽ 74% തുകയും മറ്റ് തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളുടെ പ്രൊജക്ടുകളിലൂടെ ജില്ലാ പഞ്ചായത്തിന്റെ സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. ഈ തുക ബാലൻസ് ഷീറ്റിൽ B-15 ഷെഡ്യൂൾ പ്രകാരം സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിലെ 31.03.2018ലെ നീക്കിയിരുപ്പ് തുകയായ 22,22,74,188/- രൂപയിൽ ഉൾപ്പെട്ടിട്ടുണ്ട്.

എന്നാൽ ഇത്രയും തുക ലഭ്യമായിട്ടും മൾട്ടി സ്പെഷ്യാലിറ്റി വെറ്ററിനറി ആശുപത്രി നിർമ്മിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. വടവ്കോട്- പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത് സ്ഥലം നല്കാമെന്നേറ്റിട്ടും, ആ സ്ഥലം പ്രയോജനപ്പെടുത്തുവാൻ ശ്രമിച്ചിട്ടില്ല. ഈ സ്ഥലത്ത് ആശുപത്രി പണിയുന്നതിനായി സോയിൽ ടെസ്റ്റ് നടത്തുന്നതിനും, ഡിസൈൻ തയ്യാറാക്കുന്നതിനും തീരുമാനിച്ചുവെങ്കിലും, ആ പ്രവർത്തനങ്ങൾ നടത്തിയതായി കാണുന്നില്ല. സാങ്കേതികമായ ഫീസിബിലിറ്റി ഇല്ലാത്ത സ്ഥലമാണെങ്കിൽ, ആയത് ബന്ധപ്പെട്ട അധികൃതരെ അറിയിക്കേണ്ടതായിരുന്നു. അതേസമയം വടവ്കോട് ബ്ലോക്ക് പഞ്ചായത്ത്, കോതമംഗലം നഗരസഭ, ആവോലി ഗ്രാമപഞ്ചായത്ത് എന്നീ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ പ്രസ്തുത മൾട്ടി സ്പെഷ്യാലിറ്റി വെറ്ററിനറി ആശുപത്രി പണിയുന്നതിനായി സ്ഥലം ലഭ്യമാക്കാമെന്ന് രേഖാമൂലം ജില്ലാപഞ്ചായത്തിനെ അറിയിച്ചിട്ടുമുണ്ടായിരുന്നു. ഈ സ്ഥലങ്ങളുടെ സാധുതയും പരിഗണിച്ചതായി കാണുന്നില്ല.

ഇത്രയും തുക വിവിധ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിന്ന് സമാഹരിച്ച് ജില്ലാപഞ്ചായത്തിന്റെ അക്കൗണ്ടിൽ സൂക്ഷിക്കുന്നത് ശരിയായ നടപടിയല്ല. ഏതാവശ്യത്തിനാണോ തുക സമാഹരിച്ചത്, പദ്ധതി നടപ്പാക്കാനുള്ള പ്രവർത്തനങ്ങൾ അടിയന്തിരമായി ആരംഭിച്ച് തുക

ചെലവഴിക്കാനുള്ള നടപടി സ്വീകരിക്കുകയോ, അല്ലാത്തപക്ഷം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തുക തിരികെ നൽകാനുള്ള നടപടി സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

# 3-54 അങ്കണവാടികൾക്ക് സ്ഥലം വാങ്ങൽ- പദ്ധതി ആസൂത്രണത്തിലെ അപാകതകൾ മൂലം ലക്ഷ്യം കൈവരിക്കാനായില്ല

ജില്ലാ പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കുന്ന പദ്ധതിയായിരുന്നു “ജില്ലയിലെ വിവിധ ഗ്രാമപഞ്ചായത്തുകളിലെ അങ്കണവാടികൾക്ക് സ്ഥലം വാങ്ങൽ". 2017-18 വർഷം ഈ പദ്ധതിയിൽ 45,59,067/- രൂപയാണ് അടങ്കൽ തുക കണക്കാക്കിയിരുന്നത്.

| ക്രമ നം. | പ്രൊജക്ട് നം. | അങ്കണവാടി ഉൾപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ പേര് | അടങ്കൽ | ചെലവ് തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | 1375/18 | ചെല്ലാനം ഗ്രാമ പഞ്ചായത്ത് (സംയുക്തം) | 160096 | 60096 | ജി.പ.വി. 60,096<br>ഗ്രാ.പ.വി. 1,00,000<br>1,60,096<br>8/2/18 ൽ ജില്ലാ പഞ്ചായത്ത് വിഹിതം ഗ്രാമപഞ്ചായത്തിന് നൽകി |
| 2 | 626/18 | കുന്നത്തുനാട് ഗ്രാമ പഞ്ചായത്ത് (സംയുക്തം) | 10,00,000 (വാല്യുവേഷൻ 6,98,971) | 2,98,97/- | ജി.പ.വി. 2,98,971<br>ഗ്രാ.പ.വി. 4,00,000<br>6,98,971<br>ജില്ലാ പഞ്ചായത്ത് വിഹിതം2/18 ൽ ഗ്രാമപഞ്ചായത്തിന് നൽകി. |
| 3 | 1411/18 | മുളന്തുരുത്തി ഗ്രാമ പഞ്ചായത്ത് | 8,00,000 | 8,00,000 | ജില്ലാ പഞ്ചായത്ത് വിഹിതം2/18 ൽ ഗ്രാമപഞ്ചായത്തിന് നൽകി |
| 4 | 624/18 | വെങ്ങോല ഗ്രാമപഞ്ചായത്ത് | 1,20,000 | ---- | പദ്ധതി അംഗീകരിച്ചത്. 30.6.17 |
| 5 | 1099/18 | വെങ്ങോല ഗ്രാമപഞ്ചായത്ത് വാർഡ് -7 | 6,00,000 | -- | പദ്ധതി അംഗീകരിച്ചത്. 30.6.17 |
| 6 | 626/18 | വെങ്ങോല ഗ്രാമപഞ്ചായത്ത് വാർഡ് -3 | 1,20,000 | -- | പദ്ധതി അംഗീകരിച്ചത്. 30.6.17 |
| 7 | 620/18 | കുന്നുകര ഗ്രാമപഞ്ചായത്ത് വാർഡ് 6 | 10,00,000 | -- | 2016-17-ൽ അംഗീകരിച്ചത് |
| 8 | 641/18 | രായമംഗലം ഗ്രാമപഞ്ചായത്ത് പണിക്കരമ്പലം അങ്കണവാടി | 10,00,000 | -- | പദ്ധതി അംഗീകരിച്ചത്. 30.6.17 |
| 9 | 645/18 | രായമംഗലം ഗ്രാമ പഞ്ചായത്ത് കണപ്പാലം | 10,00,000 | -- | പദ്ധതി അംഗീകരിച്ചത്. 30.6.17 |

| | | | | | |
|---|---|---|---|---|---|
| 10 | 649/18 | ചെല്ലാനം ഗ്രാമ പഞ്ചായത്ത് | 20,00,000 | -- | പദ്ധതി അംഗീകരിച്ചത്. 30.6.17 |
| 11 | 604/18 | പാറക്കടവ് ഗ്രാമപഞ്ചായത്ത് പറമ്പയം അങ്കണവാടി | 10,00,000 | -- | പദ്ധതി അംഗീകരിച്ചത്. 30.6.17 |
| 12 | 618/18 | തിരുവാണിയൂർ ഗ്രാമപഞ്ചായത്ത് | 10,00,000 | -- | പദ്ധതി അംഗീകരിച്ചത്. 30.6.17 |
| 13 | 612/18 | ഏഴിക്കര ഗ്രാമപഞ്ചായത്ത് | 10,00,000 | -- | പദ്ധതി അംഗീകരിച്ചത്. 30.6.17 |
| 14 | 615/18 | വടവുകോട് - പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത് | 10,00,000 | -- | പദ്ധതി അംഗീകരിച്ചത്. 30.6.17 |
| 15 | 567/18 | ചെങ്ങമനാട്, പറമ്പയം നം. 133 | 10,00,000 | -- | പദ്ധതി അംഗീകരിച്ചത്. 30.6.17 |

മേൽപ്പറഞ്ഞപ്രകാരം 15 അങ്കണവാടികൾ നിർമ്മിക്കാനായി 45.59 ലക്ഷം രൂപ അടങ്കൽ വകയിരുത്തിയിട്ടുള്ള ഈ പദ്ധതിപ്രകാരം ലക്ഷ്യമിട്ടതിൽ, 2017-18 വർഷം ചെല്ലാനം, കുന്നത്തുനാട്, മുളന്തുരുത്തി ഗ്രാമപഞ്ചായത്തുകളിൽ ഉൾപ്പെട്ട മൂന്ന് അങ്കണവാടികളുടെ സ്ഥലം വാങ്ങുന്നതിനായി ജില്ലാ പഞ്ചായത്ത് വിഹിതം ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളിലേക്ക് കൈമാറിയിട്ടുണ്ട്.

ബാക്കിയുള്ള ഗ്രാമപഞ്ചായത്തുകൾക്ക് അവരുടെ ഭരണപരിധിയിലുള്ള അങ്കണവാടികൾക്ക് സ്ഥലം വാങ്ങാനുള്ള സാമ്പത്തിക സഹായം കൈമാറണമെങ്കിൽ ടി പഞ്ചായത്തുകളിൽ സ്ഥല ലഭ്യത, ആയതിന് റവന്യൂ അധികാരികളിൽനിന്നുള്ള സാക്ഷ്യപത്രങ്ങൾ, സ്ഥലം കൈമാറാൻ തയ്യാറുള്ള ഭൂഉടമകളുടെ സമ്മതപത്രങ്ങൾ, സ്വകാര്യവ്യക്തികളിൽ നിന്നാണ് അങ്കണവാടി നിർമ്മിക്കുന്നതിനുള്ള സ്ഥലം ലഭ്യമാകുന്നതെങ്കിൽ വാല്യൂവേഷൻ തുടങ്ങിയ സംഗതികൾ തയ്യാറാക്കി നൽകണമെന്ന് നിർവ്വഹണോദ്യോഗസ്ഥൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് കത്ത് നൽകിയിരുന്നു. എന്നാൽ പിന്നീട് ഇതിനുവേണ്ടി യാതൊരു തുടർപ്രവർത്തനങ്ങളും നടന്നിട്ടില്ല. ആയതിനാൽ ബാക്കിയുള്ള പദ്ധതികൾ ഉപേക്ഷിക്കപ്പെട്ടുകയോ, തുക മറ്റ് പ്രൊജക്ടുകളിലേക്ക് വകമാറ്റുകയോ ചെയ്യുകയാണുണ്ടായത്.

ഇതിൽ നിന്ന് വ്യക്തമാകുന്ന വസ്തുത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി സ്ഥലം വാങ്ങുന്നതിന് ജില്ലാ പഞ്ചായത്ത് പദ്ധതി രൂപീകരിച്ചപ്പോൾ, വിവിധ ഗ്രാമപഞ്ചായത്തുകളുടെ ആവശ്യകത, സ്ഥലലഭ്യത എന്നിവ കണക്കിലെടുക്കാതെ ഒരു തുക വകയിരുത്തി പദ്ധതി രൂപീകരിക്കുകയായിരുന്നു എന്നതാണ്.

പിന്നീട് പദ്ധതി നടപ്പിലാക്കുന്ന ഘട്ടത്തിലാണ് നിശ്ചയിക്കപ്പെട്ട ഗ്രാമപഞ്ചായത്തുകളിലെ അങ്കണവാടികൾക്ക് അത്തരത്തിൽ സ്ഥലം ലഭിക്കാൻ സാധ്യതയുണ്ടോ എന്നുപോലും അന്വേഷിക്കുന്നത്.

മേൽപ്പറഞ്ഞ സാഹചര്യത്തിൽ അങ്കണവാടികൾക്കായി ഉദ്ദേശിക്കുന്ന സ്ഥലത്തിന് ജില്ലാകളക്ടർ വാല്യൂവേഷൻ നൽകിയതിനുശേഷം ഉടമസ്ഥനുമായി നെഗോസിയേഷൻ നടത്തി സ്ഥലവില പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ച് ജില്ലാ പഞ്ചായത്ത് വിഹിതത്തിനായി അപേക്ഷിക്കുവാൻ കാലതാമസം നേരിടും. ആയതിനാൽ ഈ പ്രൊജക്ട് 31.03.18 നകം പൂർത്തീകരിക്കുവാൻ സാധിക്കുകയില്ല. ഈയൊരു സാഹചര്യത്തിലാണ് 06/2017-ൽ ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം നേടിയ ബാക്കി പ്രൊജക്ടുകൾ ഉപേക്ഷിക്കപ്പെട്ടത്.

നടപ്പിലാക്കുവാൻ പ്രായോഗിക ബുദ്ധിമുട്ട് നേരിടാൻ സാധ്യതയുള്ള ഇത്തരം സംയുക്ത പ്രൊജക്ടുകൾ ഏറ്റെടുക്കുമ്പോൾ ആസൂത്രണ ഘട്ടം മുതൽ വ്യക്തമായ നിർവ്വഹണ കലണ്ടറിന്റെ അടിസ്ഥാനത്തിൽ

നിർവ്വണഘട്ടങ്ങൾ ക്രമീകരിക്കാൻ ശ്രദ്ധിക്കുന്ന പക്ഷം ഇത്തരം പോരായ്മകൾ ഒഴിവാക്കാൻ സാധിക്കുന്നതാണ്.

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

2017-18 വർഷത്തെ വാർഷിക കണക്കുകൾ പ്രകാരം ഗ്രാമ പഞ്ചായത്തുകളിൽ നിന്നും രൂ.20,00,000/- ലഭിച്ചിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെല വഴിച്ച തുക |
|---|---|---|---|
| എക്സിക്യൂട്ടീവ് എൻജിനീയർ, കേരള വാട്ടർ അതോറിറ്റി, മൂവ്വാറ്റുപുഴ | മണിയന്തടം കുടിവെള്ള പദ്ധതി,മഞ്ഞള്ളൂർ | 50,00,000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. |
| എക്സിക്യൂട്ടീവ് എൻജിനീയർ, കേരള വാട്ടർ അതോറിറ്റി, മൂവ്വാറ്റുപുഴ | കാരിക്കോട് എസ്.സി കോളനി കുടിവെള്ള പദ്ധതി,മുളന്തുരുത്തി | 20,00,000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. |
| എക്സിക്യൂട്ടീവ് എൻജിനീയർ, കേരള വാട്ടർ അതോറിറ്റി, മൂവ്വാറ്റുപുഴ | ചെങ്ങറ കോളനി കുടിവെള്ള പദ്ധതി,ആവോലി | 1,10,00,000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. |
| എക്സിക്യൂട്ടീവ് എൻജിനീയർ, കേരള വാട്ടർ അതോറിറ്റി, മൂവ്വാറ്റുപുഴ | മലനിരപ്പ് എസ്.സി കോളനി കുടിവെള്ള പദ്ധതി,എടയ്ക്കാട്ടുവയൽ | 49,58,000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. |
| എക്സിക്യൂട്ടീവ് എൻജിനീയർ, കേരള വാട്ടർ അതോറിറ്റി, കൊച്ചി-16 | പുത്തൻ കരി എസ്.സി കോളനി കുടിവെള്ള പദ്ധതി,കുമ്പളങ്ങി | 6,50,000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. |
| എക്സിക്യൂട്ടീവ് എൻജിനീയർ, കേരള വാട്ടർ അതോറിറ്റി, ആലുവ | കൊല്ലംകുടി മുഗൾ എസ്.സി കോളനി കുടിവെള്ള പദ്ധതി,കുന്നത്ത് നാട് | 20,00,000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്.

മൊബിലൈസേഷൻ അഡ്വാൻസായി 2017-18 വർഷത്തിൽ ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

# 4-4 വായ്പ വായ്പതിരിച്ചടവ്

ഇല്ല

# 4-5 സ്ഥിരനിക്ഷേപങ്ങൾ

2017-18 വർഷത്തിലെ വാർഷിക കണക്കുകൾ പ്രകാരമുള്ള സ്ഥിരനിക്ഷേപത്തിന്റെ വിവരം താഴെ കൊടുക്കുന്നു.

| ഇനം | തുക |
|---|---|
| വർഷാരംഭത്തിലുണ്ടായിരുന്ന സ്ഥിര നിക്ഷേപം | 3,03,84,823 |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| തൻവർഷം പലിശയിനത്തിൽ ലഭിച്ച തുക | 33,76,460 |
| ആകെ | 3,37,61,283 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 34,67,064 |
| വർഷാവസാനം അവശേഷിക്കുന്നസ്ഥിര നിക്ഷേപം | 3,02,94,219 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|---|
| 1 | A/c no.0137106000019017 dt 03.01.2016 IDBI Bank Elamkulam Branch | 17,33,532 |
| 2 | A/c no.0137106000014580 dt 03.01.2016 IDBI Bank Elamkulam Branch | 17,33,532 |
| 3 | A/c no.0137106000014599 dt 03.01.2016 IDBI Bank Elamkulam Branch | 17,33,532 |
| 4 | A/c no.0137106000014571dt 03.01.2016 IDBI Bank Elamkulam Branch | 17,33,532 |
| 5 | A/c no.0137106000019035 dt 03.01.2016 IDBI Bank Elamkulam Branch | 17,33,532 |
| 6 | A/c no.0137106000019062 dt 03.01.2016 IDBI Bank Elamkulam Branch | 17,33,532 |
| 7 | A/c no.0137106000010557 dt 17.02.2016 IDBI Bank Elamkulam Branch | 18,08,457 |
| 8 | A/c no.0137106000010566 dt 17.02.2016 IDBI Bank Elamkulam Branch | 18,08,457 |
| 9 | A/c no.0137106000010575 dt 17.02.2016 IDBI Bank Elamkulam Branch | 18,08,457 |
| 10 | A/c no.0137106000010609 dt 17.02.2016 IDBI Bank Elamkulam Branch | 18,08,457 |
| 11 | A/c no.0137106000010584 dt 17.02.2016 IDBI Bank Elamkulam Branch | 18,08,457 |
| 12 | A/c no.0137106000010593dt 17.02.2016 IDBI Bank Elamkulam Branch | 18,08,457 |
| 13 | A/c no.0137106000010618dt 17.02.2016 IDBI Bank Elamkulam Branch | 18,08,457 |
| 14 | A/c no.0137106000010627 dt 17.02.2016 IDBI Bank Elamkulam | 18,08,457 |

| | | |
|---|---|---|
| | Branch | |
| 15 | A/c no.0137106000010636 dt 17.02.2016 IDBI Bank Elamkulam Branch | 18,08,457 |
| 16 | A/c no.0137106000010645 dt 17.02.2016 IDBI Bank Elamkulam Branch | 18,08,457 |
| 17 | A/c no.0137106000010654 dt 17.02.2016 IDBI Bank Elamkulam Branch | 18,08,457 |
| | Total | 3,02,94,219 |

എന്നാൽ വാർഷിക കണക്കിൽ രൂ.30855270/- ഈയിനത്തിൽ നീക്കിയിരുപ്പുണ്ടെന്ന് കാണുന്നു. ആയത് വിശദീകരിക്കേണ്ടതാണ്.

# 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ (രജിസ്റ്റർ പ്രകാരം) ലഭിച്ച രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ / സ്ഥാപനത്തിന്റെ പേര് | രശീത് നമ്പർ / തിയ്യതി |
|---|---|---|---|---|
| ലഭ്യമല്ല | ലഭ്യമല്ല | 2,003 | എക്സിക്യൂട്ടീവ് എഞ്ചിനീയർ-ത.സ്വ.ഭ.വ | 117040100116/ 03.11.17 |
| ,, | ,, | 20,230 | എക്സിക്യൂട്ടീവ് എഞ്ചിനീയർ-ത.സ്വ.ഭ.വ | 117040100138/ 15.12.17 |
| ,, | ,, | 7,281 | എം.ഡി.വർഗീസ്,സെക്രട്ടറി,തുത്താല ഗ്രാമ പഞ്ചായത്ത് | 117040100148/ 05.01.18 |
| ,, | ,, | 3,457 | എക്സിക്യൂട്ടീവ് എഞ്ചിനീയർ-ത.സ്വ.ഭ.വ | 117040100125/ 15.11.17 |
| ആകെ | | 32971 | | |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 28 | 2005-06 | 1 | റോഡ് പുനരുദ്ധാരണം ടാർ വില ഈടാക്കിയില്ല. | മറുപടി സർക്കാരിന് സമർപ്പിച്ചു. |
| 2006-07 | 3-16 | 2011-12 | 2-6 | നിക്ഷേപ പ്രവൃത്തികൾ നടപടിക്രമങ്ങൾ പാലിക്കുന്നില്ല. | മറുപടി സർക്കാരിന് സമർപ്പിച്ചു. |
| 2012-13 പ്രവർത്തനക്ഷമതാ റിപ്പോർട്ട് | | 2012-13 | 3.2.6(1) | ആസ്തി സംരക്ഷണ ത്തിൽ വീഴ്ച | മറുപടി സർക്കാരിന് സമർപ്പിച്ചു. |
| 2012-13 പ്രവർത്തനക്ഷമതാ റിപ്പോർട്ട് | | 2012-13 | 3.2.6(2) | ഫാം കൃഷി ഭൂമികൾ ഫലപ്രദമായി ഉപയോഗിക്കുന്നില്ല. | മറുപടി സർക്കാരിന് സമർപ്പിച്ചു. |
| 2012-13 | | 2012-13 | 3.2.6(3) | കെട്ടിട | മറുപടി |

| | | | | | |
|---|---|---|---|---|---|
| പ്രവർത്തനക്ഷമതാ റിപ്പോർട്ട് | | | | സൗകര്യങ്ങൾ അപര്യാപ്തം | സർക്കാരിന് സമർപ്പിച്ചു. |

# 4-8 ചാർജ് സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം | വാർഷിക റിപ്പോർട്ട് | ഖണ്ഡിക നം | ഉത്തര വാദിയായ ഉദ്യോഗ സ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയത്, (സ്ഥലം, തീയതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാദ്ധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| ഇല്ല | | | | | | | | | | | | |

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം | വാർഷിക റിപ്പോർട്ട് | ഖണ്ഡിക നം | ഉത്തര വാദിയായ ഉദ്യോഗ സ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയത്, (സ്ഥലം, തീയതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാദ്ധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| ഇല്ല | | | | | | | | | | | | |

# 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 105,66,15,776 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 101,03,20,593 |
| വരവിനങ്ങളിലുള്ള നഷ്ടം | 15,81,840 |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 7,11,294 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 13,01,20,416 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

**(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക | ചാർജ് | സർചാർജ് | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|---|

| നമ്പർ | ചെയ്യാവുന്നവ | ചെയ്യാവുന്നവ | ഉദ്യോഗപ്പേരും |
|---|---|---|---|
| 2-3 | 15,81,840 | - | ശ്രീ കെ.കെ.അബ്ദുൾ റഷീദ്,സെക്രട്ടറി |
| 3-4 | - | 5,660 | ശ്രീ കെ.കെ.അബ്ദുൾ റഷീദ്,സെക്രട്ടറി |
| 3-33 | - | 23,245 | ശ്രീമതി ജലജാമണി,എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-34 | | 67,034 | ശ്രീമതി ജലജാമണി,എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| | | 6,376 | ശ്രീമതി ആബിദ ബീഗം,അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-36 | - | 57,544 | ശ്രീമതി ജലജാമണി,എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-37 | - | 6,898 | ശ്രീമതി ആബിദ ബീഗം,അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-38 | - | 24,225 | ശ്രീമതി ജലജാമണി,എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-41 | - | 28,798 | ശ്രീമതി ആബിദ ബീഗം,അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| | | 9,758 | ശ്രീമതി ജലജാമണി,എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-44 | - | 4,73,020 | ശ്രീമതി ആബിദ ബീഗം,അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-45 | - | 8,736 | ശ്രീമതി ആബിദ ബീഗം,അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| ആകെ | 15,81,840 | 7,11,294 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 11,39,044 | ശ്രീമതി എൽ.ഷൈലജ,അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ( കൃഷി ) |
| 3-3 | 50,00,000 | ശ്രീ കെ.കെ.അബ്ദുൾ റഷീദ്,സെക്രട്ടറി |
| 3-6 | 34,11,188 | ശ്രീമതി കെ.കെ.ചാന്ദ്നി,( പ്രൊജക്ട് ഓഫീസർ ഖാദി വില്ലേജ് ആൻഡ് ഇൻഡസ്ട്രീസ്,എറണാകുളം ) |
| 3-7 | 5,85,04,236 | ശ്രീ കെ.ജി തിലകൻ ( പ്രൊജക്ട് ഓഫീസർ ദാരിദ്ര ലഘൂകരണ യൂണിറ്റ് ) |
| 3-8 | 2,98,971 | ശ്രീ കെ.കെ.അബ്ദുൾ റഷീദ്,സെക്രട്ടറി |
| 3-9 | 18,23,051 | ശ്രീ കെ.കെ.അബ്ദുൾ റഷീദ്,സെക്രട്ടറി |
| 3-10 | 29,61,492 | ശ്രീ കെ.ജി തിലകൻ ( പ്രൊജക്ട് ഓഫീസർ ദാരിദ്ര ലഘൂകരണ യൂണിറ്റ് ) |
| 3-11 | 50,00,000 | ശ്രീ കെ.കെ.അബ്ദുൾ റഷീദ്,സെക്രട്ടറി |
| 3-13 | 6,90,030 | ശ്രീ സി.എ.സന്തോഷ് ,ഡപ്യൂട്ടി ഡയറക്ടർ ( പൊതു വിദ്യാഭ്യാസം ) |
| 3-15 | 2,05,87,704 | ശ്രീ കെ.കെ.അബ്ദുൾ റഷീദ്,സെക്രട്ടറി |
| 3-16 | 10,23,447 | ശ്രീ തോമസ് സാമുവൽ ( ഫാം സൂപ്രണ്ട്,ജില്ലാ കൃഷിത്തോട്ടം ) |
| 3-23 | 3,21,216 | ശ്രീമതി എൽ.ഷൈലജ,അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ( കൃഷി ) |

| | | |
|---|---|---|
| 3-24 | 16,89,400 | ശ്രീമതി പ്രീതി വിൽസൺ ( ജില്ലാ സാമൂഹ്യ നീതി ഓഫീസർ ) |
| 3-29 | 12,34,990 | ശ്രീ സി.എ.സന്തോഷ് ,ഡപ്യൂട്ടി ഡയറക്ടർ ( പൊതു വിദ്യാഭ്യാസം ) |
| 3-30 | 11,66,362 | ശ്രീമതി ജലജാമണി,എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-32 | 1,77,90,323 | ശ്രീമതി പ്രീതി വിൽസൺ ( ജില്ലാ സാമൂഹ്യ നീതി ഓഫീസർ ) |
| 3-35 | 31,35,103 | ശ്രീമതി ജലജാമണി,എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-39 | 5,98,500 | ശ്രീമതി ജെ.മായാലക്ഷ്മി ( പ്രോഗ്രാം ഓഫീസർ,ഐ.സി.ഡി.എസ് സെൽ,എറണാകുളം ) |
| 3-42 | 1,08,046 | ശ്രീമതി ആബിദ ബീഗം,അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-43 | 16,98,974 | ശ്രീമതി ജലജാമണി,എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-51 | 19,38,339 | ശ്രീമതി ജലജാമണി,എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| ആകെ | 13,01,20,416 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 22,352 | ശ്രീമതി ആബിദ ബീഗം,അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| ആകെ | 22,352 | |

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ കെ.കെ.അബ്ദുൾ റഷീദ്,സെക്രട്ടറി | ജോയിന്റ് സെക്രട്ടറി, ഫിനാൻസ് വകുപ്പ്, സെക്രട്ടറിയേറ്റ് , തിരുവനന്തപുരം | കോട്ടത്തറ വിട്, പാനായിക്കുളം ,ആലങ്ങാട് -685517 |
| ശ്രീമതി ജലജാമണി, എക്സിക്യൂട്ടീവ് എഞ്ചിനീയർ | എക്സിക്യൂട്ടീവ് എഞ്ചിനീയർ, പ്ലാൻ ഇംപ്ലിമെന്റേഷൻ യൂണിറ്റ് (PMGSY),കാക്കനാട്, എറണാകുളം | സൗപർണിക വീട്, പെരിങ്ങഴ , എച്ച്.എം.ടി കോളനി പി ഓ, കളമശ്ശേരി |
| ശ്രീമതി ആബിദ ബീഗം, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാ പഞ്ചായത്ത്, എറണാകുളം | ശ്രീമതി. ആബിദ ബീഗം, പറക്കവെട്ടി, ഡാറുൽ സലാം, ഫാത്തിമപുരം |

| | | |
|---|---|---|
| | | (പി.ഒ),ചങ്ങനാശ്ശേരി, 686102 |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെഎണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.ഇ.(സി 1) 310/05തീ. 5.12.2005 | 19 |
| 1997-98 | എൽ.എഫ്.ഇ.(സി 1) 458/03,തീ.04.10.06 | 96 |
| 1998-99 | എൽ.എഫ്.ഇ.(സി 1) 396/10,തീ.10.05.10 | 83 |
| 1999-00 | എൽ.എഫ്.ഇ.(സി 1) 162/05,തീ.02.11.06 | 43 |
| 2000-01 | എൽ.എഫ്.ഇ.(സി 1) 1308(2)/07 /30.1.08 | 32 |
| 2001-02 | എൽ.എഫ്.ഇ.(സി 1) 725(1)/06 / 5.2.2008 | 14 |
| 2002-03 | എൽ.എഫ്.ഇ.(സി 1) 736/09 / 10.03.2010 | 31 |
| 2003-04 | എൽ.എഫ്.ഇ. (സി 1)353(1) /09 / 08.04.09 | 23 |
| 2004-05 | എൽ.എഫ്.ഇ.(സി 1) 1642/10,തീ.19.06.12 | 27 |
| 2005-06 | എൽ.എഫ്.ഇ.(സി 1) 1202/12 /10.07.12 | 21 |
| 2006-07 | എൽ.എഫ്.ഇ.(സി1) 442/10 , തീ.21.01.15 | 68 |
| 2007-08 | എൽ.എഫ്.ഇ.(സി 1)1659/10 /12.02.15 | 20 |
| 2008-09 | എൽ.എഫ്.ഇ.(ഇ4)122/12 ,തീ. 01.06.15 | 33 |
| 2009-10 | എൽ.എഫ്.ഇ.(ഡി.പി )1137/14/ 19.2.2015 | 30 |
| 2010-11 | എൽ.എഫ്.ഇ.(ഇ4)1059/13 ,തീ. 18.02.15 | 32 |
| 2011-12 | എൽ.എഫ്.19426/ സ്പെഷ്യൽ സെൽ / തീ.07.07.2015 | 34 |
| 2012-13 | എൽ.എഫ്.ഇ.(എം2) 207/14 ,തീ. 03.12.14 | 17 |
| 2013-14 | KSAEKM (ബി.പി3) 2134/15,തീ.02.04.16 | 30 |
| 2014-15 | KSAEKM (ബി.പി)457/17 | 29 |
| 2015-16 | KSAEKM (ബി.പി)/17/ 31.5.17 | 40 |
| 2016-17 | KSAEKM (ഡി.പി)/2204/17/ 23.12.17 | 41 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് ഓഫീസ്,എറണാകുളം

# അനുബന്ധം - 1 ഓഡിറ്റ് സാക്ഷ്യപത്രം

നം.കെഎസ്എ-ഇകെഎം(ഡി.പി)351/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട്-68203
ഫോൺ : 0484 2422271
ഇ മെയിൽ : doekm.ksad@kerala.gov.in

**തീയതി : 29.03.2019**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ,വകുപ്പ് 4, 1994 -ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(6), 2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 -ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും **എറണാകുളം ജില്ലാപഞ്ചായത്തിന്റെ** 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

**ജോയിന്റ് ഡയറക്ടർ**

2017-18സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായും അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

**ജോയിന്റ് ഡയറക്ടർ**